യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 9 | സെപ്റ്റംബർ 2018 | വില 15 രൂപ



## കഷ്ടതകൾക്കു നടുവിലെ ദൈവിക കരുതൽ

## ധ്യാനചിന്തകൾ: കൊച്ച് വലിയ കാര്യം

JEEVAMOZHIKAL
# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 16 സെപ്റ്റംബർ 2018 ലക്കം 9

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |


എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:
**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| അടിമാലി | 9446556890 |
| ത്യശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്ത്*

## വിശുദ്ധജീവിതം ഒരു യാദൃച്ഛികതയല്ല



സത്യസന്ധനും വിശ്വസ്തനുമായ ഒരു ക്രിസ്താനിയെ സംബന്ധിച്ചിടത്തോളം വിശുദ്ധജീവിതം ഒരു യാദൃച്ഛികതയല്ല. അവന്റെ ഏറ്റവും വലിയ താല്പര്യം വിശുദ്ധജീവിതത്തിലായിരിക്കും. ഒരു പടയാളിയുടെ മുഖ്യ ലക്ഷ്യം പടക്കളവും യുദ്ധവും ആയിരിക്കുന്നതു പോലെ ഒരു യഥാർത്ഥ ക്രിസ്താനിയുടെ മുഖ്യ പരിഗണന ക്രിസ്തുവിനെപ്പോലെയാകുക എന്ന കാര്യത്തിലാണ്.

**ജോനാഥാൻ എഡ്വേർഡ്സ്**

## സഹകരിച്ച് ഭാരം ചുമക്കുക




*തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ. (ഗലാത്യർ 6:2)*

എഡിറ്റോറിയൽ

# കഷ്ടതയിലും പാടുവാൻ



**തോ**രാമഴയുടെയും വെള്ളപ്പൊക്കക്കെടുതികളുടെയും ദുരിതദിവസങ്ങളിലൂടെയാണു കേരളം കഴിഞ്ഞമാസം കടന്നുപോയത്. ആറുകൾ കരകവിഞ്ഞു. അണക്കെട്ടുകൾ തുറന്നുവിട്ടു. വീടുകളിൽ വെള്ളം കയറി.

'ഇരെച്ചു കലങ്ങിയ വെള്ളം' കോരഹ് പുത്രന്മാരുടെ സങ്കീർത്തനത്തെയാണ് ഓർമിപ്പിച്ചത്. 46-ാം സങ്കീർത്തനത്തിൽ പ്രകൃതിക്ഷോഭത്തിന്റെ ഭയപ്പെടുത്തുന്ന ഒരു ചിത്രമാണ് കോരഹ് പുത്രന്മാർ വരച്ചിട്ടിരിക്കുന്നത്. അതിങ്ങനെ: 'അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരെച്ചുകലങ്ങിയാലും അതിന്റെ കോപം കൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല.'(46:2,3).

'ഭയപ്പെടുകയില്ല' എന്നാണു വാക്യം അവസാനിക്കുന്നതെങ്കിലും അതിനുമുകളിൽ കോറിയിട്ടിരിക്കുന്ന ദൃശ്യം എത്ര ഭീകരമാണ്! 'പർവ്വതങ്ങൾ കുലുങ്ങുന്നു. അവ കുലുങ്ങി സമുദ്രമധ്യത്തിൽ പതിക്കുന്നു. അതിന്റെ ആഘാതംമൂലം സമുദ്രത്തിലെ വെള്ളം ഇരെച്ചു കലങ്ങുന്നു. ഈ ഇരെച്ചു കലങ്ങുന്ന വെള്ളത്തിന്റെ ക്ഷോഭം വീണ്ടും പർവ്വതങ്ങളെ കുലുക്കുന്നു!' എത്ര ഭയാനകം!

ഇവിടെ ശ്രദ്ധിച്ചോ? ആദ്യം പർവ്വതങ്ങൾ കുലുങ്ങുകയാണ്. തുടർന്ന് അവ സമുദ്രത്തിൽ വീഴുന്നു. ഇതിന്റെ ഫലമായി സമുദ്രത്തിലെ ജലം ഇരെച്ചുകലങ്ങുന്നു. ഈ ഇരെച്ചു കലങ്ങുന്ന വെള്ളം വീണ്ടും പർവ്വതങ്ങളെ കുലുക്കുകയാണ്. ഇങ്ങനെ വീണ്ടും മറ്റു പർവ്വതങ്ങൾ കുലുങ്ങിയാൽ എന്തു സംഭവിക്കും? അവയും സമുദ്രത്തിൽ വീഴുകയും വെള്ളം ഇരെച്ചു കലങ്ങാൻ ഇടയാകുകയും ചെയ്യും. ഇങ്ങനെ ഇരെച്ചു കലങ്ങുന്ന വെള്ളം വീണ്ടും പർവ്വതങ്ങളെ കുലുക്കും... ദുരന്തങ്ങൾ ഒരു ചക്രം പോലെ ആവർത്തിച്ചുവരികയാണ്. അവ അവസാനിക്കുന്നില്ല. ദുരിതം തുടരുകയാണ്....

ഇവ മാത്രമല്ല. മറ്റൊരു വലിയൊരു അത്യാഹിതത്തെക്കുറിച്ചും കോരഹ് പുത്രന്മാർ പറയുന്നുണ്ട്—'ഭൂമി മാറിപ്പോകുക.' ചവിട്ടിനില്ക്കുന്ന ഈ ഭൂമി പെടുന്നനെ കാൽക്കീഴിൽനിന്നു മാറിപ്പോകുക! എന്തൊരു വലിയ അനർത്ഥമാണത്! ഓർക്കണം: ഈ സങ്കീർത്തനം കോരഹ് പുത്രന്മാരുടേതാണ്. അവർ കണ്ടിട്ടുള്ള ഏറ്റവും ഭയാനകമായ ദൃശ്യം ഭൂമി വായ്പിളർന്ന് ആളുകളെ വിഴുങ്ങുന്നതാണ് (സംഖ്യാ.16:31-34; 26:10,11 ഭാഗങ്ങൾ വായിക്കുക). സ്വന്തം മാതാപിതാക്കളും ബന്ധുക്കളും ഭൂമിക്കുള്ളിലേക്കു ജീവനോടെ കുഴിച്ചുമൂടപ്പെടുന്നതു നേരിൽകണ്ടതിന്റെ നടുക്കം കോരഹ് പുത്രന്മാരെ ജീവിതകാലം മുഴുൻ വേട്ടയാടിയിട്ടുണ്ടാകും. ഭൂമി വായ്പിളർന്നു വിഴുങ്ങിയവരുടെ നിലവിളിയുടെ ഒച്ച ഓർമയിൽ പ്രതിധ്വനിച്ച് എത്രയോ വട്ടം കോരഹ് പുത്രന്മാർ ഉറക്കത്തിൽ നിന്നു ഞെട്ടി എഴുന്നേറ്റിട്ടുണ്ടാവാം! അതുകൊണ്ടുതന്നെ ഏറ്റവും ഭയാനകമായ ഒരു ദുരന്തത്തെ സങ്കല്പിക്കേണ്ടിവന്നപ്പോൾ അവർ അതിനെ ഒരു കൊച്ചു പ്രയോഗത്തിൽ സംക്ഷേപിച്ചു—'ഭൂമി മാറിപ്പോയാലും.'

അതെ, ഭൂമി മാറിപ്പോകാം. പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യത്തിൽ വീണ് വെള്ളം ഇരച്ചുകലങ്ങി വീണ്ടും പർവ്വതങ്ങൾ കുലുങ്ങാം. ദുരന്തം ഒരു വിഷമവൃത്തം (vicious circle) പോലെ തുടർച്ചയായി നമ്മെ വേട്ടയാടാം. പക്ഷേ അതിന്റെ മദ്ധ്യത്തിൽ ഇതാ സാന്ത്വനത്തിന്റെ കുളിരല പോലെ ഒരു വാക്യം: ഒരു 'നദിയുണ്ട്. അതിന്റെ തോടുകൾ ദൈവനഗരത്തെ അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ സന്തോഷിപ്പിക്കുന്നു' (46:4).

46-ാം സങ്കീർത്തനത്തിന്റെ മൂന്നും നാലും വാക്യങ്ങൾക്കിടയിൽ പഴയ മലയാളം ബൈബിളിൽ വിട്ടുപോയ ഒരു വാക്കുണ്ട്– 'സേല'. ഏഴാമത്തെ വാക്യം, 11-ാമത്തെ വാക്യം എന്നിവ തീരുമ്പോൾ കാണുന്ന 'സേല' വാസ്തവത്തിൽ മൂന്നാമത്തെ വാക്യത്തിന്റെ അവസാനത്തിലും ഉണ്ട്. (ഇംഗ്ലീഷ് ബൈബിൾ കാണുക). എന്താണിത് അർത്ഥമാക്കുന്നത്? സേല, ആ കീർത്തനാലാപനത്തിനിടയിലെ ഒരു നിർത്താണ് (Pause). അതു കഴിയുമ്പോൾ ഗാനത്തിന്റെ രാഗം ഒന്നു മാറി വീഴുകയാണ്. രണ്ടും മൂന്നും വാക്യങ്ങളിലെ ദുരന്തങ്ങളുടെയും പ്രകൃതിക്ഷോഭത്തിന്റെയും വർണനകൾ ഉച്ചസ്ഥായിയിൽ ചടുലമായ താളത്തിൽ പാടുന്ന യെഹൂദാ ഗായകർ 'അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നെ സന്തോഷിപ്പിക്കുന്ന ഒരു നദി'യെക്കുറിച്ചു പാടുന്നതിനു മുൻപ് ഒരു മാത്ര നിർത്തുന്നു. ഒരു നിശ്ശബ്ദനിമിഷം. തുടർന്നു ശ്രുതിഗംഭീരമായ ഒരു ഈണത്തിലേക്കും സൗമ്യമധുരമായ ഒരു താളത്തിലേക്കും ഗാനത്തിന്റെ ഗതി മാറുകയാണ്. ഇതാണു 'സേല' നൽകുന്ന സൂചന. ചുരുക്കത്തിൽ ഇത് അർത്ഥമാക്കുന്നതെന്താണ്? മൂന്നാം വാക്യത്തിൽ കാണുന്ന 'ഇരെച്ചു കലങ്ങുന്ന വെള്ള'ത്തിന്റെ തുടർച്ചയും ഭാഗവുമല്ല തൊട്ടടുത്ത വാക്യത്തിൽ കാണുന്ന 'നദിയും അതിന്റെ തോടുകളും.' ഇതു വ്യത്യസ്തമായ വെള്ളമാണ്. ഇതു സന്തോഷത്തിന്റെ നദിയാണ്. ഇതു ജീവജലത്തിന്റെ പ്രവാഹമാണ്. കഷ്ടതയുടെ നടുവിലും ഉള്ളിൽ ചൈതന്യം പകരുന്ന ദൈവസാന്നിധ്യത്തിന്റെ നിറവാണിത്.

കഷ്ടങ്ങളുടെ നടുവിലും ഉള്ള ധൈര്യവും സമാധാനവും സന്തോഷവുമാണല്ലോ ദൈവസാന്നിധ്യം ഉറപ്പു നൽകുന്നത്. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' (യോഹ. 16:33). തന്നിൽ വിശ്വസിക്കുന്നവർക്കു ലോകത്തിൽ കഷ്ടമില്ലെന്നല്ല യേശു പറഞ്ഞത്. മറിച്ച് തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ അവിടുന്നു പറഞ്ഞു: 'ഈ ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്.' മാത്രമല്ല അവിടുന്നു പറഞ്ഞത് നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനാണു ഞാൻ ഇതു സംസാരിക്കുന്നതെന്നാണ്!

ഇതൊരു വൈരുദ്ധ്യംപോലെ തോന്നുന്നില്ലേ? കഷ്ടം ഉണ്ടെന്നു പറഞ്ഞാൽ സമാധാനം ഉണ്ടാകുന്നതെങ്ങനെ? എന്നിൽ വിശ്വസിക്കുന്നവർക്ക് ഒരു കഷ്ടവും ഇല്ലെന്നു പറയുമ്പോഴല്ലേ സമാധാനം ഉണ്ടാകൂ? എന്താണിതിന്റെ പൊരുൾ? അത് ഇങ്ങനെ വിശദീകരിക്കാം:
നമുക്കു കർത്താവിൽ ('എന്നിൽ') ഉള്ള

*(ശേഷം പേജ് 40 ൽ)*

സന്ദേശം

# കഷ്ടതകൾക്കു നടുവിലെ ദൈവിക കരുതൽ

നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്ന എല്ലാ കാര്യങ്ങളിലും അവിടുത്തേക്കു വളരെ മഹത്വകരമായ ഒരു ഉദ്ദേശ്യമുണ്ട് എന്നു നാം കാണുമ്പോൾ ജീവിതം അത്ഭുതകരമായിത്തീരുന്നു. നമ്മുടെ പ്രാർത്ഥനകൾക്ക്'ഇല്ല' എന്ന് അവിടുന്നു മറുപടി തരുമ്പോൾപോലും പരിപൂർണ്ണ സ്നേഹം നിറഞ്ഞ ഒരു ഹൃദയത്തിൽനിന്നുള്ള മറുപടിയത്രേ അത്.

മരുഭൂമിയിൽ യിസ്രായേല്യരെ കടിക്കുന്നതിന് അഗ്നിസർപ്പങ്ങളെ ദൈവം അയച്ചത് സ്നേഹത്തിൽ നിന്നായിരുന്നുവോ?(സംഖ്യാ.21:6). തീർച്ചയായും ആയിരുന്നു. അവരെ അനുഗ്രഹിക്കത്തക്കവണ്ണം അവർ മാനസാന്തരപ്പെട്ടു തങ്കലേക്കു മടങ്ങിവരുവാനായി ദൈവം ഉപയോഗിച്ച ഒരു മാർഗ്ഗമായിരുന്നു അത്. അവരെ



*തിരക്കുള്ള ബസ്സുകളിലോ ട്രെയിനിലോ വച്ചു പോക്കറ്റടി മൂലം പണം നഷ്ടപ്പെട്ട അനുഭവം നമ്മിൽ പലർക്കും ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ടാണ് ചിലപ്പോൾ ദൈവം അത് അനുവദിക്കുന്നത്?*

**നിത്യതയിൽ നാം വീണ്ടെടുക്കപ്പെട്ടവരെ കണ്ടുമുട്ടുകയും അവരുടെ കഥകൾ കേൾക്കുകയും ചെയ്യുമ്പോൾ, ദൈവം ജനത്തെ പാപങ്ങളിൽനിന്നു തിരിച്ചു തന്റെ മക്കളാക്കുവാൻ വേണ്ടി എപ്രകാരം സർപ്പദംശനം, സാമ്പത്തിക നഷ്ടം, ക്യാൻസർ മുതലായ കാരണങ്ങളെ ഉപയോഗിച്ചുവെന്നു കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കും. ദൈവിക സ്വഭാവത്തിന്റെ പങ്കുകാരായി തന്റെ മക്കൾ തീരേണ്ടതിന് അവരുടെ ശുദ്ധീകരണത്തിനുവേണ്ടി കഷ്ടതകളെ ദൈവം എങ്ങനെ ഉപയോഗപ്പെടുത്തി എന്നതും നാം കേൾക്കും.**

അനുഗ്രഹിക്കുവാൻ അവിടുന്ന് ആഗ്രഹിച്ചിരുന്നുവെങ്കിലും, അവർ മാനസാന്തരപ്പെടുന്നതുവരെയും അങ്ങനെ ചെയ്യുവാൻ അവിടുത്തേക്കു സാധ്യമായിരുന്നില്ല.

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല, നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്"(യിരെ. 29:11)

രോഗങ്ങൾ, വ്യാധികൾ എന്നിവയാലും വിഷപ്പാമ്പുകളാലും മറ്റും ഈ ലോകജീവിതം അസുഖകരമായിരിക്കുവാൻ ദൈവം അനുവദിച്ചിരിക്കുന്നതിന്റെ ഒരു കാരണം, തന്റെ അനുഗ്രഹം പ്രാപിക്കുമാറ് മനുഷ്യർ തങ്ങളുടെ കഷ്ടതകളിൽ ദൈവത്തിങ്കലേക്കു തിരിയണം എന്നതാണ്. അതുകൊണ്ടു സാത്താൻ മൂലമുണ്ടാകുന്ന തിന്മകൾ പോലും ദൈവം തന്റെ ഉദ്ദേശ്യനിവൃത്തിക്കായി ഉപയോഗിക്കുന്നുവെന്നു നമുക്കു കാണാൻ സാധിക്കും. നിത്യതയിൽ നാം വീണ്ടെടുക്കപ്പെട്ടവരെ കണ്ടുമുട്ടുകയും അവരുടെ കഥകൾ കേൾക്കുകയും ചെയ്യുമ്പോൾ, ദൈവം ജനത്തെ പാപങ്ങളിൽനിന്നു തിരിച്ചു തന്റെ മക്കളാക്കുവാൻ വേണ്ടി എപ്രകാരം സർപ്പദംശനം, സാമ്പത്തിക നഷ്ടം, ക്യാൻസർ മുതലായ കാരണങ്ങളെ ഉപയോഗിച്ചുവെന്നു കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കും. ദൈവിക സ്വഭാവത്തിന്റെ പങ്കുകാരായി തന്റെ മക്കൾ തീരേണ്ടതിന് അവരുടെ ശുദ്ധീകരണത്തിനു വേണ്ടി കഷ്ടതകളെ ദൈവം എങ്ങനെ ഉപയോഗപ്പെടുത്തി എന്നതും നാം കേൾക്കും.

ഈ ഭൂമിയിൽ ആയിരുന്നപ്പോൾ നമുക്കു മനസ്സിലാക്കുവാൻ കഴിയാതിരുന്ന പല കാര്യങ്ങൾക്കായും അന്നു നാം ദൈവത്തിനോടു വളരെ നന്ദിയുള്ളവരായിരിക്കും. എന്നാൽ വിശ്വാസമുള്ള മനുഷ്യന് ആ ദിവസം വരെയും കാത്തിരിക്കേണ്ട കാര്യമില്ല. അവൻ ദൈവത്തിന്റെ പരിജ്ഞാനത്തിലും സ്നേഹത്തിലും ഇപ്പോൾ തന്നെ വിശ്വസിക്കുന്നതുകൊണ്ട് എല്ലാറ്റിനുവേണ്ടിയും ദൈവത്തെ സ്തുതിപ്പാൻ ആരംഭിച്ചിരിക്കുന്നു.

നമ്മുടെ ജീവിതത്തിൽ ദൈവം വരുത്തുന്ന എല്ലാ അനുഭവങ്ങളുടെയും ആത്യന്തിക ലക്ഷ്യം നാം ദൈവസ്വഭാവത്തിൽ പങ്കുകാരായിത്തീരണം എന്നതാണ്. സകലവും

നമ്മുടെ നന്മയ്ക്കായി ദൈവം കൂടി വ്യാപരിപ്പിക്കുന്നു. ഈ നന്മയാകട്ടെ, നാം തന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരായിത്തീരുക എന്നതാണ്(റോമർ 8:28,29).

എന്തുകൊണ്ടാണ് ചിലപ്പോൾ യാദൃച്ഛികമായി നമ്മുടെ പണം നഷ്ടപ്പെടുന്നതിനോ, അഥവാ നിർദ്ദയരായ ആളുകളാൽ നാം വഞ്ചിതരാകുന്നതിനോ ദൈവം അനുവദിക്കുന്നത്? തിരക്കുള്ള ബസ്സുകളിലോ ട്രെയിനിലോ വച്ചു പോക്കറ്റടി മൂലം പണം നഷ്ടപ്പെട്ട അനുഭവം നമ്മിൽ പലർക്കും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ ആ കള്ളനോ വഞ്ചകനോ വേണ്ടി പ്രാർത്ഥിക്കുവാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. എന്നാൽ അതിലുപരിയായി പണത്തോടും വസ്തുവകകളോടുമുള്ള അമിതമായ ആഗ്രഹത്തിൽനിന്നു നമ്മെ വേർപ്പെടുത്തണമെന്നു ദൈവം ആഗ്രഹിക്കുന്നു. പണസംബന്ധമായി വളരെയേറെ കണക്കുകൂട്ടുന്ന സ്വഭാവക്കാരായി നാം തീരണമെന്നു ദൈവം ഇച്ഛിക്കുന്നില്ല. അങ്ങനെയെങ്കിൽ നാം നമുക്കു നഷ്ടമാകുന്ന ഓരോ രൂപയെയും ചൊല്ലി അത്യധികം ദുഃഖിക്കുന്നവരും നമുക്കു ലാഭം വരുന്ന ഓരോ രൂപയെയും ചൊല്ലി അത്യധികം ആനന്ദിക്കുന്നവരുമായിത്തീർന്നുപോകും. നമ്മുടെ സന്തോഷം ദൈവത്തിൽ മാത്രം അധിഷ്ഠിതമായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഈ സന്തോഷമാകട്ടെ, ഭൗതികമായ എന്തെങ്കിലും ലാഭം കൊണ്ടു വർദ്ധിക്കുകയോ, ഭൗതികമായ എന്തെങ്കിലും നഷ്ടംകൊണ്ടു കുറയുകയോ ചെയ്യുന്നില്ല.

ആ വിധമുള്ള ഒരു ജീവിതമാണ് യേശു ഭൂമിയിൽ നയിച്ചത്. അവിടുന്നു നടന്നതുപോലെ നടക്കുവാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. ''ക്രിസ്തുയേശുവിലുള്ള ഭാവം(മനസ്സ്)തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി. 2:5)എന്നു വേദപുസ്തകം പറയുന്നു. തന്റെ ശുശ്രൂഷയോടുള്ള നന്ദികൊണ്ട് ആരെങ്കിലും പതിനായിരം രൂപ യേശുവിനു പാരിതോഷികം നൽകിയിരുന്നുവെങ്കിൽ, അത് യേശുവിന്റെ സന്തോഷത്തെ അശേഷംപോലും വർദ്ധിപ്പിക്കുമായിരുന്നില്ല. കാരണം, അവിടുത്തെ സന്തോഷം മുമ്പേ തന്നെ നിറഞ്ഞതും നിറഞ്ഞുകവിയുന്നതും ആയിരുന്നു. തന്റെ പിതാവിൽ യേശു അതു കണ്ടെത്തി. എന്നാൽ അതേ സമയം തന്നെ, ഭൗതികമായ ഒരു നഷ്ടം നിമിത്തം യേശുവിന്റെ സന്തോഷം കുറയാനും സാധ്യതയില്ലായിരുന്നു. യേശുവിനുദാനമായി ലഭിച്ച പണത്തിന്റെ നല്ലൊരു പങ്ക് യൂദാ ഈസ്കര്യോത്താവ് മോഷ്ടിച്ചെടുക്കുക പതിവായിരുന്നു. യേശുവിന് ഈ കാര്യം അറിവുണ്ടായിരുന്നു. ഇതു സംബന്ധിച്ച് കർത്താവിന് യൂദായോടു സഹതാപം തോന്നിയിരിക്കുമെങ്കിലും ഒരിക്കലും പണനഷ്ടത്തെ സംബന്ധിച്ച് അവിടുന്ന് അസ്വസ്ഥനായിരുന്നില്ല.

എന്നാൽ ഇന്നത്തെ അനേകം പ്രസംഗകരുടെയും രോഗശാന്തി വരക്കാരുടെയും സ്ഥിതി എത്ര വ്യത്യാസമാണ്! ദൈവജനം നൽകുന്ന ഔദാര്യദാനങ്ങളോടുള്ള അവരുടെ മനോഭാവം എത്ര വിഭിന്നം! അതിരിക്കട്ടെ. പ്രസംഗകരുടെയും രോഗശാന്തിക്കാരുടെയും കാര്യം നമുക്കു തൽക്കാലം വിടാം. നിങ്ങളുടെ

**നിങ്ങളുടെ ചുറ്റുമുള്ള മിക്ക വിശ്വാസികളുടെയും പോലെ പരാജയമടഞ്ഞതും തരംതാണതുമായ ഒരു ജീവിതം നയിക്കുന്നതിൽ നിങ്ങൾ സംതൃപ്തനാണെങ്കിൽ അങ്ങനെ ആയിരിപ്പാൻ ദൈവം നിങ്ങളെ അനുവദിക്കും. എന്നാൽ നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ അത്യുത്തമ ഹിതത്തിനുവേണ്ടി നിങ്ങൾ വാഞ്ഛിക്കുന്നുവെങ്കിൽ വളരെ കർശനമായിത്തന്നെ അവിടുന്നു നിങ്ങളോട് ഇടപെടും.**

അവസ്ഥ എന്താണ്? ഭൗതിക വസ്തുക്കൾക്കു നിങ്ങളുടെ സന്തോഷം കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ കഴിയുമോ? അങ്ങനെ എങ്കിൽ നിശ്ചയമായും നിങ്ങൾ ഭയത്തോടും വിറയലോടും കൂടെ ഈ മനോഭാവത്തിൽ നിന്നുള്ള രക്ഷയ്ക്കായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു; നിങ്ങളെ തന്നെ വിധിക്കേണ്ടിയിരിക്കുന്നു.

യേശുവിന്റെ ജീവനിൽ പങ്കുകാരനാകുവാൻ വാസ്തവമായും നിങ്ങൾ അതീവ തൽപരനാണെങ്കിൽ നിങ്ങളുടെ വിടുതലിനുവേണ്ടി അനേകം കാര്യങ്ങൾ നിങ്ങൾക്കു സംഭവിപ്പാൻ ദൈവം അനുവദിക്കും. ഭൗതിക വസ്തുക്കളോടുള്ള സ്നേഹത്തിൽനിന്നും, മനുഷ്യരുടെ ബഹുമാനം അന്വേഷിക്കുന്നതിൽ നിന്നും, സ്വയം സഹതപിക്കുന്നതിൽനിന്നും അക്രൈസ്തവമായ മറ്റുപല മനോഭാവങ്ങളിൽ നിന്നും അങ്ങനെ ദൈവം നിങ്ങളെ വിടുവിക്കും. കർത്താവ് ആവശ്യപ്പെടുന്ന പാതയിലൂടെ പോകുവാൻ നിങ്ങൾക്ക് ഇഷ്ടമില്ല എങ്കിൽ അവിടുന്നു നിങ്ങളെ നിർബന്ധിക്കയില്ല. നിങ്ങളുടെ ചുറ്റുമുള്ള മിക്കവിശ്വാസികളുടെയും പോലെ പരാജയമടഞ്ഞതും തരംതാണതുമായ ഒരു ജീവിതം നയിക്കുന്നതിൽ നിങ്ങൾ സംതൃപ്തനാണെങ്കിൽ അങ്ങനെ ആയിരിപ്പാൻ ദൈവം നിങ്ങളെ അനുവദിക്കും. എന്നാൽ നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ അത്യുത്തമ ഹിതത്തിനുവേണ്ടി നിങ്ങൾ വാഞ്ഛിക്കുന്നുവെങ്കിൽ വളരെ കർശനമായിത്തന്നെ അവിടുന്നു നിങ്ങളോട് ഇടപെടും. നിങ്ങളെ കാർന്നുതിന്നുന്ന അർബുദകോശങ്ങളെ ചെത്തിനീക്കേണ്ടതിനും, നിങ്ങളെ ദുഷിപ്പിക്കുന്ന വിഗ്രഹങ്ങളെ നശിപ്പിക്കേണ്ടതിനുമത്രേ ഇപ്രകാരം അവിടുന്ന് ഇടപെടുന്നത്. വേദന,നിരാശ,നഷ്ടം,മോഹഭംഗം,പരിഹാസം,അന്യായമായ വിമർശനം ഇവയെല്ലാം നിങ്ങൾ സഹിക്കുന്നതിനു ചിലപ്പോൾ ദൈവം അനുവദിക്കും. ഒരിക്കലും ഇളകിപ്പോകാതെ നിങ്ങൾ ഉറച്ചുനിൽക്കേണ്ടതിനാണ് അവിടുന്ന് ഇങ്ങനെ ചെയ്യുന്നത്. അങ്ങനെ നിങ്ങൾ ഉറച്ചു കഴിഞ്ഞാൽ, സമ്പത്തോ ദാരിദ്ര്യമോ, വിമർശനമോ പ്രശംസയോ, മാനമോ അപമാനമോ എല്ലാം ഒരുപോലെ കാണുവാൻ നിങ്ങൾക്കു കഴിവുണ്ടാകും. ലോകത്തിലുള്ള എല്ലാ കാര്യങ്ങളെയും സംബന്ധിച്ചു ക്രിസ്തുവിന്റെ മരണംനിങ്ങൾ വരിക്കുമ്പോൾ യേശുവിന്റെ ജീവൻ നിങ്ങളിൽ വ്യാപരിക്കുക മൂലം ജയാളിയായ ഒരു രാജാവിനെപ്പോലെ നിങ്ങൾ ജീവിക്കുകയും ചെയ്യും(2 കൊരി. 4:10)

ക്രിസ്തുവിലുള്ള സമൃദ്ധിയായ

ജീവങ്കലേക്കുള്ള ഈ വഴി ചുരുക്കം പേർ മാത്രമേ കണ്ടെത്തുന്നുള്ളു. കാരണം, അതിനുള്ള വിലകൊടുക്കുവാൻ തയ്യാറുള്ളവർ ഏറെയില്ല. നാം നമുക്കുതന്നെ മരിച്ചവരായിത്തീരുക എന്നതാണ് അതിനു കൊടുക്കേണ്ട വില. അപ്രകാരം നാം മരിക്കുന്നില്ല എങ്കിൽ ഒരുക്കലും വിശ്വാസത്താൽ ജീവിക്കാൻ സാധ്യമല്ല. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുവാൻ നാം തയാറാകുന്നില്ലെങ്കിൽ, ദൈവത്തിന്റെ സമ്പൂർണ്ണ സ്നേഹത്തെ സംബന്ധിച്ചിട്ടുള്ള നമ്മുടെ എല്ലാ അറിവും കേവലം സിദ്ധാന്തപരം മാത്രമായിരുക്കും. ഈ ലോകത്തിലെ വസ്തുവകകളെല്ലാം നാം ഉപേക്ഷിക്കുന്നില്ലെങ്കിൽ നമുക്കു യേശുവിന്റെ ശിഷ്യന്മാരായിരിപ്പാൻ കഴിയുന്നതല്ല(ലൂക്കോ. 14:33)

യോഹ. 17:23-ൽ യേശു പ്രാർത്ഥിച്ച പ്രാർത്ഥന ലോകത്തിനു വേണ്ടിയോ അല്ലെങ്കിൽ ജഡിക ക്രിസ്ത്യനികൾക്കു വേണ്ടിയോ ഉള്ളതല്ല. സകലവും വിട്ടു തന്നെ അനുഗമിച്ച തന്റെ പതിനൊന്നു ശിഷ്യന്മാക്കുവേണ്ടിയായിരുന്നു യേശു അപ്രകാരം പ്രാർത്ഥിച്ചത്. ജഡിക ക്രിസ്ത്യാനികൾക്കോ മറ്റു ലോകമനുഷ്യർക്കോ ഒരിക്കലും കണ്ടെത്തുവാൻ കഴിയാത്ത വിധത്തിലുള്ള ഒരു സുരക്ഷിതത്വം പിതാവിന്റെ സ്നേഹത്തിൽ കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞിരുന്നു.

ഒരു ക്രിസ്ത്യാനി എന്തുകൊണ്ടാണ് ജഡികനായിരിക്കുവാൻ ഇടയാകുന്നത്? സാത്താന്റെ വഞ്ചനയല്ലേ അതിനു കാരണം? ദൈവത്തിനു പൂർണ്ണമായും കീഴടങ്ങുന്നില്ലെങ്കിൽത്തന്നെയും സന്തോഷമുള്ളവനായിരിപ്പാൻ കഴിയുമെന്ന് സാത്താൻ അവനെ വിശ്വസിപ്പിക്കുന്നു. അങ്ങനെയാകുമ്പോൾ രണ്ടു ലോകങ്ങളിലെയും സുഖം അനുഭവിക്കാമല്ലോ എന്നും അവൻ ചിന്തിക്കുന്നു. എന്നാൽ ഇതു തികഞ്ഞ ഒരു വഞ്ചനയാണ്. നാം ദൈവത്തിന്റെ സമ്പൂർണ്ണ സ്നേഹത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ സന്തോഷത്തോടെ സകലവും നിരുപാധികം ദൈവത്തിനു കീഴ്പ്പെടുത്തിക്കൊടുക്കും. അപ്പോൾ നാം എല്ലാ ചിന്താകുലങ്ങളിൽ നിന്നും പൂർണ്ണമായും വിടുതൽ നേടും(ഫിലി. 4:6,7). കൊടുങ്കാറ്റിൽപ്പെട്ടു തങ്ങളുടെ കപ്പൽ ഇടയ്ക്കു വച്ചു മുങ്ങിപ്പോകുമോ എന്നു ജഡിക ക്രിസ്ത്യാനികൾ എല്ലായ്പ്പോഴും ഉത്കണ്ഠയോടിരിക്കുന്നു. എന്നാൽ യേശുവിനു കൊടുങ്കാറ്റിന്റെമധ്യത്തിലും സുഖമായി ഉറങ്ങുവാൻ കഴിഞ്ഞു. കാരണം, അവിടുന്നു തന്റെ പിതാവിന്റെ സ്നേഹത്തിൽ സുരക്ഷിതനായിരുന്നു. ഇഷ്ടംപോലെ സാത്താനു തന്നെ മുക്കിക്കളയുവാൻ കഴിയുകയില്ലെന്നും, തന്റെ പിതാവു സദാ ജാഗ്രതയോടെ തന്നെ പരിപാലിക്കുന്നുണ്ടെന്നും യേശു അറിഞ്ഞിരുന്നു. യേശുവിനെ ദൈവം എത്രത്തോളം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുണ്ടെന്നു നാം ഗ്രഹിച്ചു കഴിയുമ്പോൾ നമ്മുടെ ജീവിതം എത്രയോ അദ്ഭുതകരമായിത്തീരും!

ഒടുവിൽ നാം ദൈവത്തെ അഭിമുഖമായി ദർശിക്കുമ്പോൾ ഇതുവരെയും ഗ്രഹിച്ചിട്ടില്ലാത്തവിധം അത്രയേറെ അഗാധമായി നമ്മെ താൻ സ്നേഹിച്ചിരുന്നുവെന്ന അറിവുകൊണ്ടു നാം അദ്ഭുതപരതന്ത്രരായി നിന്നുപോകും. നാളെയെക്കുറിച്ചു നാം ചിന്താഭാരമുള്ളവരായിരുന്നത് എത്ര ഭോഷത്തമായിരുന്നുവെന്ന് അന്നു നാം മനസ്സിലാക്കും.

എന്നാൽ അന്നു നാം മനസ്സിലാക്കിയതുകൊണ്ട് എന്താണൊരു പ്രയോജനം? ദൈവത്തിന്റെ സ്നേഹത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തുറക്കപ്പെടുകയും അങ്ങനെ വിശ്വാസത്താൽ ജീവിതം പടുത്തുയർത്തപ്പെടുകയും ചെയ്യേണ്ട സമയം ഇപ്പോഴാണല്ലോ.

**കഴിവിനപ്പുറം നിങ്ങൾ പരീക്ഷിക്കപ്പെടുകയില്ല**

1 കൊരി. 10:13 ഏറ്റവും മഹത്വപൂർണ്ണമായ ഒരു വാക്യമാണ്. അതു നമുക്കെല്ലാവർക്കും ധാരാളം ആശ്വാസത്തിനും പ്രത്യാശയ്ക്കും വക നൽകുന്നു. ആ വാക്യം ഇങ്ങനെയാണ്: "ദൈവം വിശ്വസ്തൻ, നിങ്ങൾക്കു കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും."

അസഹനീയമായ പരിശോധനകളിലൂടെയും വ്യഥകളിലൂടെയും തങ്ങൾ കടന്നുപോകുന്നതായി ആളുകൾ മിക്കപ്പോഴും പറയാറുണ്ട്. ആദാമിന്റെ മക്കളെ സംബന്ധിച്ച് ഇത് ഒരുപക്ഷേ ശരിയായിരിക്കാം; എന്നാൽ ദൈവമക്കൾക്ക് ഒരിക്കലും ഇങ്ങനെയല്ല. കാരണം, തന്റെ മക്കൾക്കു നേരിടുന്ന ഓരോ പരിശോധനയും പരീക്ഷയും അതീവ ജാഗ്രതയോടെ ദൈവം ശ്രദ്ധിച്ചു കൊണ്ടാണിരിക്കുന്നത്.

സാത്താനും നമ്മെ വെറുക്കുന്ന മറ്റു മനുഷ്യരും പല വിധത്തിലും നമ്മെ വിഷമിപ്പിക്കുവാൻ ശ്രമിച്ചേക്കാം. എന്നാൽ ദൈവത്തിന്റെ അനുവാദം കൂടാതെ അവർക്കു നമ്മെ സ്പർശിക്കുവാൻ സാധ്യമല്ല. പഴയനിയമത്തിൽപ്പോലും ഈ വസ്തുത നാം കാണുന്നു. ഇയ്യോബിന് ഒരു ദോഷവും തട്ടാതവണ്ണം അദ്ദേഹത്തിനു ചുറ്റും ദൈവം ഒരു വേലി കെട്ടിയിരിക്കുന്നതായി സാത്താൻ അറിഞ്ഞിരിക്കുന്നു (ഇയ്യോ.1:10) എന്നാൽ ഇയ്യോബിന്റെ ശുദ്ധീകരണത്തിനു വേണ്ടി ആ വേലിയുടെ ഒരു ഭാഗം അല്പമൊന്നു പൊളിക്കുവാനും അതുവഴി അദ്ദേഹത്തെ ആക്രമിക്കുവാനും ദൈവം സാത്താനെ അനുവദിച്ചു. എങ്കിലും വേലി എത്രമാത്രം പൊളിക്കപ്പെടണമെന്നത് ദൈവത്തിന്റെ തീരുമാനത്തിനു വിധേയമായിരുന്നു. ആദ്യം അല്പം മാത്രവും (ഇയ്യോ.1) പിന്നീട് അല്പം കൂടിയും (ഇയ്യോ.2) വേലി പൊളിക്കുന്നതായി നാം കാണുന്നു. ദൈവം വേലി തുറന്നു കൊടുത്തതു നിമിത്തമാണ് ശെബായരും കൽദായരും ഇയ്യോബിന്റെ വസ്തുവകകൾ അപഹരിക്കുന്നതിനായി കയറി വന്നത് (ഇയ്യോ.1:15,17). ഇയ്യോബിന്റെ മക്കളുടെമേൽ കെട്ടിടം വീഴുന്നതിനിടയാക്കിയ കൊടുങ്കാറ്റും വേലിയുടെ അതേ ഛിദ്രത്തിലൂടെയാണു കടന്നുവന്നത്. എന്നാൽ ഇയ്യോബിന്റെ ശരീരത്തെ ബാധിച്ച രോഗത്തിനു പ്രവേശിപ്പാൻ തക്ക വലുപ്പം ഈ ഛിദ്രത്തിന് ഉണ്ടായിരുന്നില്ല. അതിനുശേഷം ദൈവം വേലിയുടെ ഛിദ്രം കുറെക്കൂടി തുറന്നപ്പോൾ മാത്രമാണ് ഇയ്യോബിനെ ദണ്ഡിപ്പിക്കുന്നതിനായി രോഗവും കയറിവന്നത്.

തനിക്കു സംഭവിക്കുന്ന എല്ലാറ്റിന്റെയും നിയന്ത്രണം ദൈവത്തിന്റെ കൈകളിലാണെന്ന് ഇയ്യോബ് ആദ്യം ഗ്രഹിച്ചിരുന്നില്ല. വളരെ താമസിച്ച്, കഥയുടെ ഒടുവിൽ മാത്രമാണ് അദ്ദേഹം അതു മനസ്സിലാക്കിയത്.

*(ശേഷം പേജ് 26 ൽ )*

# കൊച്ചുവലിയ കാര്യം

ഒരു റസ്റ്ററന്റ്.

വൈകുന്നേരം ഒരു ടേബിളിൽ വളരെ പ്രായമായ ഒരു പിതാവ് ചെറുപ്പക്കാരനായ മകനോടൊപ്പം ഇരുന്നു ഭക്ഷണം കഴിക്കുകയാണ്.

പിതാവ് വളരെ പ്രായമുള്ള ആളും ക്ഷീണിതനുമായതിനാൽ കഴിക്കുമ്പോൾ വിരലുകൾക്കിടയിലൂടെ ഭക്ഷണം താഴേക്ക് ഊർന്ന് അദ്ദേഹത്തിന്റെ ഉടുപ്പിലും മുണ്ടിലും ആകെ വീണുകിടന്നു.

ഈ കാഴ്ച കണ്ടു റസ്റ്ററന്റിൽ അടുത്ത ടേബിളുകളിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവരൊക്കെ അസ്വസ്ഥരായി. പക്ഷേ മകനിൽ ഒരു ഭാവമാറ്റവും കണ്ടില്ല.

ഭക്ഷണം തീർന്നപ്പോൾ പിതാവിനെ കൈക്കു പിടിച്ചു മകൻ വാഷ്ബേസിനു സമീപത്തേക്കു കൊണ്ടുപോയി. കൈയും മുഖവും കഴുകിച്ചു. ഷർട്ടിലെയും മുണ്ടിലേയും ഭക്ഷണാവശിഷ്ടങ്ങൾ തട്ടിക്കളഞ്ഞു. വസ്ത്രത്തിലെ കറകളും വെള്ളം ഉപയോഗിച്ചു കഴുകി വൃത്തിയാക്കി. പിതാവിന്റെ മുടി ചീകികൊടുത്തു. കണ്ണട നേരെ വച്ചു.

റസ്റ്ററന്റിൽ ഇരുന്നവരെല്ലാം ഭക്ഷണം കഴിക്കുന്നത് നിർത്തി ഈ കാഴ്ച നിർന്നിമേഷരായി നോക്കിയിരിക്കുകയാണ്.

മകൻ ബില്ലു പേ ചെയ്ത് പിതാവിനോടൊപ്പം പുറത്തേക്ക് ഇറങ്ങാൻ തുടങ്ങിയപ്പോൾ റസ്റ്ററന്റിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നവരുടെ ഇടയിൽ നിന്നു മധ്യവയസ്കനായ ഒരാൾ പൊടുന്നനെ എഴുന്നേറ്റു നിന്നു മകനോട് ഉച്ചത്തിൽ ചോദിച്ചു: 'സുഹൃത്തേ, നിങ്ങൾ എന്തോ ഒന്നു പിന്നിൽ അവശേഷിപ്പിച്ചിട്ടാണു പോകുന്നത് അല്ലേ?'

താൻ റസ്റ്ററന്റിൽ എന്തോ മറന്നു വച്ചോ എന്ന് പെട്ടെന്ന് ഓടിച്ചു നോക്കിയ ശേഷം ചെറുപ്പക്കാരൻ പറഞ്ഞു: 'ഇല്ലല്ലോ സാർ. ഞാൻ ഒന്നും ബാക്കി വച്ചിട്ടില്ലല്ലോ' മധ്യവയസ്ക്കന്റെ മറുപടി ഇങ്ങനെ: 'അല്ല, ചെറുപ്പക്കാരാ, നീ ഈ റസ്റ്ററന്റുവിടുമ്പോൾ പിന്നിൽ അവശേഷിപ്പിച്ചിട്ടു പോകുന്നത് ഒരു കൊച്ചുവലിയ കാര്യമാണ്. അതെന്നു പറയുന്നത് ഇവിടെയുള്ള ഓരോ മകനുമുള്ള ഒരു പാഠവും, ഓരോ പിതാവിനുമുള്ള ഒരു പ്രതീക്ഷയുമാണ്.'

റസ്റ്ററന്റിലെ സൂചിവീണാൽ കേൾക്കാവുന്ന നിശ്ശബ്ദതയിൽ ആ പ്രസ്താവന ശരിവച്ചുകൊണ്ട് ഒട്ടോറെ തലകൾ ആടുന്നുണ്ടായിരുന്നു!

മേയ് 10 ആണ് 'മാതൃദിന'മായി നാം ആചരിക്കുന്നത്. 'നമ്മുടെ വൃദ്ധരായ മാതാപിതാക്കളെ ആണ്ടിലൊരിക്കൽ വൃദ്ധസദനത്തിൽ ചെന്നു കാണുവാനുള്ള ദിവസം' എന്നു മാതൃദിനത്തെ നിർവചിച്ച ദോഷൈകദൃക്കിനെ നമുക്കു വെറുതെ വിടാം.'അമ്മ മരിച്ചത് ഇന്നോ ഇന്നലെയോ' എന്നു തിരക്കിനിടയിൽ സന്ദേഹിക്കുന്ന പുതുതലമുറയ്ക്ക്

**'ഒരു തലമുറപോകുന്നു, ഒരു തലമുറ വരുന്നു...' ജ്ഞാനിയായ ശലോമോൻ ജീവിതനദിയുടെ അനുസ്യൂതമായ പ്രവാഹത്തെ വിവരിക്കുന്നതിങ്ങനെയാണ്. എന്നാൽ ഇതിനിടയിൽ ആത്യന്തികമായി നിലനിൽക്കുന്നതും പ്രയോജനമുള്ളതും എന്താണ്?- ഇതറിയാൻ താൻ നടത്തിയ അന്വേഷണത്തിന്റെ കഥയാണ് ശലോമോൻ 'സഭാപ്രസംഗി' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. സ്വത്ത്, സ്ഥാനമാനങ്ങൾ, സുഖങ്ങൾ എന്നിവ കൊണ്ട് ജീവിതത്തിന് അർത്ഥം കണ്ടെത്താൻ അദ്ദേഹം ശ്രമിച്ചു: 'എന്റെ കണ്ണ് ആഗ്രഹിച്ചതൊന്നും ഞാൻ നിഷേധിച്ചില്ല; ഹൃദയത്തിന് ഒരു സന്തോഷവും വിലക്കിയില്ല'. എന്നാൽ ആ സന്തോഷവും സുഖവും അല്പായുസ്സായിരുന്നു. എല്ലാം മായയാണെന്നു താൻ വേഗം കണ്ടെത്തി.**

മാതാപിതാക്കളെ ഓർക്കാൻ വർഷത്തിൽ ഒരു ദിവസമെങ്കിലും ഉള്ളതു നല്ലതല്ലേ?

വാർധക്യവും മരണവും- ഇവ രണ്ടിനെയും കുറിച്ചുണ്ടായ നേർക്കാഴ്ചകളാണ് ഒരുവനു യാഥാർത്ഥ്യ ബോധം നൽകുന്നത്. വാർധക്യവും തുടർന്നു മരണവും തന്നെയും കാത്തിരിക്കുന്നു എന്ന അവബോധം മാത്രമേ പുതിയ തലമുറയെയും അർഥപൂർണ്ണമായ നിലയിൽ മുൻതലമുറയെ ആദരവോടെ കാണാൻ സഹായിക്കുകയുള്ളൂ. 'ഒരു തലമുറപോകുന്നു, ഒരു തലമുറ വരുന്നു...' ജ്ഞാനിയായ ശലോമോൻ ജീവിതനദിയുടെ അനുസ്യൂതമായ പ്രവാഹത്തെ വിവരിക്കുന്നതിങ്ങനെയാണ്. എന്നാൽ ഇതിനിടയിൽ ആത്യന്തികമായി നിലനിൽക്കുന്നതും പ്രയോജനമുള്ളതും എന്താണ്?- ഇതറിയാൻ താൻ നടത്തിയ അന്വേഷണത്തിന്റെ കഥയാണ് ശലോമോൻ 'സഭാപ്രസംഗി' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. സ്വത്ത്, സ്ഥാനമാനങ്ങൾ, സുഖങ്ങൾ എന്നിവ കൊണ്ട് ജീവിതത്തിന് അർത്ഥം കണ്ടെത്താൻ അദ്ദേഹം ശ്രമിച്ചു. യെരുശലേമിലെ രാജാവ് എന്നനിലയിൽ ഇവയെല്ലാം വേണ്ടുവോളം നേടുവാൻ തനിക്കു കഴിയുമായിരുന്നല്ലോ. 'എന്റെ കണ്ണ് ആഗ്രഹിച്ചതൊന്നും ഞാൻ നിഷേധിച്ചില്ല; ഹൃദയത്തിന് ഒരു സന്തോഷവും വിലക്കിയില്ല'- എന്നാണ് ആ കാലത്തെക്കുറിച്ചു ശലോമോൻ പറയുന്നത്. എന്നാൽ ആ സന്തോഷവും സുഖവും അല്പായുസ്സായിരുന്നു. എല്ലാം മായയാണെന്നു താൻ വേഗം കണ്ടെത്തി. അരമനകൾ പണിതും തോട്ടങ്ങൾ നട്ടുണ്ടാക്കിയും മഹാപ്രവൃത്തികൾ ചെയ്തും ജീവിതത്തിന് അർഥം കണ്ടെത്താനായിരുന്നു അടുത്ത ശ്രമം. പക്ഷേ എല്ലാം അർഥമില്ലാത്ത വൃഥാപ്രയത്നമാണെന്നു താൻ തിരിച്ചറിഞ്ഞു.

ജ്ഞാനം നേടാനും വിദ്യകൾ അഭ്യസിക്കാനുംഅവ കൊണ്ടു ജീവിതത്തിന്റെ ശൂന്യതയെ മൂടിവെയ്ക്കാനുമായിരുന്നു അടുത്ത നീക്കം. എന്നാൽ 'ജ്ഞാനബാഹുല്യത്തിൽ വ്യസനബാഹുല്യം ഉണ്ട്. അറിവു വർധിപ്പിക്കുന്നവൻ ദുഃഖവും വർധിപ്പിക്കുന്നു'- ഇതായിരുന്നു അടുത്തകണ്ടെത്തൽ.

ഇങ്ങനെ പന്ത്രണ്ട് അധ്യായം

നീണ്ട ആ അന്വേഷണത്തിന്റെ ഒടുവിൽ ശലോമോൻ 'എല്ലാറ്റിന്റെയും സാരം കേൾക്കുക' എന്നുപറഞ്ഞു താൻ ആത്യന്തികമായി കണ്ടെത്തിയതു വ്യക്തമാക്കുന്നു-'മരണാനന്തരം ഒരു നിത്യജീവിതം ഉണ്ട്. അവിടെ വിലയുള്ള കാര്യങ്ങൾക്കായി ഈ ലോകത്തിലെ ജീവിതം ഉപയോഗപ്പെടുത്തുന്നതാണ് ജീവിതത്തിന്റെ ധന്യത. നിത്യതയുടെ ആ വെളിച്ചത്തിൽ ഈ ലോക ജീവിതം ജീവിക്കുക'

നിത്യതയുടെ വെളിച്ചത്തിൽ നിലനിൽക്കുന്നതു മാത്രമേ ആത്യന്തികമായി പ്രയോജനപ്പെടുകയുള്ളു. മറ്റെല്ലാറ്റിന്റേയും പിന്നാലെയുള്ള ഓട്ടം'കാറ്റിനെ പിടിക്കാൻ പോകുന്നതു പോലെ'യാണെന്നു സഭാപ്രസംഗിയായ ശലോമോൻ പറയുന്നു. 'കാറ്റിനെ പിടിക്കാൻ പോകുക'- എത്ര നിരർഥകമായ ശ്രമം!

അമേരിക്കയിലെ കണക്ടിക്കെട്ടിലെ ബ്രിഡ്ജ്പോർട് സെമിത്തേരിയിൽ അടുത്തടുത്തുള്ള രണ്ടു ശവക്കല്ലറകളുണ്ട്. ഒന്ന്: കഴിഞ്ഞ നൂറ്റാണ്ടിൽ സർക്കസിലൂടെ കോടീശ്വരനായിത്തീർന്ന പി. ടി. ബർണത്തിന്റേതാണ്. ജീവിച്ചിരിക്കുമ്പോൾ ഈ ലോകത്തു കോടികളുടെ നിക്ഷേപം സ്വരൂപിച്ച ബർണത്ത് പുഴുവരിച്ചുപോയ തന്റെ നിക്ഷേപങ്ങളുമായി ഇന്ന് ആരാലും അറിയപ്പെടാതെ ആ മണ്ണിൽ ഉറങ്ങുന്നു. തൊട്ടടുത്തുള്ള കല്ലറ ഫാനിക്രോസ്ബിയുടേതാണ്. പിറന്നുവീണ് ആറാഴ്ചയ്ക്കകം അന്ധയായി തീർന്ന ഫാനിയുടെ ജീവിതം ഇന്നും ആയിരങ്ങൾക്കു പ്രചോദനമാണ്. നിത്യതയുടെമൂല്യങ്ങൾക്കായി സമ്പൂർണമായി സമർപ്പിച്ചിരുന്ന ഫാനിക്രോസ്ബി, തലമുറകൾ ഹൃദയപൂർവം ഏറ്റുപാടുന്ന എണ്ണായിരത്തിലേറെ ക്രിസ്തീയ ഭക്തിഗാനങ്ങളാണ് രചിച്ചിട്ടുള്ളത്. വിവിധ ഭാഷകളിലായി പത്തുകോടിയിലേറെ കോപ്പികൾ വിറ്റുപോയ ഗാനങ്ങളിലൂടെ അവർ ഇന്നും അനേക ഹൃദയങ്ങളെ നിത്യതയുടെ മൂല്യങ്ങൾക്കായി വെല്ലുവിളിക്കുന്നു. ഫാനിക്രോസ്ബിയുടെ കല്ലറയിൽ ബൈബിളിൽ നിന്നുള്ള ഒരു കൊച്ചുവചനം ആലേഖനം ചെയ്തിച്ചുണ്ട്.-'അവൾ തന്നാൽ ആവതു ചെയ്തു'. ഒരു സ്ത്രീ ബെഥാന്യയിൽ വച്ച് ഒരു റാത്തൽ പരിമളതൈലം കൊണ്ടുവന്ന് തന്റെ നന്ദിയും സ്നേഹവും പ്രകടിപ്പിക്കാൻ യേശുവിന്റെ കാലിൽ പൂശിയപ്പോൾ അതേപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്ന കൊച്ചുവാക്യമാണിത്. ഫാനി തന്റെ ജീവിതം കൊണ്ടു ചെയ്തതും ഇതാണ്. അവൾ തന്നാൽ കഴിയുന്നതു ചെയ്തു.

നമ്മിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നതും മറ്റൊന്നല്ല.'നാം എവിടെയാണോ അവിടെ, നമ്മുടെ പക്കൽ എന്തുണ്ടോ അതുകൊണ്ട്, നമുക്ക് എന്തു കഴിയുമോ അത്'-നിത്യതയുടെവെളിച്ചത്തിൽ സ്നേഹത്തിൽ ചെയ്യുക. സ്നേഹം- അതാണു കാര്യങ്ങളെ വ്യത്യാസമാക്കുന്നത്. ഈ ബോധ്യത്തോടെ മാതാപിതാക്കൾക്കും ചുറ്റുവട്ടത്തുള്ളവർക്കും നമ്മെക്കൊണ്ട് ആവുന്നതുപോലെ ദൈവസ്നേഹത്തിന്റെ ഊഷ്മളത പകരുന്നത് ഒരു കൊച്ചുമെഴുകുതിരി കൊളുത്തിവെയ്ക്കുന്നതുപോലെയുള്ള പ്രവൃത്തിയാണ്. ഇതൊരു കൊച്ചുകാര്യമായിരിക്കാം. എന്നാൽ ഇരുളിനെ ശപിക്കുന്നതിനെക്കാൾ എന്തുകൊണ്ടും ഭേദമല്ലേ ആ ഇരുളിൽ ഒരു കൊച്ചു തിരി കൊളുത്തിവയ്ക്കുന്നത്?

❖

ചിന്തയ്ക്ക്

# അന്ത്യകാലലക്ഷണങ്ങളെ ശ്രദ്ധിക്കുക

സാക് പുന്നൻ

"**അവൻ** (എതിർക്രിസ്തു) അയച്ച സൈന്യങ്ങൾ വിശുദ്ധ സ്ഥലത്തെ മലിനമാക്കുകയും നിരന്തരം ഹോമയാഗം നിറുത്തലാക്കുകയും ചെയ്യും......... ദൈവത്തിന്റെ ഉടമ്പടി ഗണ്യമാക്കാത്തവരെ അവൻ മുഖസ്തുതിയാൽ വശീകരിച്ചു സ്വന്തപക്ഷത്തു ചേർക്കും.

എന്നാൽ തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ശക്തരായിനിന്നു വൻകാര്യങ്ങൾ പ്രവർത്തിക്കും. ആത്മാവിൽ വിവേകശാലികളായവർക്ക് ആ കാലത്തു വിപുലമായ ഒരു പ്രബോധന ശുശ്രൂഷ ഉണ്ടായിരിക്കും. എങ്കിലും അവർ നിന്തരം ആപത്തിനെ നേരിടും, അവരിൽ പലരും തീകൊണ്ടോ വാൾ കൊണ്ടോ കൊല്ലപ്പെട്ടു. തടവിലാകും അഥവാ കൊള്ളയടിക്കപ്പെടും.

അവസാനത്തിൽ ഈ സമ്മർദ്ദങ്ങൾ നീങ്ങിപ്പോകും. അതോടെ ഒരു സഹായഹസ്തം നൽകുവാനെന്ന ഭാവത്തിൽ അഭക്തരായ ചിലർ വന്നുചേരും. അവർ ആ സന്ദർഭത്തിന്റെ മുതലെടുക്കും. ദൈവിക കാര്യങ്ങളിൽ ഏറ്റവും അനുഗൃഹീതരും വരം ലഭിച്ചവരുമായ ചിലർ ആ കാലത്ത് ഇടറിവീണു വിശ്വാസം ത്യജിക്കും (ദാനിയേൽ 11:31-35. ലിവിംഗ് ബൈബിൾ).

അന്ത്യകാലത്തെപ്പറ്റി പരാമർശിക്കുന്ന ഒരു വേദഭാഗമാണിത്. സഭയ്ക്കുള്ള ഒട്ടനേകം മുന്നറിയിപ്പുകൾ നമുക്കിവിടെക്കാണാൻ കഴിയും. അന്ന് എതിർക്രിസ്തുവിന്റെ ആത്മാവ് സഭയ്ക്കുള്ളിൽതന്നെ വ്യാപരിക്കും (1 യോഹ. 2:18, 19 വാക്യങ്ങൾ നോക്കുക.)"

**സഭയിൽ ദൈവത്തിന്റെ ഉന്നത നിലവാരം സൂക്ഷിക്കുക**

എതിർക്രിസ്തുവിന്റെ ആത്മാവ് വിശുദ്ധസ്ഥലത്തെ അശുദ്ധമാക്കും. (വാ. 31). വിശുദ്ധിയുടെയും നീതിയുടെയും സന്ദേശത്തിനു സാത്താനിൽനിന്നും കഠിനമായ എതിർപ്പാണ് ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നത്. പുതിയ ഉടമ്പടിയുടെ ജീവിതത്തെ അവഗണിച്ചുകളയാനും എതിർക്രിസ്തു പ്രേരണ നൽകുന്നുണ്ട് (വാ. 32). പുതിയ ഉടമ്പടിയുടെ ജീവിതം പാപത്തിന്റെ മേൽ വിജയമുള്ള ഒരു ജീവിതമാണ്. എന്നാൽ അപ്രകാരമൊരു ജീവിതം അസാദ്ധ്യമാണെന്നാണ് എതിർക്രിസ്തു ഇന്നു ജനങ്ങളോടു പറഞ്ഞുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ഒരു സഭയെന്ന നിലയിലുള്ള നമ്മുടെ ശുശ്രൂഷ ഇന്ത്യയിലെല്ലായിടത്തും എതിർക്കപ്പെട്ടിട്ടുള്ളതു നാം വിശുദ്ധിയും നീതിയും പ്രസംഗിച്ചതു മൂലമാണ്. പാപം ഇനിമേൽ നമ്മുടെ

മേൽ കർത്തൃത്വം നടത്തേണ്ട ആവശ്യമില്ലെന്നു നാം പ്രഖ്യാപിച്ചു (റോമർ 6:14). പണത്തെ സ്നേഹിക്കുന്നവർക്കു ദൈവത്തെ സ്നേഹിക്കുവാൻ സാധ്യമല്ലെന്ന സത്യം നാം ഉദ്ഘോഷിച്ചിട്ടുണ്ട് (ലൂക്കോസ് 16:13). മറ്റുള്ളവരോടു കോപിക്കയും അവരെ നിന്ദിക്കയും ചെയ്യുന്നവർ നരകാർഹരായ പാപികളാണെന്നും സ്ത്രീയെ മോഹദൃഷ്ടിയോടെ നോക്കുന്നവർ നരകത്തിൽ പതിക്കുമെന്നും നാം ഊന്നിപ്പറഞ്ഞു (മത്താ. 5:22, 28, 29). വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും ഈ വാക്കുകൾ അരോചകമാണ്. തന്മൂലം അവർ നമ്മെ എതിർക്കുന്നു.

ക്രിസ്തീയ പ്രവർത്തകർ ശമ്പളം പറ്റുന്ന സമ്പ്രദായത്തെയും (ഒന്നാം നൂറ്റാണ്ടിൽ കേട്ടുകേൾവിപോലുമില്ലാതിരുന്ന കാര്യമാണിത്) ഇന്ത്യയിലെ ക്രിസ്തീയ പ്രവർത്തനത്തിന്റെ ഒരു ഭാഗമായ പണമിരക്കലിനെയും നാം എതിർത്തു. തന്മൂലം സുവിശേഷപ്രസംഗം ഒരു ഉപജീവനമാർഗ്ഗമാക്കിയവരെയും ഇതു പ്രകോപിപ്പിക്കുകയുണ്ടായി.

സഭയിൽ വ്യക്തിപൂജയ്ക്ക് ഇടം നൽകുന്ന കൾട്ടിസത്തെയും അന്ധമായ സഭാവിഭാഗ ചിന്താഗതിയെയും നാം എതിർത്തിട്ടുണ്ട്. ഇന്ത്യൻ സഭകളുടെ മേലുള്ള പാശ്ചാത്യ മേൽക്കോയ്മയെയും പാശ്ചാത്യ നേതൃത്വത്തോടുള്ള അനാരോഗ്യകരമായ ആശ്രയത്തെയും നാം എതിർക്കുന്നു. ഭാരതീയ സഭകളുടെ വളർച്ചയ്ക്ക് ഇവ ഹാനികരമാണല്ലോ. നമ്മുടെ ഈ നിലപാടും വ്യക്തിപൂജകരെ പ്രകോപിതരാക്കിയിട്ടുണ്ട്.

സാത്താന്റെ ലക്ഷ്യം ദൈവത്തിന്റെ വിശുദ്ധമന്ദിരത്തെ ഒരു തരത്തില്ലെങ്കിൽ മറ്റൊരു തരത്തിൽ ദുഷിപ്പിക്കണം എന്നതത്രേ. ഇതിലേക്കു ദൈവപ്രവൃത്തിയെ ഉള്ളിൽ നിന്നുകൊണ്ടുതന്നെ നശിപ്പിക്കുവാനായി തന്റെ സൈന്യങ്ങളെ അവൻ സഭയ്ക്കുള്ളിൽത്തന്നെ അണിനിരത്തുന്നു (ദാനിയേൽ 11:31). ഈ സാത്താന്യ ശക്തികൾ ഗ്രൂപ്പുകളെയും പ്രസ്ഥാനങ്ങളെയും ഒന്നൊന്നായി നശിപ്പിച്ചതെങ്ങനെയെന്നു കഴിഞ്ഞ 20 നൂറ്റാണ്ടുകാലത്തെ ക്രൈസ്തവ ചരിത്രം വെളിപ്പെടുത്തുന്നു.

സഭയുടെ കാവൽക്കാരായി ദൈവം നിയോഗിച്ചിട്ടുള്ള ആളുകൾ ജാഗ്രതയോടെ ഉണർന്നിരിക്കാത്തതാണു സഭ പരാജയപ്പെട്ടതിന്റെ മുഖ്യ കാരണം. ഈ കാവൽക്കാരെ ഉറക്കിക്കളയുവാൻ സാത്താന് എങ്ങനെ സാധിച്ചു? ചിലയാളുകളെ വിശേഷിച്ചു സമ്പന്നരും സ്വാധീനശക്തിയുള്ളവരുമായ ചിലരെ നീരസപ്പെടുത്തരുതെന്നു കരുതി സത്യം പറയുവാൻ ഭയപ്പെടുന്നതാണ് ഇതിനുള്ള ഒരു കാരണം. മറ്റു ചിലപ്പോൾ ഭാര്യമാരെ പ്രീണിപ്പിക്കുന്ന മനോഭാവവും ദ്രവ്യാഗ്രഹം, ഭക്ഷണപ്രിയം എന്നിവയും ഇതിനു കാരണമായി ഭവിച്ചിട്ടുണ്ട്.

ചില സാഹചര്യങ്ങളിൽ ഈ കാവൽക്കാർ സഭയിൽ ദൈവിക നിലവാരം നിലനിർത്തുവാൻ ശ്രമിക്കുന്നതിനിടയിൽ തങ്ങളുടെ സന്ദേശത്തോടുള്ള നിരന്തരമായ എതിർപ്പിനെ നേരിടേണ്ടിവരുന്നു. അതിന്റെ കാഠിന്യം മൂലം അവർ മനസ്സു മടുത്തു തളർന്നുപോകുന്നു.

എബ്രായർ 12:3 നോക്കുക: “നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം

**യേശുവിനു വിരോധികളായി ത്തീർന്നവർ ആരായിരുന്നു? യിസ്രായേലിലെ വേശ്യമാരോ കൊലപാതകികളോ ആയിരുന്നില്ല ഇവർ. എങ്കിൽ റോമാക്കാരോ ഗ്രീക്കുകാരോ ആയിരുന്നോ? ഒരിക്കലുമല്ല. യേശുവിനെ എതിർത്തവർ മേശമേൽ മുഷ്ടി കൊണ്ടിടിച്ചു പ്രസംഗിക്കുന്ന യിസ്രായേലിലെ പ്രസംഗകരും മത മേധാവികളുമായിരുന്നു. അവർ യേശുവിനോട് അസൂയാലുക്കളായിത്തീരുകയും ഒടുവിൽ അദ്ദേഹത്തെ കൊന്നുകളയുകയുമാണുണ്ടായത്. യേശുവിനെ നാം പിന്തുടരുന്നപക്ഷം ഇന്നും ഇതേ വിഭാഗത്തിൽപ്പെട്ടവരിൽനിന്നു നമുക്ക് എതിർപ്പുണ്ടാകും.**

സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ." യേശുവിനു വിരോധികളായിത്തീർന്ന ഈ പാപികൾ ആരായിരുന്നു? യിസ്രായേലിലെ വേശ്യമാരോ കൊലപാതകികളോ കൊള്ളക്കാരോ ആയിരുന്നില്ല ഇവർ. എങ്കിൽ റോമാക്കാരോ ഗ്രീക്കുകാരോ ആയിരുന്നോ? ഒരിക്കലുമല്ല. യേശുവിനെ എതിർത്ത പാപികൾ മേശമേൽ മുഷ്ടികൊണ്ടിടിച്ചു പ്രസംഗിക്കുന്ന യിസ്രായേലിലെ പ്രസംഗകരും മതമേധാവികളുമായിരുന്നു. അവർ യേശുവിനോട് അസൂയാലുക്കളായിത്തീരുകയും ഒടുവിൽ അദ്ദേഹത്തെ കൊന്നുകളയുകയുമാണുണ്ടായത്.

യേശുവിനെ നാം പിന്തുടരുന്ന പക്ഷം ഇന്നും ഇതേ വിഭാഗത്തിൽപ്പെട്ടവരിൽനിന്നു നമുക്ക് എതിർപ്പുണ്ടാകും. ദൈവത്തിന്റെ നിലവാരം താഴ്ത്തി സഭയെ ദുഷിപ്പിച്ചിട്ടുള്ള പ്രസംഗകരിൽ നിന്നാണു നമുക്ക് ഏറ്റവും വലിയ എതിർപ്പുണ്ടാകുന്നത്. നമ്മെ എതിർക്കുന്ന സാത്താന്റെ ഏറ്റവും വലിയ ഏജന്റന്മാർ ഇവരാണ്. ഇവരുടെ നിരന്തര വൈരം മൂലം മനസ്സുമടുത്ത് ക്രിസ്തുവിന്റെ വേലക്കാർ തളർന്നു പോകുന്നു എന്നത് ഏറ്റവും സംഭവ്യമായ ഒരു കാര്യമത്രേ.

ഇപ്രകാരം പീഡനംകൊണ്ടു ദൈവഭക്തന്മാരെ തളർത്തിക്കളയുവാൻ സാത്താൻ ശ്രമിക്കുന്നു (ദാനി. 7:25). നിരന്തരമായി എതിർപ്പിനെ അഭിമുഖീകരിക്കയും ഒടുവിൽ കൊല്ലപ്പെടുകയും ചെയ്ത യേശുവിനെ നമ്മുടെ ദൃഷ്ടാന്തമായിക്കണ്ട് അവിടുത്തെ മുഖത്തേക്കു നോക്കുന്നതു മാത്രമാണ് ഇതിനെ അതിജീവിക്കുവാനുള്ള ഏകമാർഗ്ഗം. മരണപര്യന്തം വിശ്വസ്തരായിരിപ്പാൻ വേണ്ടി നമുക്കു മനസ്സുറപ്പിക്കാം. മരണംവരെയും എതിർപ്പിനെ നേരിടുവാൻ മനസ്സുവയ്ക്കാത്ത ഏതു സുവിശേഷപ്രവർത്തകനും കാലാന്തരത്തിൽ കർണ്ണരസമാകുമാറു വചനം പ്രസംഗിക്കുന്ന ഒരുവനായിത്തീർന്നുപോകും. ജനങ്ങളെ തന്റെ പക്ഷം ചേർക്കുവാനായി അയാൾ മുഖസ്തുതി പ്രയോഗിക്കും (ദാനി. 11:32). അങ്ങനെ ഒത്തുതീർപ്പുകാരനായ ഒരു ബിലെയാമായി അയാൾ ജീവിതം അവസാനിപ്പിക്കും.

എന്തു വിലകൊടുത്തും സഭയിലുള്ള ദൈവികമായ ജീവിതനിലവാരത്തെ സംരക്ഷിക്കുവാനാണു ദൈവം നമ്മെ വിളിച്ചിട്ടുള്ളത്. അതിനുവേണ്ടി എല്ലാ സമയത്തും എതിർക്രിസ്തുവിന്റെ സൈന്യങ്ങൾക്കെതിരെ നാം ജാഗ്രതയുള്ള

വരായിരിക്കണം. പൗലൊസ് എഫെസൊസിലായിരുന്ന മൂന്നു വർഷക്കാലവും അദ്ദേഹം ദൈവകൃപയിലൂടെ സഭയെ വിശുദ്ധിയിൽ സൂക്ഷിച്ചു. എന്നാൽ അവിടെനിന്നും താൻ പിരിഞ്ഞുപോകുന്ന സമയത്തു തന്റെ വേർപാടിനുശേഷം ദുഷിപ്പുകൾ സഭയിൽ കടന്നുകൂടുമെന്ന് അദ്ദേഹം അവിടുത്തെ മൂപ്പന്മാർക്ക് താക്കീതു നൽകി (അപ്പോ. പ്ര. 20:29–31). അദ്ദേഹം പറഞ്ഞതു പോലെ തന്നേ സംഭവിക്കുകയും ചെയ്തു. അതിനെക്കുറിച്ച് എഫെസോസുകാർക്കെഴുതിയ രണ്ടാമത്തെ കത്തിൽ (വെളി. 2:1–5) നാം വായിക്കുകയും ചെയ്യുന്നു.

**നിരന്തര ഹോമയാഗം**

എതിർക്രിസ്തു നിറുത്തലാക്കുന്ന കാര്യങ്ങളിൽ ഒന്ന് നിരന്തര ഹോമയാഗമാണെന്നു ദാനി. 11:31 ൽ നാം തുടർന്നു വായിക്കുന്നു.

യേശു കൂടെകൂടെ ഇപ്രകാരമൊരു പ്രതിദിന യാഗത്തെപ്പറ്റി തന്റെ ശിഷ്യന്മാരോടു സംസാരിച്ചിരുന്നു. താൻ തന്നെ തന്റെ ജീവിതത്തിൽ നാൾ തോറും അനുഷ്ഠിച്ചിരുന്ന ഒരു യാഗമാണിത്. “എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശെടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ” (ലൂക്കോസ് 9:23).

ഈ സന്ദേശത്തെ ക്രൈസ്തവസമൂഹത്തിൽനിന്നു സാത്താൻ നീക്കിക്കളഞ്ഞിരിക്കുന്നു. അങ്ങനെ വിശുദ്ധസ്ഥലം ദുഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും സഭയിൽനിന്നും ക്രൂശിന്റെ സന്ദേശം അപ്രത്യക്ഷമാകുമ്പോൾ അവിടെ പാപവും ലോകമയത്വവും കടന്നുകയറി കൊടികുത്തി വാഴും.

വിശുദ്ധസ്ഥലത്തേക്കുള്ള വഴി ചീന്തപ്പെട്ട തിരശ്ശീലയിലൂടെ, അതായത് ക്രൂശിൽ തറയ്ക്കപ്പെട്ട ജഡത്തിലൂടെയാണ്. അതിപരിശുദ്ധനായ യേശുവിന് അതു സാധിച്ചത് ഈ വഴിയിലൂടെയാണ്. നമുക്കും അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

ഇന്നലെ നിങ്ങൾ നിങ്ങളുടെ ക്രൂശു വഹിച്ചിരുന്നുവോ? ഒരു പക്ഷേ വഹിച്ചിരുന്നിരിക്കാം. എങ്കിൽ അത് ഇന്നലെ നിങ്ങൾക്കു നേരിടുവാൻ ദൈവം നിശ്ചയിച്ചിരുന്ന ദോഷത്തിനു മാത്രമേ പര്യാപ്തമായിരുന്നുള്ളു. (മത്തായി. 6:34)

ഇന്നു മറ്റൊരു ദിവസമാണ്. അതിനാൽ നിങ്ങളുടെ ശരീരത്തെയും സ്വന്തമായ ഇച്ഛയെയും ഇന്നു വീണ്ടും നിങ്ങൾ യാഗമർപ്പിച്ചേ മതിയാവൂ ഇന്നു നിങ്ങളുടെ ദുർമ്മോഹങ്ങൾക്ക്, നിങ്ങളുടെ കോപത്തിന്, നിങ്ങളുടെ അഹങ്കാരത്തിന്, ദ്രവ്യാഗ്രഹത്തിന്, മനുഷ്യരുടെ മാനം ലഭിക്കുവാനുള്ള ആഗ്രഹത്തിന്, നിങ്ങളുടെ മനോനീരസത്തിന് ഇവയ്ക്കെല്ലാമെല്ലാം നിങ്ങൾ മരിച്ചേ മതിയാവൂ. ഈ കാരണത്താലാണു നിങ്ങളുടെ ഇഹലോക ജീവിതത്തിൽ അന്ത്യം വരെയും ഒരു നിരന്തര ഹോമയാഗം നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത്. ഈ ദുഷിച്ച സ്വഭാവത്തിന്റെയെല്ലാം അങ്കുരങ്ങളായ ദുർമ്മോഹങ്ങൾ നിങ്ങളുടെ ജഡത്തിൽ കുടികൊള്ളുന്നുണ്ട്. നിങ്ങൾ ജീവിക്കുന്ന കാലമത്രയും അവ നിങ്ങളിൽ ഉണ്ടായിരിക്കയും ചെയ്യും. ഈ കാരണത്താലാണ് നിങ്ങളുടെ ഇഹലോകജീവിതത്തിലെ അവസാന നിമിഷംവരെയും ഈ നിരന്തര ഹോമയാഗം നിങ്ങൾക്കാവശ്യമായിരിക്കുന്നത്.

ഇപ്രകാരമൊരു നിരന്തര യാഗം നിങ്ങളിൽ നടക്കുന്നുണ്ടോ?

ഇല്ലെങ്കിൽ, എതിർക്രിസ്തുവിന്റെ ആത്മാവു നിങ്ങളെ വഞ്ചിച്ചിരിക്കു

ന്നു, തീർച്ചതന്നേ.

യേശു താൻ ജലത്തിൽ സ്നാന മേറ്റ സമയത്തുതന്നെ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായിത്തീർന്നു. യേശു യോർദ്ദാൻ നദിയിൽ മുഴുകിയ ആ സംഭവം അവിടുന്നു സ്വന്തം മരണവും ശവസംസ്ക്കാരവും സ്വീകരിച്ചതിനെ ദൃഷ്ടാന്തരൂപേണ കുറിക്കുന്നു. ഈ വസ്തുത നമ്മെ പഠിപ്പിക്കുന്ന സത്യം ഇതാണ്: പരിശുദ്ധാത്മാഭിഷേകത്തിൽ കീഴിൽ ജീവിക്കുവാനുള്ള മാർഗ്ഗം നമ്മുടെ അഹന്തയ്ക്ക് അഥവാ ഞാനെന്ന ഭാവത്തിന്, മരിക്കുക എന്നതു മാത്രമാണ്.

ജലസ്നാനത്തിന്റെ സമയത്തു ദൈവനാമത്തിൽ നാം ജലത്തിലേക്ക് താഴ്ത്തപ്പെടുന്നു. നമ്മെ ജലത്തിലേക്കു താഴ്ത്തുന്ന ആ ദൈവം തന്നെ നമ്മെ അതിൽ നിന്ന് ഉയർത്തും എന്ന അറിവോടെ നാമതു സ്വീകരിക്കുകയും ചെയ്യുന്നു. പ്രതിദിന ജീവിതത്തിൽ ബലം പ്രയോഗിച്ചു കീഴടക്കുകയും ഞെരുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ നമ്മെ നേരിടുമ്പോൾ അതിനെ നാം അഭിമുഖീകരിക്കുന്നത് ഇങ്ങനെതന്നേ ആയിരിക്കണം. അത്തരം സാഹചര്യങ്ങളിൽ ദൈവം നമ്മെ യേശുവിനുവേണ്ടി മരണത്തിലേക്ക് ഏല്പിച്ചുകൊടുക്കുകയാണെന്ന കാര്യം നാം അംഗീകരിക്കണം (2 കൊരി. 4:10, 11). അപ്രകാരം നാം അഹന്താജീവിതത്തിന്റെ (Self-life) മരണം ഏറ്റുവാങ്ങുമ്പോൾ ആ മരണത്തിലേക്കു നമ്മെ നയിച്ച ദൈവംതന്നെ നമ്മെ ഉയിർപ്പിക്കുകയും ചെയ്യും. ഇതു നമുക്ക് ഉറപ്പായി വിശ്വസിക്കാം.

കഴിഞ്ഞ ദശകങ്ങളിൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച ആളുകൾ തങ്ങളുടെ ജീവിതത്തിൽ ഇപ്രകാരം നിരന്തര ഹോമയാഗം കഴിച്ചിരുന്നുവെങ്കിൽ അവർ നമ്മുടെ രാജ്യത്തു ദൈവത്തിനുവേണ്ടി അത്ഭുതാവഹമായ ശക്തിയും സ്വാധീനതയും പ്രദർശിപ്പിക്കുമായിരുന്നു. എന്നാൽ അവരിൽ മിക്കവരെയും കേന്ദ്രധാരയിൽനിന്ന കറ്റിക്കളയുന്നതിൽ സാത്താൻ വിജയം വരിച്ചു. അവർ ഇവിടെപ്പറഞ്ഞ ക്രൂശിന്റെ വഴിയിൽക്കൂടി മുന്നേറുന്നതിനു പകരം അന്യഭാഷാഭാഷണം, രോഗശാന്തി ശ്രുശ്രൂഷ, വികാരപ്രകടനങ്ങൾ, നാനാരൂപമായ ആത്മീയ പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം പ്രാധാന്യം കൽപിച്ചതിന്റെ ഫലമായിട്ടാണ് ഇതു സംഭവിച്ചത്.

സാത്താനെ ജയിക്കുവാനും നമ്മുടെ ജീവിതങ്ങളിലും ഭവനങ്ങളിലും സഭകളിലും ദൈവശക്തി നിലനിർത്തുവാനുമുള്ള ഏകമാർഗ്ഗം യാതൊരൊത്തുതീർപ്പും കൂടാതെ എന്തു വിലകൊടുത്തും നിരന്തര ഹോമയാഗം നിറവേറ്റുക എന്നതുമാത്രമാണ്.

'ജീവമൊഴിക'ളെന്ന ഈ പ്രസിദ്ധീകരണം വർഷങ്ങളായി വായിച്ചിട്ടുള്ള ആളുകൾ "നാൾതോറും ക്രൂശെടുക്കുക" എന്ന ഈ സന്ദേശം വീണ്ടു വീണ്ടും വായിച്ചിട്ടുണ്ടായിരിക്കും. എന്നാൽ അവരിൽ വളരെക്കുറച്ചു പേർ മാത്രമേ അതിനാൽ പിടിക്കപ്പെട്ടവരായിത്തീർന്നിട്ടുള്ളൂ,

ഹേരോദാവ് യോഹന്നാൻ സ്നാപകന്റെ പ്രസംഗം പതിവായിക്കേട്ടിരുന്നു (മർക്കോസ് 6:20). യോഹന്നാൻ മുഷിപ്പന്മാരായ പരീശന്മാരിൽനിന്നു വ്യത്യസ്തനായി ഒരു ജ്ജ്വല വാഗ്മിയായിരുന്നതുകൊണ്ടും അദ്ദേഹത്തെ കേൾക്കുന്നത് രസകരമായ ഒരനുഭവമായതുകൊണ്ടുമാണ് ഹേരോദാവ് അപ്രകാരം

ചെയ്തത്. ഇതേ കാരണത്താൽ തന്നെയാണു പലരും 'ജീവമൊഴികൾ' വായിക്കുവാൻ ഇഷ്ടപ്പെടുന്നത്. എങ്കിലും ഹേരോദാരാജാവിനുണ്ടായിരുന്നതിൽക്കവിഞ്ഞ ഒരാത്മീയ നിലവാരം ഇതിന്റെ വായനക്കാർക്കും ഉണ്ടാകണമെന്നില്ല.

തങ്ങളുടെ പ്രസംഗങ്ങൾക്കായി മറ്റു പുസ്തകങ്ങളിൽ കിട്ടാത്ത പുതിയ പോയിന്റുകൾ സമ്പാദിക്കുവാനാഗ്രഹിച്ച് 'ജീവമൊഴികൾ' വായിക്കുന്ന ചിലരുണ്ട്. മറ്റുള്ളവരുടെ പ്രസംഗങ്ങൾ മോഷ്ടിക്കുന്നവരോടു താൻ എതിർത്തുനിൽക്കുന്നുവെന്നു ദൈവം തന്നെ പ്രസ്താവിച്ചിട്ടുള്ളതിനാൽ (യിരെമ്യാ. 23:30) അത്തരം പ്രസംഗകർക്കു പ്രത്യാശയ്ക്കുള്ള അവസരം വളരെച്ചുരുക്കമാണ്. തങ്ങളെതന്നെ വിധിക്കുവാനും തങ്ങളുടെ ആവശ്യത്തെപ്പറ്റി തങ്ങളോടു സംസാരിക്കുവാൻ ദൈവത്തെ അനുവദിപ്പാനും വേണ്ടി ഇതു വായിക്കുന്നതിനു പകരം അവർ എപ്പോഴും പ്രസംഗത്തിനുള്ള പോയിന്റുകൾ നേടുക മാത്രമാണു ചെയ്യുന്നത്.

നിങ്ങൾ അർഹിക്കുന്നതെന്നു നിങ്ങൾ തന്നെ കരുതുന്ന ബഹുമാനം നിങ്ങൾക്ക് ഒരാൾ നൽകാതെ വരുമ്പോഴോ, സഭയിൽ ഉത്തരവാദിത്വമുള്ള ഒരു സ്ഥാനം നിങ്ങൾക്കു നൽകാത്തപ്പോഴോ നിങ്ങൾ നീരസപ്പെടുന്നപക്ഷം നിങ്ങളുടെ ജീവിതത്തിൽ നിരന്തര ഹോമയാഗം നിന്നുപോയി എന്നതിന് അതൊരു നല്ല തെളിവാണ്. നേരേമറിച്ചു നിങ്ങൾ അഹന്തയ്ക്കു മരിച്ചവനാണെങ്കിൽ യാതൊരു കാരണത്താലും ഒരിക്കലും നിങ്ങൾ നീരസപ്പെടുകയില്ല.

**യഥാർത്ഥ പ്രവാചകരെ കള്ള പ്രവാചകരിൽനിന്നു വേർതിരിച്ച**

**എല്ലാ കള്ള പ്രവാചകന്മാരിലും കാണപ്പെടുന്ന മാറ്റമില്ലാത്ത ഏക സവിശേഷത മുഖസ്തുതിയാണ്. ഈ കള്ള പ്രവാചകന്മാർ മുഖസ്തുതി പ്രയോഗിക്കുന്നത് ആളുകളെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുവാനോ സ്വന്ത സാമ്രാജ്യം പടുത്തുയർത്തുവാനോ ബഹുമാനം ലഭിക്കുവാനോ പണം സമ്പാദിക്കുവാനോ ഒക്കെ ആയിരിക്കും. ഇവരിൽ പലരും ആളുകളെ തങ്ങളുടെ പിടിയിൽ നിറുത്തുവാൻ വേണ്ടി അവരുമായി വിശ്വസ്തതയോടെ എഴുത്തുകുത്തിൽ ഏർപ്പെടുന്നു.**

**റിയുക**

എതിർക്രിസ്തുവിന്റെ ആത്മാവിനു വശംവദരായവർ ആളുകളെ തങ്ങളിലേക്കുതന്നെ ആകർഷിക്കുവാനായി മൃദുലവാക്കുകൾ (മുഖസ്തുതി) ഉപയോഗിക്കുമെന്നു ദാനിയേൽ 11:23 ൽ നാം വായിക്കുന്നു. എല്ലാ കള്ള പ്രവാചകന്മാരിലും കാണപ്പെടുന്ന മാറ്റമില്ലാത്ത ഏക സവിശേഷത മുഖസ്തുതിയാണ്. ഈ കള്ള പ്രവാചകന്മാർ മുഖസ്തുതി പ്രയോഗിക്കുന്നത് ആളുകളെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുവാനോ സ്വന്ത സാമ്രാജ്യം പടുത്തുയർത്തുവാനോ ബഹുമാനം ലഭിക്കുവാനോ പണം സമ്പാദിക്കുവാനോ ഒക്കെ ആയിരിക്കും. ഇവരിൽ പലരും ആളുകളെ തങ്ങളുടെ പിടിയിൽ നിറുത്തുവാൻ വേണ്ടി അവരുമായി വിശ്വസ്തതയോടെ എഴുത്തുകുത്തിൽ ഏർപ്പെടുന്നു. എന്നാൽ വെളിപ്പാട് 2, 3 എന്നീ അദ്ധ്യായങ്ങ

ളിലും ലേഖനങ്ങളിലും കാണുന്നവയും കർത്താവോ അപ്പോസ്തലന്മാരോ എഴുതിയിട്ടുള്ളവയുമായ ലേഖനങ്ങളിലെപ്പോലെ ശാസനയുടേയും തെറ്റുതിരുത്തലിന്റെയും വാക്കുകൾ ഈ ലേഖനങ്ങളിൽ കാണുകയില്ല. നേരേമറിച്ച് അഭിനന്ദനം, പ്രശംസ, മുഖസ്തുതി എന്നിവയുടെ വാക്കുകൾ മാത്രമേ ഇവയിൽ കാണുകയുള്ളു.

ഇത്തരം മൃദുലവാക്കുകൾ നിങ്ങളുടെ ഹൃദയത്തെ അഹങ്കാരവും സ്വയം സംതൃപ്തിയും കൊണ്ടു മലിനമാക്കുകയേ ചെയ്യൂ എന്ന് ഓർത്തുകൊള്ളുക. നേരേമറിച്ച് ശാസനാവാക്കുകൾ നിങ്ങളുടെ ഹൃദയത്തെ മാലിന്യം നീക്കി ശുദ്ധീകരിക്കും. 'എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു' (വെളി. 3:19). ശാസന ദൈവസ്നേഹത്തിന്റെ ഒരടയാളമാണ്.

ദൈവം നമ്മെ ശാസിക്കുവാനായി ഒരു പ്രവാചകനെ നമ്മുടെ അടുക്കലേക്കയയ്ക്കുമ്പോൾ അതു ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവം ഒരു സഭയെ ഉപേക്ഷിച്ചുകളയുമ്പോൾ അതിനെ ശാസിക്കുന്ന ഒറു പ്രവാചകനെയും അവരുടെ മധ്യത്തിൽ പിന്നെ കാണുകയില്ല (സങ്കീ. 74:1,9). പകരം, മധുരവാക്കുകൾ സംസാരിക്കുന്ന പ്രവാചകരായിരിക്കും അവിടെ ഉണ്ടാവുക (2 തിമോ. 4:3,4). ഏതു ദൈവജനത്തിനും സംഭവിക്കാവുന്ന ഒരു ദയനീയ സ്ഥിതിയാണിത്.

വെളിപ്പാട് രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ അവിടെയുള്ള ഏഴു സഭകളിൽ അഞ്ചും മോശമായ അവസ്ഥയിലായിരുന്നുവെങ്കിലും ദൈവം അന്നുവരെയും അവരെ ഉപേക്ഷിച്ചിരുന്നില്ലെന്നു നാം കാണുന്നു. ഒരു പ്രവാചകനെ (യോഹന്നാൻ അപ്പോസ്തലനെ) തന്റെ കത്തുകൾ കൊണ്ട് അവരെ ശാസിക്കുവാനും തെറ്റു തിരുത്തുവാനുമായി ദൈവം അവരുടെ മധ്യത്തിലേക്കയച്ചത് അതിന്റെ തെളിവാണ്.

യോഹന്നാന്റെ പക്കൽ മൂപ്പന്മാരെ ലക്ഷ്യമാക്കിപ്പോലും പ്രയോഗിപ്പാൻ ശക്തമായ വാക്കുകൾ ഉണ്ടായിരുന്നു: 'നിന്റെ ആദ്യസ്നേഹം നീ വിട്ടുകളഞ്ഞു' 'നീ ആത്മീയമായി മരിച്ചവനത്രേ', 'നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമാണ്' എന്നിപ്രകാരമുള്ള വാക്കുകൾ തന്നെ. ആ മൂപ്പന്മാരും ആ സഭകളും ഈ ശാസനാവാക്കുകൾ കേട്ടു മാനസാന്തരപ്പെടുന്നില്ലെങ്കിൽ അവർ ഉപേക്ഷിക്കപ്പെടുകതന്നെ ചെയ്യും.

കർത്താവ് ഒരിക്കൽ 'നിലവിളക്കു നീക്കിക്കളഞ്ഞാൽ' പിന്നെ അപ്രകാരമൊരു സഭയെ ശാസിക്കുവാൻ പ്രവാചകന്മാരെ അവരുടെ അടുക്കൽ അയയ്ക്കുകയില്ല. അപ്പോൾ കള്ള പ്രവാചകന്മാർ ചുമതലയേറ്റെടുക്കുകയും ചെയ്യും! കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിൽ ഉടനീളം സഭതോറും തലമുറതോറും ഇതു സംഭവിച്ചിട്ടുണ്ട്. ഇന്നും നമുക്കു ചുറ്റുപാടും ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇപ്രകാരമൊരു കാലഘട്ടത്തിലാണ് 'തങ്ങളുടെ ദൈവത്തെ അറിയുകയും ശക്തരായി നിന്നു വൻകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന' ദൈവഭൃത്യന്മാരുടെ വലിയ ആവശ്യമുള്ളത് (വാ. 32). അവർ ദൈവത്തെ അറിയുന്നവരാകയാൽ ഒരു മനുഷ്യനെയും ഭയപ്പെടുകയില്ല.

(തുടരും)

❖

# കഷ്ടതയിൽ വിളിച്ചപേക്ഷിക്ക

സി.എച്ച്. സ്പർജൻ

പ്രതിസന്ധിയുടെ ഘട്ടത്തിൽ ഒരു ഉപദേശം, വാഗ്ദാനം അവ നൽകുന്ന ആത്യന്തികഫലം എന്നിവ എന്താണെന്നു ചിത്രീകരിക്കുന്ന ഒരു കൊച്ചുവാക്യമാണ് സങ്കീർത്തനം 50:15.
വാക്യം ഇങ്ങനെ : "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും."
ഈ വാക്യം തീർച്ചയായും വലിയൊരു ഉറപ്പാണ്!
(1) ഇതാ, ഒരു വലിയ പ്രതിസന്ധി:
"*കഷ്ടകാലം.*" കഷ്ടതയുടെ ഈ നാളുകളിൽ നട്ടുച്ചയ്ക്കും ഇരുട്ടാണ്. മുൻപിലത്തേതിനെക്കാൾ ഇരുണ്ടതായി ഓരോ മണിക്കൂറും മാറുന്നു. ഈ മട്ടിൽ കാർമേഘം മൂടിയ ഇരുണ്ട ഒരു പകൽ നിങ്ങളുടെ ജീവിതത്തിലുണ്ടോ? ആ നിലയിലുള്ള ഒരു അടിയന്തരസാഹചര്യം സംജാതമായിരിക്കുന്നുവോ? എങ്കിൽ ഈ അടിയന്തിരസാഹചര്യത്തിൽ തന്നെയാണു തുടർന്നുള്ള ഉപദേശവും വാഗ്ദാനവും സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് എത്ര ആശ്ചര്യകരം!
(2) ഇതാ, കരുണാർദ്രമായ ഒരു ഉപദേശം:
"*എന്നെ വിളിച്ചപേക്ഷിക്ക.*" നമുക്കു സത്യത്തിൽ ഇങ്ങനെയൊരു പ്രബോധനത്തിന്റെ ആവശ്യമില്ല. കാരണം 'വിളിച്ചപേക്ഷിക്കുക' എന്നത് എല്ലാ ദിവസവും, അല്ല ദിവസം മുഴുവൻ, നമ്മുടെ സ്വഭാവമായി മാറേണ്ടതാണ്. ദൈവത്തെ വിളിച്ചപേക്ഷിക്കാനുള്ള സ്വാതന്ത്ര്യം അവിടുന്നു നൽകിയതു തന്നെ അവിടുത്തെ കരുണയാണ്! അതുവേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ എത്ര വലിയ ജ്ഞാനം നമുക്കു വേണ്ടിയിരിക്കുന്നു! അടിയന്തരസാഹചര്യത്തിൽ മനുഷ്യരുടെ അടുത്തേക്ക് അഭയത്തിന് ഓടുന്നത് എത്ര വലിയ ഭോഷത്തമാണ്! നമ്മുടെ വിഷയങ്ങൾ അവിടുത്തെ മുൻപിലേക്കു കൊണ്ടുവരാനാണു കർത്താവു നമ്മെ ക്ഷണിക്കുന്നത്. നാം അങ്ങനെ ചെയ്യുവാൻ ഇനി താമസിക്കരുതേ!
(3) ഇതാ, ഉറപ്പേറിയ ഒരു വാഗ്ദാനം!:
"*ഞാൻ നിന്നെ വിടുവിക്കും.*" പ്രശ്നം എത്ര വലുതായാലും എന്തുതന്നെയായാലും കർത്താവിനതു പ്രശ്നമല്ല. അവിടുന്നു നമുക്ക് സമ്പൂർണമായ, ഉറപ്പേറിയ, സന്തോഷഭരിതമായ വിടുതൽ നൽകും. അത് അവിടുത്തെ വാക്കാണ്. വാക്കു പറഞ്ഞവൻ മാറുകയില്ല. വിടുതലിന്റെ പ്രവൃത്തി അവിടുന്നു തൃക്കരങ്ങളാൽ തന്നെ ചെയ്തെടുക്കും. നിശ്ചയം. നാം അതാണു വിശ്വസിക്കുന്നത്. കർത്താവു നമ്മുടെ വിശ്വാസത്തെ മാനിക്കും.
(4) ഇതാ, ആത്യന്തികമായ ഫലം!:
"*നീ എന്നെ മഹത്വപ്പെടുത്തും.*" നാം അത് അളവുകൂടാതെ ചെയ്യും. അവിടുന്നു നമ്മെ വിടുവിക്കുമ്പോൾ നാം അത്യുച്ചത്തിൽ തന്നെ സ്തുതിക്കും. അവിടുന്ന് അങ്ങനെ ചെയ്യുമെന്ന് ഉറപ്പുള്ളതിനാൽ നമുക്ക് ഇപ്പോൾ തന്നെ കർത്താവിനെ സ്തുതിക്കാനും മഹത്വപ്പെടുത്താനും തുടങ്ങാം.



തിരുവെഴുത്തുകളെ പരിശോധിക്കുക

*ബൈബിളിലൂടെ........*

എബ്രായലേഖനം

# പുതിയ ജീവന്റെ വഴി

എബ്രായലേഖനത്തിന്റെ കേന്ദ്ര ബിന്ദുവാണ് 10:19-25 വേദഭാഗം. യേശുക്രിസ്തു ഉദ്ഘാടനം ചെയ്ത പുതിയതും ജീവനുള്ളതുമായ ഒരു വഴിയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ദൈവസന്നിധിയിലേക്ക് പെട്ടെന്നു തന്നെ പ്രവേശിക്കുവാനും അവിടെ സ്ഥിരമായി വസിക്കുവാനും സാദ്ധ്യമാക്കുന്ന വഴി. മനുഷ്യനുവേണ്ടിയുള്ള ദൈവിക പദ്ധതിയും നമ്മുടെ പദവിയുമാണത്. "അതിവിശുദ്ധസ്ഥലത്തേക്കു നമുക്കു പ്രവേശനത്തിനുള്ള ധൈര്യം ലഭിച്ചിരിക്കുന്നു(പ്രാഥമികമായി) യേശുവിന്റെ രക്തത്താൽ. (രണ്ടാമതായി) തന്റെ ദേഹമാകുന്ന തിരശ്ശീല ചീന്തി യേശു തുറന്ന പുതിയതും ജീവനുള്ളതുമായ വഴിയും നമുക്കു ലഭിച്ചിരിക്കുന്നു." യേശു ജീവനെ വെടിഞ്ഞപ്പോൾ ദേവാലയത്തിലെ തിരശ്ശീല



*ഓട്ടക്കാർ ഒരിക്കലും ട്രാക്കിലേക്കു നോക്കിയല്ല ഓടുന്നത്. അവർ മുമ്പിലുള്ള ഫിനിഷിംഗ് പോയിന്റിലേക്കു കണ്ണു നട്ടായിരിക്കും ഓടുക.*

ചീന്തിപ്പോയി. ആ തിരശ്ശീല തന്റെ ദേഹത്തെ (സ്വന്തഇച്ഛയെ) പ്രതിനിധീകരിക്കുന്നു. ഈ ഭൂമിയിലെ ജീവിതത്തിന്റെ എല്ലാ നാളുകളിലും ആ തിരശ്ശീല ചീന്തി(ക്രൂശിക്കപ്പെട്ടു). പിതാവിന്റെ ഹിതം നിറവേറ്റുവാൻ സ്വന്തഹിതം എല്ലായ്പ്പോഴും ക്രൂശിക്കപ്പെട്ടു (യോഹ. 6:38). ഇതിനെയാണു നാം 'പുതിയതും ജീവനുള്ളതുമായ വഴി' എന്നു വിളിക്കുന്നത്.

പുതിയത് എന്നാൽ എപ്പോഴും പുതുക്കപ്പെടുന്നത് എന്നർത്ഥം വെളി.5:9-ൽ യേശുവിന്റെ മരണത്തെക്കുറിച്ച് സ്വർഗ്ഗത്തിൽ ഒരു പുതിയ പാട്ട് അവർ പാടുന്നു എന്നു നാം വായിക്കുന്നു. അതെങ്ങനെയാണ് ഒരു പുതിയ പാട്ടാകുന്നത്? അതു പാടുന്നവർക്കെല്ലാം അതൊരു പുതിയ അനുഭവമാണ്. അങ്ങനെയാണ് യേശുവിന്റെ മരണം അനുഗമിക്കുന്ന നമുക്ക് പരിശുദ്ധാത്മാവ് ജീവിക്കുന്ന ഒരു പുതുവഴിയാക്കിത്തീർക്കുന്നത്. അത് ആസ്വാദ്യകരമായ ഒരു അനുഭവം തന്നെ. സ്വന്തം ഇഷ്ടത്തെയും സ്വയത്തെയും മരണത്തിനേൽപ്പിച്ച് എല്ലാദിവസവും ശരീരത്തെ ദൈവേഷ്ടം ചെയ്വാനായി അർപ്പിക്കുന്ന എല്ലായ്പ്പോഴും പുതുമയുടെ അനുഭവം തരുന്ന ക്രൂശിന്റെ വഴി. ഈ അദ്ധ്യായത്തിൽ മുമ്പെ നാം കണ്ടതുപോലെ "ദൈവമേ, ഇതാ നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ വരുന്നു." ഇന്നു നമുക്കു തിരശ്ശീല ചീന്തേണ്ട ആവശ്യമില്ല. യേശു നമുക്കു വേണ്ടി തിരശ്ശീല ചീന്തി പുതിയ വഴി തുറന്നിരിക്കുന്നു. ഇന്നു നാം ആ വഴിയേ നടന്നാൽ മതി. ദൈവസാന്നിദ്ധ്യത്തിൽ നിരന്തരം വസിച്ചാൽ മതി.

യേശു നമുക്കു നടക്കേണ്ടതിനു പുതിയ ഒരു വഴി തുറന്നിരിക്കുന്നു. യേശുവിനെ സംബന്ധിച്ച് ആ നടപ്പ് എളുപ്പമായിരുന്നില്ല. 33½ വർഷത്തെ ജീവിതത്തിന്റെ ഓരോനാളും സ്വയത്തിനു മരിക്കുക എന്ന വില നൽകി വഴി തുറക്കേണ്ടതുണ്ടായിരുന്നു. ഇന്നു യേശു നമ്മെ കടന്നുവരുവാനായി ക്ഷണിക്കുന്ന വിശുദ്ധിയുടെ പെരുവഴി ഇതാണ് (യെശ.35:8). എന്നാൽ ക്രൂശിന്റെ വഴി എന്ന ഈ വഴി നമ്മുടെ ലക്ഷ്യമായിപ്പോകാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. യേശു ക്രൂശിനെ സഹിച്ചതു തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷ(പിതാവിനോടുള്ള കൂട്ടായ്മ)ത്തെ ലക്ഷ്യം വച്ചുള്ള ഓട്ടത്തിലായിരുന്നു. നിങ്ങൾ ചെന്നൈയിൽനിന്നും ബാംഗ്ലൂരിലേക്ക് ഒരു പുതിയ റോഡിലൂടെ യാത്ര ചെയ്യുന്നു എങ്കിൽ ആ റോഡിന്റെ മനോഹാരിത ഒരിക്കലും നിങ്ങളെ പിടിച്ചടക്കാൻ നിങ്ങൾ അനുവദിക്കില്ല. അങ്ങനെ സംഭവിച്ചാൽ നിങ്ങൾ ബാംഗ്ലൂരിലെത്തുകയില്ല. ലക്ഷ്യസ്ഥാനത്ത് എത്തുവാനുള്ള ഒരു ഉപാധി മാത്രമാണ് റോഡ്. അതുപോലെ തന്നെ ക്രൂശിന്റെ വഴി പിതാവിന്റെ സന്നിധിയിൽ എത്തുവാനും അവിടെ വസിക്കുവാനുമുള്ള ഒരു ഉപാധി മാത്രമാണ്. ജഡത്തെ മരിപ്പിക്കുന്നതിനെക്കുറിച്ചു മാത്രം സംസാരിക്കുന്ന വിശ്വാസികളുണ്ട്. അവർ വിഷാദചിത്തരും മ്ലാനതയുള്ളവരും മറ്റുള്ളവരെ വിധിക്കുന്നവരുമായി അഴിച്ചുവിടുന്ന വിമർശനങ്ങളിലൂടെ തങ്ങളുടെ ജഡം ജീവിക്കുന്നു എന്നു തെളിയിക്കുന്നു. അവരുടെ യാത്ര ഒരിക്കലും ലക്ഷ്യസ്ഥാനത്തെത്തുന്നില്ല. 20 വർഷങ്ങൾക്കുശേഷവും അവർ ഈ വഴിയെക്കുറിച്ചു പ്രസംഗിക്കുക മാത്രം ചെയ്യുകയും

**മനഃപൂർവ്വം പാപം ചെയ്യുന്നതിന്റെ അപകടങ്ങളെക്കുറിച്ചു പറഞ്ഞാൽ അങ്ങനെ ചെയ്യുന്ന പാപം പരിഹരിക്കുവാൻ വേറെ യാഗം ഇല്ല. നാം യഥാർത്ഥമായും പാപത്തെക്കുറിച്ച് അനുതപിച്ചിരിക്കുന്നു എങ്കിൽ നമ്മുടെ മനോഭാവം തന്നെ മാറിയിരിക്കും ഒരു പക്ഷേ ഒരു നിമിഷത്തെ ബലഹീനത കാരണമായി നാം വീണുപോയാലും നാം പാപത്തെ വെറുക്കുകയും അതിൽനിന്നും കരകയറുകയും ചെയ്യും. ഭാവിയിൽ അത്തരം സാഹചര്യങ്ങളെ ഒഴിവാക്കാൻ പരിശ്രമിക്കയും ചെയ്യും.**

ലക്ഷ്യത്തോട് അടുത്തു ചെല്ലാതെയുമിരിക്കുന്നു. ക്രിസ്തു തുല്യമായ മനസ്സിൽ നിന്നും അവർ എത്ര അകലെയാണ്! ക്രിസ്തു തുല്യമായ മനസ്സും ദൈവത്തോടുള്ള കൂട്ടായ്മയുമാണ് നമ്മുടെ ലക്ഷ്യം.

മാർഗ്ഗത്തിലേക്ക് നോക്കിയല്ല യേശുവിലേക്കു നോക്കിയാണു നാം നമ്മുടെ ഓട്ടം ഓടുന്നത്. (എബ്രാ. 12:1). ഓട്ടക്കാർ ഒരിക്കലും ട്രാക്കിലേക്കു നോക്കിയല്ല ഓടുന്നത്. അവർ മുമ്പിലുള്ള ഫിനിഷിംഗ് പോയിന്റിലേക്കു കണ്ണു നട്ടായിരിക്കും ഓടുക. റോഡിലേക്കു നോക്കി ഓടുന്നവർ ഒടുവിലായിട്ടായിരിക്കും ഫിനിഷിംഗ് പോയിന്റിൽ എത്തുന്നത്. ക്രൂശിന്റെ സന്ദേശം ഗ്രഹിച്ചിട്ടുണ്ട് എന്നു വച്ച് നിങ്ങൾ വിശുദ്ധനാവില്ല. യേശു എന്ന വ്യക്തിയാൽ പിടിക്കപ്പെട്ടിരിക്കുന്നു എങ്കിൽ നിങ്ങൾ വിശുദ്ധനാകും.

കർത്താവു നമുക്കുവേണ്ടി ക്രൂശിന്റെ വഴി തുറന്നുതന്നുകൊണ്ട് നമുക്ക് മുന്നോടിയും മഹാപുരോഹിതനുമായിത്തീർന്നു-തന്നെ അനുഗമിച്ചുകൊണ്ട് ആ വഴിയിലൂടെ നടക്കേണ്ടതിന്. "അതുകൊണ്ട് ശരീരം ശുദ്ധവെള്ളത്താൽ കഴുകപ്പെട്ടവരായി ദുഷിച്ച മനസ്സാക്ഷിയെ നീക്കി ശുദ്ധഹൃദയത്തോടെ വിശ്വാസത്തിന്റെ ഉറപ്പും പരമാർത്ഥ മനസ്സും ഉള്ളവരായി ദൈവത്തോട് അടുത്തു ചെല്ലാം." (10:22).

ഈ വാക്യത്തിലെ ആദ്യപ്രയോഗത്തിന്റെ അർത്ഥം നാം ശരീരം കൊണ്ടു ചെയ്ത തെറ്റുകൾക്കു നിരപ്പുണ്ടാക്കി എന്നാണ്. ഉദാഹരണമായി നാം മുറിവേല്പിച്ചവരോടു ക്ഷമ ചോദിച്ചു. ആരുടെയെങ്കിലും പണം അന്യായമായി നമ്മുടെ കയ്യിൽ വന്നിട്ടുണ്ടെങ്കിൽ അതു തിരിച്ചുകൊടുത്തു മുതലാവ. അങ്ങനെ നമ്മുടെ നാവും കൈകളും ശുദ്ധമാക്കി, അങ്ങനെ ഇപ്പോൾ മാറിപ്പോകാതെ വണ്ണം നാം നമ്മുടെ പ്രത്യാശയുടെ സ്വീകാരം മുറുകെ പിടിക്കുന്നു. ഇപ്പോൾ നാം സഹവിശ്വാസികളുടെ സ്നേഹം ജ്വലിപ്പിക്കേണ്ടതെങ്ങനെയെന്നതാണ് ചിന്തിക്കുന്നത്. നാം ഇനിമേൽ നമുക്കുവേണ്ടിയല്ല ജീവിക്കുന്നത്. സഹവിശ്വാസികളോടുള്ള കൂട്ടായ്മയ്ക്കു നാം സമയം കണ്ടെത്തണം. കർത്താവിന്റെ വരവിനെ കാത്തിരിക്കുന്നതിനാൽ കൂട്ടായ്മ വർദ്ധിക്കണം. (10:23-25).

10:19-25 വരെയുള്ള വേദഭാഗം വളരെ പ്രാധാന്യമുള്ളതാണ്. ഇതിനെ ഗൗരവത്തോടെ വായിക്കയും ധ്യാനപൂർവ്വം ഉൾക്കൊള്ളുകയും വേണം.

മനഃപൂർവ്വം പാപം ചെയ്യുന്നതിന്റെ അപകടങ്ങളെക്കുറിച്ചു പറഞ്ഞാൽ അങ്ങനെ ചെയ്യുന്ന പാപം പരിഹരിക്കുവാൻ വേറെ യാഗം ഇല്ല. നാം യഥാർത്ഥമായും പാപത്തെക്കുറിച്ച് അനുതപിച്ചിരിക്കുന്നു എങ്കിൽ നമ്മുടെ മനോഭാവം തന്നെ മാറിയിരിക്കും ഒരു പക്ഷേ ഒരു നിമിഷത്തെ ബലഹീനത കാരണമായി നാം വീണുപോയാലും നാം പാപത്തെ വെറുക്കുകയും അതിൽനിന്നും കരകയറുകയും ചെയ്യും. ഭാവിയിൽ അത്തരം സാഹചര്യങ്ങളെ ഒഴിവാക്കാൻ പരിശ്രമിക്കയും ചെയ്യും.

ജീവന്റെ പുതുവഴി എന്നാൽ അതൊരു വാതിലല്ല വഴിയാണ്. നാം മുമ്പോട്ടു നടക്കേണ്ട വഴി. പിന്നീടു 12:1 ൽ യേശുവിനെ നോക്കി ഓടുവാൻ എബ്രായലേഖനകാരൻ നമ്മെ ആഹ്വാനം ചെയ്യുന്നു. വിശ്വാസികൾ പിന്മാറ്റത്തിൽ വീഴുന്നത് മുമ്പോട്ടുള്ള ഈ നടപ്പ് നിലയ്ക്കുമ്പോഴാണ്. ഒരു വിമാനം മുമ്പോട്ടുള്ള ചലനം നിലനിർത്തുന്നത്രയും അന്തരീക്ഷത്തിൽ ഉയർന്നു നില്ക്കും. അതിന്റെ യന്ത്രങ്ങൾ ചലനമറ്റ് നിന്നുപോയാൽ അതു താഴുവാൻ തുടങ്ങും. ക്രിസ്തീയ ജീവിതവും ഇതുപോലെയാണ്. നാം മുമ്പോട്ടു പോകുന്നില്ലെങ്കിൽ നാം പിന്മാറ്റത്തിലായിപ്പോകും.

പഴയ ഉടമ്പടിയുടെ കാലത്ത് പാപം ചെയ്തവർക്ക് കരുണയില്ലാത്ത ശിക്ഷ ലഭിച്ചതിനെക്കുറിച്ചു നമുക്ക് എബ്രായലേഖനം ഉറപ്പുതരുന്നു (10:28). അവരെക്കാൾ ഉന്നതമായ വിളി ലഭിച്ചവരാണു നാം എന്നതിനാൽ നമ്മുടെ ശിക്ഷയും വളരെ കഠിനമായിരിക്കും— പാപത്തെ നാം ലഘുവായി കാണുന്നു എങ്കിൽ. ദൈവപുത്രനെ ചവിട്ടിക്കളകയും

**ആളുകൾ നമ്മുടെ സ്വത്തുക്കൾ അപഹരിച്ചു എന്നു വരാം. ഭൗമികമായ കാര്യങ്ങളാൽ നാം പിടിക്കപ്പെട്ടുകൂടാ. ഇന്ത്യയിൽ പീഡനം വന്നാൽ നമുക്ക് ധനവും മാനവും ഒക്കെ നഷ്ടമായെന്നു വരാം. നാം നേരായി നടക്കുന്ന ക്രിസ്ത്യാനികളെങ്കിൽ നമുക്ക് ജോലി ലഭിച്ചില്ലെന്നു വരാം. ഉദ്യോഗക്കയറ്റം കിട്ടിയില്ലെന്നു വരാം. ആളുകൾ നമ്മുടെ സഭാമന്ദിരങ്ങൾ അടിച്ചുപൊളിക്കയും ചെയ്തെന്നു വരാം. നാം ദൈവത്തോടൊപ്പം അതിവിശുദ്ധസ്ഥലത്തു വസിക്കുന്നവരെങ്കിൽ ഇതൊക്കെ സന്തോഷത്തോടെ സ്വീകരിക്കുവാൻ നാം സന്നദ്ധരാകും.**

നമ്മെ ശുദ്ധീകരിച്ച നിയമ രക്തത്തെ മലിനമെന്ന് എണ്ണുകയും കൃപയുടെ ആത്മാവിനെ അവഗണിക്കയും ചെയ്യുന്നു എങ്കിൽ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരമാണ് (10:31).

നാം ക്രിസ്തുവിനുവേണ്ടി സഹിക്കുവാൻ മനസ്സുള്ളവരാകണമെന്നു തുടർന്നുപറയുന്നു (10:32-34). ആളുകൾ നമ്മുടെ സ്വത്തുക്കൾ അപഹരിച്ചു എന്നു വരാം. ഭൗമികമായ കാര്യങ്ങളാൽ നാം പിടിക്കപ്പെട്ടുകൂടാ. ഇന്ത്യയിൽ പീഡനം വന്നാൽ നമുക്ക് ധനവും മാനവും ഒക്കെ നഷ്ടമായെന്നു വരാം. നാം നേരായി നടക്കുന്ന ക്രിസ്ത്യാനികളെങ്കിൽ നമുക്ക് ജോലി ലഭിച്ചില്ലെന്നു വരാം. ഉദ്യോഗക്കയറ്റം കിട്ടിയില്ലെന്നു വരാം. ആളുകൾ നമുക്കെതിരായിത്തീരുകയും നമ്മുടെ സഭാമന്ദിരങ്ങൾ അടി

## കഷ്ടതകൾക്കു നടുവിലെ ദൈവിക കരുതൽ

*(പേജ് 10 ൽ നിന്ന് തുടർച്ച...)*

എന്നാൽ, ഇതിൽ നാം ഇയ്യോബിനെ കുറ്റപ്പെടുത്തേണ്ടതില്ല, കാരണം, നമുക്ക് ഇന്നുള്ളതുപോലെ എഴുതപ്പെട്ട തിരുവെഴുത്തുകൾ അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. എന്നാൽ ദൈവമക്കൾക്കു ചുറ്റുമുള്ള വേലിയുടെ ഛിദ്രം ആരുടെ നിയന്ത്രണത്തിലാണെന്നു കാണിച്ചുതരുവാൻ നമുക്കിന്നു ദൈവവചനം നമ്മുടെ പക്കലുണ്ട്. ഈ വേലി ദൈവം തന്നെയാണെന്നും അവിടുന്നു തീമതിലായി നമുക്കു ചുറ്റും ഉണ്ടെന്നും സെഖ.2:5-ൽ നാം വായിക്കുന്നു. എന്നാൽ പലപ്പോഴും എലീശായുടെ ദാസനെപ്പോലെ ഇങ്ങനെയുള്ള സ്വർഗ്ഗീയമായ യാഥാർത്ഥ്യങ്ങളെ കാണാതെവണ്ണം നമ്മുടെ കണ്ണുകൾ അടഞ്ഞിരിക്കുന്നു. നമ്മെ ചുറ്റിയിരിക്കുന്ന തീമതിൽ നാം കാണുന്നില്ല. അഗ്നിരഥങ്ങളെയും കുതിരകളെയും സ്വയം കാണുവാൻ കഴിഞ്ഞതുകൊണ്ട് എലിശായ്ക്ക് അശേഷവും ഭയമുണ്ടായിരുന്നില്ല (2 രാജാ.6: 15-17). നമ്മുടെയും കണ്ണുകൾ തുറക്കപ്പെടേണ്ടിയിരിക്കുന്നു.

വേലിയുടെ തുറന്ന ഭാഗം എപ്പോൾ അടയ്ക്കണമെന്നും ദൈവത്തിനറിയാം. നമ്മുടെ സാഹചര്യങ്ങളെ വളരെ ശ്രദ്ധയോടും കൃത്യമായും അവിടുന്നു നിയന്ത്രിക്കുന്നു. നമ്മുടെ ആത്മീയമായ കഴിവിനും പരമോന്നത മാർഗ്ഗത്തിലെത്തുവാനുള്ള നമ്മുടെ താൽപര്യത്തിനും അനുസൃതമായിട്ടാണ് അവിടുന്ന് അപ്രകാരം ചെയ്യുന്നത്. നാം ആത്മീയമായി പക്വതയില്ലാത്തവരും ബലഹീനരുമായിരിക്കുമ്പോൾ അതികഠിനമായ ഏതെങ്കിലും പരീക്ഷകൾക്കു ദൈവം നമ്മെ വിധേയരാക്കുകയില്ല. മറ്റു മനുഷ്യരോ സാത്താനോ നമ്മെ അത്യുഗ്രമായി ആക്രമിക്കുന്നതിനും അവിടുന്ന് അനുവദിക്കയില്ല. അതുപോലെതന്നെ, നമ്മെക്കുറിച്ചുള്ള തന്റെ ഉദ്ദേശ്യങ്ങളിൽ നമുക്കു താൽപര്യമില്ലെന്നു ദൈവം കാണുകയാണെങ്കിൽ. നമുക്കു സൗകര്യപ്രദമായ ജീവിതപന്ഥാവിലൂടെ നീങ്ങുവാൻ അവിടുന്നു നമ്മെ അനുവദിക്കും. അതുകൊണ്ടു നിത്യതയിൽ നമുക്കുണ്ടാകുന്ന നഷ്ടത്തിനു നാം

---

ച്ചുപൊളിക്കയും ചെയ്തെന്നു വരാം. നാം ദൈവത്തോടൊപ്പം അതിവിശുദ്ധസ്ഥലത്തു വസിക്കുന്നവരെങ്കിൽ ഇതൊക്കെ സന്തോഷത്തോടെ സ്വീകരിക്കുവാൻ നാം സന്നദ്ധരാകും (10:34). ഇതൊന്നും നമ്മെ ബാധിക്കുകയില്ല. കരണം സ്വർഗ്ഗത്തിൽ നമുക്ക് ഉത്തമമായ സമ്പത്ത് കരുതിയിട്ടുണ്ടെന്നു നാം അറിയുന്നു.

ഇതിനു പകരം നാം പിന്മാറിപ്പോകുന്നു എങ്കിൽ ദൈവത്തിനു നമ്മിൽ പ്രസാദമില്ല (10:38). രണ്ടേ രണ്ടു വഴികൾ മാത്രമേ നമുക്കു മുമ്പിലുള്ളു.

ഒന്ന്: വിശ്വാസത്തിൽ പതറാതെ മുമ്പോട്ടു പോവുക. രണ്ട്: പിന്മാറിപ്പോവുക. വിശ്വാസത്താൽ ജീവിക്കുന്നു എങ്കിൽ നിങ്ങൾക്ക് അഭിവൃദ്ധിയുണ്ടാകും. വിശ്വാസത്തിലുള്ള ജീവിതത്തിന്റെ മറുവശം പിന്മാറ്റമാണ് (10:38). അങ്ങനെ പിന്മാറ്റം എന്നത് വിശ്വാസത്തിന്റെ തകർച്ചയാണെന്നു നാം ഇവിടെ കണ്ടെത്തുന്നു.

(തുടരും)

മൊഴിമാറ്റം:**ബേബി ചെറിയാൻ**

❖

തന്നെയായിരിക്കും ഉത്തരവാദികൾ.

ദൈവത്തിന്റെ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരിലൊരാളായിരുന്നു ഇയ്യോബ്. അതുകൊണ്ടാണ് അത്ര കഠിനമായ കഷ്ടതകളിലൂടെ ദൈവം അദ്ദേഹത്തെ കടത്തിവിട്ടത്. എല്ലാവരുടെയും ജീവിതത്തിൽ ദൈവം അപ്രകാരം ചെയ്യാറില്ല. അത്തരം കഷ്ടതകൾ സഹിക്കുവാനുള്ള ആത്മീയ വളർച്ചയെത്തിയവർ വളരെ ചുരുക്കമാണെന്നാണ് ഇതിനു കാരണം. മാത്രമല്ല, ഈ ആത്മീയ വളർച്ചയിൽ താൽപര്യമുള്ളവരും വിരളമത്രേ.

നമുക്കു നേരിടേണ്ടിവരുന്ന എല്ലാവിധ പരീക്ഷകളിലൂടെയും ദൈവം തന്റെ പുത്രനായ യേശുവിനെ കടത്തി. അങ്ങനെയാണ് യേശു തികഞ്ഞവനായിത്തീർന്നത് (എബ്രാ. 4:15; 5: 7–9) നമുക്കും തികഞ്ഞവരായിത്തീരുവാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല തന്നെ.,

നമുക്കു കഴിയുന്നുതിനുമീതെ പരീക്ഷിക്കപ്പെടുവാൻ ദൈവം നമ്മെ ഒരിക്കലും അനുവദിക്കില്ല. എല്ലായ്പ്പോഴും ജയജീവിതം നയിക്കുന്നവരായിരിപ്പാൻ നമുക്കു സാധിക്കുമെന്നതിന്റെ ഉറപ്പ് ഈ വസ്തുതയിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. 1 കൊരി., 10:13-ൽ ദൈവം ഉറപ്പു നൽകിയിരുന്നില്ലെങ്കിൽ ഒരിക്കലും ഇപ്രകാരമുള്ള ഒരു ധൈര്യം നമുക്കുണ്ടാകുവാൻ കഴിയുമായിരുന്നില്ല.

നമ്മുടെ ജീവിതത്തിൽ വരുന്ന ഓരോ പരീക്ഷയും പരിശോധനയും നമുക്കു കീഴടക്കുവാൻ കഴിയുമെന്നു ദൈവം ഉറപ്പു തരുന്നു. പിന്നെ എന്തു കൊണ്ടു നാം പരാജയപ്പെടുന്നു? ഓരോ പരീക്ഷയിലും പരിശോധനയിലും ദൈവം ക്രമീകരിച്ചിട്ടുള്ള രക്ഷാമാർഗ്ഗം നാം സ്വീകരിക്കുന്നില്ല എന്നതാണിതിനു കാരണം.

രക്ഷപെടുന്നതിനുള്ള ഈ മാർഗ്ഗം എന്താണ്? യേശു ചെയ്തതുപോലെ, ക്രൂശിലെ മരണത്തോളം തന്നെ, നമ്മെ വിനയപ്പെടുത്തുകയാണ് (താഴ്ത്തുകയാണ്) ഈ മാർഗ്ഗം (ഫിലി. 2:8). ചുരുക്കം പേർ മാത്രം കണ്ടെത്തുന്നതും സമൃദ്ധിയായ ജീവങ്കലേക്കുള്ളതുമായ ഇടുങ്ങിയ മാർഗ്ഗമത്രേ ഇത്. നിഗളം അഥവാ അഹംഭാവം നമ്മുടെ ജഡത്തിൽ വളരെ ആഴത്തിൽ വേരൂന്നിയിരിക്കകൊണ്ട് താഴ്മയുടെ മഹത്വമേറിയ പാത ചുരുക്കം പേർ മാത്രമേ കണ്ടെത്തുന്നുള്ളു. തന്നെത്താൻ താഴ്ത്തുകയെന്നതിന്റെ അർത്ഥം പോലും ചിലർ മാത്രമേ മനസ്സിലാക്കിയിട്ടുള്ളു. ഇതൊരു മർമ്മമായി (രഹസ്യം) ഇരിക്കുന്നുവെങ്കിലും നിങ്ങൾ ആത്മാർത്ഥതയുള്ളവനാണെങ്കിൽ ദൈവം നിങ്ങൾക്കിതു വെളിപ്പെടുത്തിത്തരും.

ബഹുമുഖങ്ങളായ ജീവിതസമ്മർദ്ദങ്ങളാണ് ജീവിതം നമുക്ക് അസഹനീയമാക്കിത്തീർക്കുന്നത് ,എന്നു നാം ചിന്തിക്കാറുണ്ട്. എന്നാൽ വാസ്തവത്തിൽ നമ്മുടെ നിഗളം — നമ്മെക്കുറിച്ചുതന്നെ നമുക്കുള്ള ഉന്നതമായ ചിന്തകൾ- മാത്രമാണ് സകല പ്രശ്നങ്ങൾക്കും കാരണം. വളരെ തിരക്കുപിടിച്ച ട്രെയിനിൽ റിസർവേഷനില്ലാത്ത കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യേണ്ടിവന്നിട്ടുള്ള അവസരങ്ങളിൽ ഇക്കാര്യം ഞാൻ ആഴമായി ചിന്തിച്ചിട്ടുണ്ട്. ഇരിക്കുവാൻ ,സീറ്റു കിട്ടാതെ തറയിലൊരു മൂലയ്ക്കു മാറി ഇരിക്കുന്നതിനോ അല്ലെങ്കിൽ നിൽക്കുന്നതിനോ എനിക്ക് ഇടയായിട്ടുണ്ട്. ട്രെയിൻ പുറപ്പെടുന്ന സ്റ്റേഷനിൽ വച്ചുതന്നെ കമ്പാർട്ടുമെന്റ് മുഴുവൻ ആളുക

ളെയും സാമാനങ്ങളെയും കൊണ്ടു തിങ്ങിനിറഞ്ഞു കഴിഞ്ഞിരിക്കും. വഴിനീളെയുള്ള സ്റ്റേഷനുകളിൽനിന്ന് അധികമധികം ആളുകളും സാമാനങ്ങളും വന്നു ചേരുന്നതനുസരിച്ചു സ്ഥിതിഗതികൾ ക്രമേണ വഷളായി വരുന്നു. ട്രെയിനിനുള്ളിലെ സമ്മർദ്ദം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അപ്പോൾ ഞാനിങ്ങനെ ചിന്തിച്ചിട്ടുണ്ട്: 'ഇപ്പോൾ എനിക്ക് ഒരു എറുമ്പിന്റെ അത്രയും ചെറുതാകുവാൻ കഴിഞ്ഞിരുന്നെങ്കിൽ പിന്നെ അശേഷവും സമ്മർദ്ദം എനിക്കു സഹിക്കേണ്ടിവരില്ലല്ലോ." ഒരു മനുഷ്യനെന്ന നിലയ്ക്കുള്ള എന്റെ വലുപ്പം നിമിത്തമാണ് ആൾത്തിരക്കിന്റെ സമ്മർദ്ദം അത്യധികമായി എനിക്കനുഭവപ്പെടുന്നത്. എന്നെക്കാൾ തടിച്ച ഒരാൾക്കാകട്ടെ, ഈ സമ്മർദ്ദം എനിക്കനുഭവപ്പെട്ടതിനെക്കാൾ കുറെക്കൂടി കഠിനമായി ത്തോന്നും. നമ്മുടെ വലുപ്പത്തെയാണ് ഇത് ആശ്രയിച്ചിരിക്കുന്നത്. ഒരു എറുമ്പിനാകട്ടെ, ഏറ്റവും തിരക്കേറിയ കമ്പാർട്ടുമെന്റു പോലും ധാരാളം സ്ഥലസൗകര്യമുള്ളതായി കാണാൻ കഴിയും. അതുകൊണ്ട് സമ്മർദ്ദത്തെ സംബന്ധിച്ച് അതിനു യാതൊരു പരാതിയും ഉണ്ടാവില്ല.

ആത്മീയപ്രശ്നത്തിനുള്ള മറുപടിയും നമുക്കിവിടെത്തന്നെയുണ്ട്. പുറമേ നിന്നുള്ള സമ്മർദ്ദം വർദ്ധിക്കുമ്പോൾ എന്റെ സ്വന്തദൃഷ്ടിയിൽ അധികമധികം ചെറുതായിത്തീരുവാൻ എനിക്കു സാധിക്കുമെങ്കിൽ, സമ്മർദ്ദം കുറഞ്ഞുവരുന്നതും, ക്രമേണ അത് അപ്രത്യക്ഷമാകുന്നതും എനിക്കു കാണാൻ കഴിയും. നമ്മുടെ വലുപ്പം കുറച്ചുകൊണ്ടുവരുവാൻ ദൈവം ഇച്ഛിക്കുന്നു. ദൈവത്തിനു തന്റെ ഉദ്ദേശ്യങ്ങൾ നമ്മിലൂടെ നിറവേറ്റാൻ കഴിയണമെങ്കിൽ, അതിനുമുമ്പായി നാം നമ്മുടെ തന്നെ മതിപ്പിൽ ഒരു പൂജ്യമായിത്തീർന്നേ മതിയാവൂ. നാം സ്വയം കുറഞ്ഞുകുറഞ്ഞ് ഇല്ലാതാകണം എന്നർത്ഥം.

ഉദാഹരണമായി, എന്തുകൊണ്ടാണ് മറ്റുള്ളവരുടെ വാക്കോ പ്രവൃത്തിയോ നമ്മെ മുറിപ്പെടുത്തുന്നത്? നമ്മെക്കുറിച്ചും നമ്മുടെ അവകാശങ്ങളെക്കുറിച്ചും നമുക്കുള്ള ഉന്നതമായ ചിന്തകളല്ലേ ഇതിനുകാരണം? നാം അർഹിക്കുന്ന വിധത്തിൽ ആളുകൾ നമ്മെ ബഹുമാനിക്കുന്നില്ല എന്നു നമുക്കു തോന്നുന്നു; അല്ലെങ്കിൽ അവർ നമ്മുടെ അവകാശങ്ങൾ കവർന്നെടുക്കുന്നുവെന്നു നാം ഭയപ്പെടുന്നു. മറ്റുള്ളവർ നമ്മെക്കുറിച്ചു ദോഷം സംസാരിക്കുമ്പോൾ നമ്മുടെ വികാരങ്ങൾ വ്രണപ്പെടുന്നു. ഇപ്രകാരമുള്ള നമ്മുടെ എല്ലാ വ്യഥകൾക്കും കാരണം നമ്മുടെ ഊതിവീർത്ത അഹംഭാവം മാത്രമാണ്. അഹംഭാവമാകുന്ന ബലൂണിന് ഒരു സൂചിക്കുത്ത് ഏൽപ്പിക്കുക; വായു മുഴുവൻ വെളിയിൽപ്പോയിക്കഴിയുമ്പോൾ, നമ്മുടെ ഉള്ളിൽ അശേഷവും സമ്മർദ്ദം ശേഷിക്കുന്നില്ലെന്നു നമുക്കു ബോധ്യപ്പെടും. ഇതാണു രഹസ്യം. ഈ രഹസ്യം കാണുവാൻ തക്കവണ്ണം ദൈവം നമ്മുടെ കണ്ണുകൾ തുറന്നുതരട്ടെ. നമ്മുടെ ചുറ്റുമുള്ള ആളുകൾ ഒരായിരം കൂട്ടം കാര്യങ്ങളെച്ചൊല്ലി പരാതിപ്പെടുമ്പോൾ, യാതൊരു പരാതിയും പിറുപിറുപ്പും നമുക്കില്ല. കരണം, നമ്മെത്തന്നെ താഴ്ത്തുകയെന്ന രക്ഷാമാർഗ്ഗം നാം കണ്ടെത്തിയിരിക്കുന്നു.

❖

ഒഴുക്കിനെതിരെ

# ലില്ലിയൻ ട്രേഷർ:

## ഈ എളിയവരിൽ ഒരുവനു ചെയ്തത്....

തനിക്ക് അടുപ്പമുള്ള ഒരു മിഷനറി ദമ്പതികളോടൊപ്പം മിഷനറിയായി ഈജിപ്റ്റിലെ അസ്യൂട്ടിലെത്തിയതായിരുന്നു ലില്ലിയൻ. ഒരു ദിവസം അവൾ രോഗിണിയായ ഒരു അമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ പോയി. ആ അമ്മയുടെ രോഗം മാറിയില്ല. പകരം യുവതിയായ ആ അമ്മ പെട്ടെന്നു മരിച്ചു. അവളുടെ കുഞ്ഞ് അനാഥയായി. അവരുടെ അനാഥയായ ആ മകളെ ഉപേക്ഷിക്കാൻ ലില്ലിയനു മനസ്സുവന്നില്ല. കാരണം ഇങ്ങനെ അനാഥരാകുന്ന കുഞ്ഞുങ്ങളുടെ ജീവൻ ഈജിപ്തിൽ നൈൽ നദിയിൽ അവസാനിച്ചിരുന്നു എന്ന് അവൾക്ക് അറിയാമായിരുന്നു. അവൾ ആ കുഞ്ഞിനെ തന്റെ താമസസ്ഥലത്തേക്ക് കൊണ്ടുപോന്നു.

ആദ്യമൊന്നും കാര്യമായ പ്രശ്നങ്ങൾ ഉണ്ടായില്ല. എന്നാൽ കുഞ്ഞ് നിർത്താതെ കരയാൻ തുടങ്ങിയപ്പോൾ ലില്ലിയന് താമസിക്കാൻ ഇടം നൽകിയ മിഷനറി ദമ്പതികൾക്ക് അതു അസഹ്യമായി തോന്നി. പക്ഷേ ലില്ലിയൻ തന്റെ ബോധ്യത്തിൽ ഉറച്ചുനിന്നു. സഹായത്തിന് ആരുമുണ്ടായിരുന്നില്ല എങ്കിലും അവൾ തനിയേ ഒരു വീട് വാടകയ്ക്കെടുത്ത് ആ വീട്ടിലേക്കു കുഞ്ഞുമായി താമസം മാറ്റി. 'ദൈവം തനിക്കു വേണ്ടി കരുതും' എന്ന് അവൾ വിശ്വസിച്ചു. പിന്നീട് 50 വർഷങ്ങൾ പിന്നിട്ടപ്പോൾ ആയിരക്കണക്കിന് അനാഥക്കുട്ടികൾ ലില്ലിയന്റെ തണലിലൂടെ വളർന്നു വന്നു ജീവിതം കെട്ടിപ്പടുത്തു. ആയിരത്തിയിരുന്നുറോളം കുട്ടികൾക്ക് പ്രതിദിനം അഭയം നൽകുന്ന ഒരു വലിയ സ്ഥാപനമായി മാറി അവൾ ആരംഭിച്ച ഈജിപ്റ്റിലെ 'അസ്യൂട്ട് ഓർഫനേജ്' എന്ന അനാഥാലയം....! എങ്ങനെയുണ്ട്?

ഒരു മിഷനറി ആകാനുള്ള ദൈവവിളി ലില്ലിയൻ ഹണ്ട് ട്രേഷറിന് ഇരുപത്തിരണ്ട് വയസ്സുള്ളപ്പോൾ ഉണ്ടായതാണ്. അവളുടെ വിവാഹം നിശ്ചയിച്ച സമയമായിരുന്നു അത്. വിവാഹത്തിന് ഏതാണ്ട് കുറച്ച് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെയാണ് അവൾ ഒരു മിഷനറി സമ്മേളനത്തിൽ പങ്കെടുത്തത്. അതുവരെ അവൾ ദൈവത്തോട് പ്രാർത്ഥിച്ചതിന് ഒരു മറുപടിയായി അവളുടെ ജീവിതത്തിലെ ദൈവഹിതം വ്യക്തമായ സമയമായിരുന്നു അത്. തുടർന്ന് അവൾ ഈജിപ്റ്റിലേക്ക് പോകാനാണ് തന്റെ ആഗ്രഹം എന്ന് പ്രതിശ്രുതവരനായ ടോം ജോർഡനോട് പറഞ്ഞു. അദ്ദേഹം ഒരു ക്രിസ്തീയ ശുശ്രൂഷകനായിരുന്നെങ്കിലും ഈജിപ്റ്റിലേക്ക് മിഷനറിയായി പോകുന്ന കാര്യം അദ്ദേഹത്തിനു സമ്മതമായില്ല. ഇരുവരും പരസ്പരം സ്നേഹിച്ചിരുന്നു എങ്കിലും ദൈവേഷ്ടം വ്യക്തമായി മനസ്സിലായ ലില്ലിയൻ തന്റെ വിളി

യിൽ നിന്നു പിന്മാറാൻ തയ്യാറായില്ല. ഒടുവിൽ താൻ വളരെ നാളുകളായി സ്വപ്നം കണ്ട വിവാഹജീവിതം അവൾ എന്നെന്നേക്കുമായി യാഗപീഠത്തിൽ വച്ചു. ഈജിപ്തിലേക്കു പോകാനായി തുനിഞ്ഞു. ആരും സഹായമില്ലെന്നറിഞ്ഞപ്പോൾ ബന്ധുക്കളും ലില്ലിയനെ വിലക്കി. പിന്നീട് ഒരവസരം ലഭിച്ചപ്പോഴാണു ലില്ലിയൻ ഒരു മിഷനറി ദമ്പതികളോടൊപ്പം ഈജിപ്റ്റിലേക്കു പോയത്.

ദൈവഭക്തരായ മാതാപിതാക്കളുടെ മൂത്ത മകളായി അമേരിക്കയിലെ മസാച്ചുവേറ്റ്സിൽ 1887 ലാണു ലില്ലിയന്റെ ജനനം. അന്ന് അവളുടെ മാതാപിതാക്കൾ ധനികരായിരുന്നു. എന്നാൽ ആഭ്യന്തര യുദ്ധം മൂലം അവളുടെ ബാല്യത്തിൽ തന്നെ അവർ ദരിദ്രരായി മാറി. മസാച്ചുവേറ്റ്സിലെ കൊട്ടാരസമാനമായ വീട്ടിൽനിന്നും ജോർജ്ജിയയിലെ ഒരു ചെറിയ വീട്ടിലേക്ക് അവർ താമസം മാറ്റി. ഒരു കുട്ടിയായിരുന്ന ലില്ലിയൻ ഈ മാറ്റത്തിൽ സന്തോഷിച്ചു. കാരണം പുതിയ വീടിനടുത്ത് അവൾക്ക് ഓടിക്കളിക്കാൻ മരങ്ങൾ നിറഞ്ഞ ധാരാളം സ്ഥലം. നീന്താൻ ചെറിയൊരു തടാകം. കുതിരസവാരി നടത്താനും പറ്റിയ സ്ഥലം.

ദൈവവിശ്വാസം ഉള്ളിൽ അടിയുറച്ച ലില്ലിയൻ ഒരു ദിവസം മരങ്ങൾക്കിടയിലൂടെ നടക്കുകയായിരുന്നു. പതിനൊന്നു വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന അവൾക്ക് ആ ദിവസം ഒരു പ്രത്യേകതയുള്ളതായി തോന്നി. കാരണം മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ അന്ന് അവൾക്ക് ദൈവസാന്നിധ്യം വളരെ അടുത്തനുഭവപ്പെട്ടു. അവൾ മരങ്ങൾക്കിടയിൽ മുട്ടുകുത്തി ഇങ്ങനെ പ്രാർത്ഥിച്ചു: "കർത്താവേ, ഞാൻ അങ്ങയുടെ മകളായി മാത്രം ജീവിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ചെയ്യേണ്ടതിനായി അങ്ങ് നിയോഗിച്ച പ്രവൃത്തി ഏതാണെന്ന് ദയവായി എന്നെ അറിയിച്ചാലും. ഞാൻ അത് അനുസരിക്കാം." ദൈവത്തോട് പറഞ്ഞ വാക്ക് അനുസരിക്കാൻ ദൈവം കൊടുത്ത അവസരമായിരുന്നു ഈജിപ്തിലെ അസ്യൂട്ടിൽ അവൾക്കു കൈ വന്നത്.

ലില്ലിയൻ ഈജിപ്റ്റിൽ എത്തി വൈകാതെ അവളെ മറ്റു മിഷനറിമാർ അവഗണിച്ച ശുശ്രൂഷ ഏറ്റെടുക്കുന്നതിലേക്കു ദൈവം നടത്തി. അവൾ ആരംഭിച്ച 'അസ്യൂട്ട് ഓർഫനേജ്' ഈജിപ്റ്റിലെ ആദ്യത്തെ അനാഥാലയമായിരുന്നു. സമൂഹത്തിലെ അനാഥരും ഉപേക്ഷിക്കപ്പെട്ടവരും അംഗവൈകല്യം സംഭവിച്ചവരുമായ കുട്ടികളെയെല്ലാം 'അസ്യൂട്ട് ഓർഫനേജി'ൽ ജാതിമതഭേദ മേന്യേ അവൾ സ്വീകരിച്ചു....

അനാഥാലയത്തിന്റെ ആരംഭവർഷങ്ങൾ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ആദ്യത്തെ വർഷം തന്നെ അവൾക്ക് ഒരു തിരിച്ചടി നേരിട്ടു. 'ബ്യുബോണിക് പ്ലേയ്ഗ്' എന്നറിയപ്പെടുന്ന പകർച്ചവ്യാധി വ്യാപിച്ച ഒരു കുട്ടി അനാഥാലയത്തിൽ ചേരുകയും ഈ രോഗം മറ്റുള്ള കുട്ടികളിലേക്ക് പടരുകയും ചെയ്തു. അധികാരികൾ ഇടപെട്ട് അനാഥാലയം താൽക്കാലികമായി അടച്ചിട്ടു. രോഗം ബാധിച്ച ലില്ലിയൻ ചികിത്സാർത്ഥം അമേരിക്കയിലേക്ക് മടങ്ങി.

അനാഥാലയത്തിന്റെ പ്രരംഭവർഷങ്ങളിൽ പ്രദേശവാസികളായ ജനങ്ങൾക്ക് ലില്ലിയന്റെ പ്രവർത്തനങ്ങളിൽ വിശ്വാസം ഉണ്ടായിരുന്നില്ല. ലില്ലിയൻ കുട്ടികളെ അടിമകളായി

അമേരിക്കയിലേക്ക് കൊണ്ടുപോകും എന്ന് അവർ ധരിച്ചു. ഈജിപ്റ്റിൽ അന്നു നിലനിന്നിരുന്ന സാമൂഹിക പശ്ചാത്തലം ഈ സംശയം ബലപ്പെടുത്തുകയും ചെയ്തു.

പക്ഷേ അമേരിക്കയിൽ തന്റെ ചികിത്സ പൂർത്തിയാക്കി ഈജിപ്റ്റിൽ തിരികെയെത്തിയ ലില്ലിയൻ കാര്യങ്ങൾ വ്യത്യാസപ്പെടുന്നതു ക്രമേണ കണ്ടുതുടങ്ങി. അനാഥാലയത്തിന് ഉൾക്കൊള്ളാൻ കഴിയാവുന്നതിലധികം പിഞ്ചുകുട്ടികൾ ഓരോ ദിവസവും വന്നുകൊണ്ടിരുന്നു. ഓരോ ആഴ്ചയിലും നാലോ അഞ്ചോ കുട്ടികളെയെങ്കിലും സ്ഥലപരിമിതമൂലം തിരികെയയക്കേണ്ടി വന്നു. അനാഥാലയത്തിന്റെ രണ്ടാം വർഷത്തിൽ കുട്ടികളുടെ എണ്ണം അമ്പത് ആയി ഉയർന്നു.

കുട്ടികൾ കൂടിത്തുടങ്ങിയപ്പോൾ വാടകവീട്ടിൽ സ്ഥലം പോരാതെയായി. അനാഥാലയത്തിനായി ഒരു സ്ഥലവും കെട്ടിടവും വാങ്ങാൻ ലില്ലിയൻ നിശ്ചയിച്ചു. വിശ്വാസത്താൽ അവൾ നടത്തിയ ചുവടുവെപ്പിന് ദൈവം നൽകിയ പിന്തുണയായി അവൾക്ക് അര ഏക്കർ സ്ഥലം ദാനമായി ലഭിച്ചു. തുടർന്ന് കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അതു പൂർത്തിയാക്കാൻ ആവശ്യമായ പണം അവൾക്കു സംഭാവനയായി ലഭിക്കുകയും ചെയ്തു.

അനാഥാലയത്തിലെ കുട്ടികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുകൊണ്ടിരുന്നു. ആരാലും അറിയപ്പെടാത്ത ഒരു മിഷനറിയായി അനേക വർഷങ്ങൾ ലില്ലിയൻ അനാഥക്കുട്ടികൾക്കിടയിൽ കഴിഞ്ഞു. അനാഥാലയത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായുള്ള പണം മിക്കപ്പോഴും

**ലില്ലിയൻ അനാഥാലയത്തിലെ മറ്റ് ജോലിക്കാരോടൊപ്പം കുട്ടികൾക്കുവേണ്ട ഭക്ഷണവും മറ്റും ശേഖരിക്കാനായി കഠിന പ്രയത്നം ചെയ്തു. യുദ്ധം മൂലമുണ്ടായ വിലക്കയറ്റവും സാധനങ്ങളുടെ ദൗർലഭ്യവും അനാഥാലയത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. പണമോ ആഹാരമോ ലഭ്യമാകാത്തതു മൂലം ചുട്ടു പൊള്ളുന്ന വെയിലിൽ അവൾ കഴുതപ്പുറത്തു യാത്ര ചെയ്ത് അനാഥർക്കായി പണവും സാധനങ്ങളും തേടി.**

ദുർലഭമായിരുന്നു.

ചില വർഷങ്ങൾ കടന്നുപോയി. പെട്ടെന്ന് ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. അതോടെ വിദേശ മിഷനറിമാരെ ഈജിപ്റ്റിൽനിന്നും തുരത്തുകയെന്നത് തദ്ദേശവാസികളുടെ മുറവിളിയായി. ലില്ലിയനൊഴികെ മറ്റെല്ലാം മിഷനറിമാരും ഈജിപ്റ്റിൽ നിന്നും സ്വദേശങ്ങളിലേക്ക് മടങ്ങി. ലില്ലിയനാകട്ടെ ഈജിപ്റ്റിൽ തന്നെ തങ്ങാൻ അധികാരികളുടെ അനുമതി ലഭിച്ചു. അവൾ അനാഥാലയത്തിലെ മറ്റ് ജോലിക്കാരോടൊപ്പം കുട്ടികൾക്കുവേണ്ട ഭക്ഷണവും മറ്റും ശേഖരിക്കാനായി കഠിന പ്രയത്നം ചെയ്തു. യുദ്ധം മൂലമുണ്ടായ വിലക്കയറ്റവും സാധനങ്ങളുടെ ദൗർലഭ്യവും അനാഥാലയത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. പണമോ ആഹാരമോ ലഭ്യമാകാത്തതു മൂലം ചുട്ടു പൊള്ളുന്ന വെയിലിൽ അവൾ കഴു

**വചനദീപം**

# ലോകത്തിന്റെ ആത്മാവിനെതിരെ

**എ. ഡബ്ലിയു. ടോസർ**

**ലോക**ത്തോടുള്ള ഒരു ക്രിസ്ത്യാനിയുടെ നിലപാടു സംബന്ധിച്ച്, തിരുവചനം എത്രയും വ്യക്തമാണ്. എന്നാൽ മിക്ക വിശ്വാസികളും ഈ കാര്യം വ്യക്തമാകാത്തവിധമാണു പെരുമാറുന്നത്. ഇതിനു കാരണം, തിരുവചനത്തിന്റെ അവ്യക്തതയല്ല, മറിച്ച് തിരുവചനത്തെ സഗൗരവം സ്വീകരിക്കായ്കയാണ്. ക്രിസ്തുവിന്റെ അനുയായികൾ എന്നു നാമം ധരിച്ചവർ, ക്രിസ്തുവിനെ ഹൃദയപൂർവ്വം അനുസരിക്കുവാനുള്ള ഒരു തുടക്കമിട്ടാൽ, യാതൊരു ചിന്താക്കുഴപ്പത്തിനും ഇടമുണ്ടായിരിക്കുകയില്ല.

ആദാമ്യ സന്തതി, അന്യോന്യം വഴക്കും മത്സരവുമുള്ളവരാണെങ്കിലും, പ്രകൃതംകൊണ്ടും, ജീവിതപ്രമാണം കൊണ്ടും അവർ തികച്ചും ഒന്നാണ്. ഒരുവനിൽ, പരിശുദ്ധാത്മാവ് അധിവസിക്കുവാൻ തുടങ്ങുന്നതോടെ, ഈ ഐക്യതയ്ക്ക് ഇളക്കം തട്ടുന്നു. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. 'നിങ്ങൾ ലോകക്കാരായിരുന്നുവെങ്കിൽ, ലോകം തനിക്കുള്ളതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാർ അല്ലാത്തതിനാലും, ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തിരിക്കയാലും ലോകം

---

തപ്പുറത്തു യാത്ര ചെയ്ത് അനാഥർക്കായി പണവും സാധനങ്ങളും തേടി. ഈജിപ്റ്റിലെ സമ്പ്രദായമനുസരിച്ച് താഴ്ന്നനിലവാരത്തിലുള്ള ആളുകൾ മാത്രമേ കഴുതപ്പുറത്തു യാത്ര ചെയ്യുമായിരുന്നുള്ളൂ. ലില്ലിയൻ അതൊന്നും കണക്കിലെടുത്തതേയില്ല. ചിലപ്പോൾ ഈ യാത്രകൾ ദിവസങ്ങളോളം നീണ്ടുനിന്നു. രാത്രികളിൽ അവൾ സുരക്ഷിതമായ സ്ഥലം എന്ന നിലയിൽ പോലീസ് സ്റ്റേഷനുകളിലും ജയിലുകളിലും അന്തിയുറങ്ങി.

വിളവെടുപ്പ് സമയം വന്നപ്പോൾ ധാരാളംപേർ പണവും ഭക്ഷണസാധനങ്ങളും സംഭാവനയായി നൽകി. ഗ്രാമങ്ങൾ തോറും ചുറ്റിസഞ്ചരിച്ച അവൾ ഗ്രാമത്തലവന്മാരുടെയും ഗ്രാമവാസികളുടെയും പ്രശംസ പിടിച്ചുപറ്റി. അവർ ലില്ലിയനെ വിശ്വസ്തയായി കണക്കാക്കുകയും ചെയ്തു.

യുദ്ധസമയത്ത് അനാഥാലയത്തിലെ കുട്ടികളുടെ എണ്ണം ഇരട്ടിയായി. പുതുതായി വരുന്നവർക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി അനാഥാലയത്തിൽ മുറികൾ കൂട്ടിച്ചേർക്കുകയെന്നതും ഒരു പതിവായി. യുദ്ധക്കെടുതികളുടെ ഫലമായി. അനാഥരായി എത്തുന്ന കുട്ടികളെ ലില്ലിയൻ സന്തോഷത്തോടെയാണു സ്വീകരിച്ചത്. യുദ്ധത്തിനൊടുവിൽ പകർന്നു പിടിച്ച പകർച്ചവ്യാധി മൂലം അനാഥാലയത്തിലേക്ക് വന്ന കുട്ടികളുടെ എണ്ണത്തിൽ വീണ്ടും ഗണ്യമായ വർദ്ധനയുണ്ടായി.

(തുടരും)

**നോബിൾ മാത്യു**

❖

നിങ്ങളെ പകെക്കുന്നു.' ദാസിയുടെ മകനും, സ്വതന്ത്രയുടെ മകനും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചുകൊണ്ടു പൗലൊസ് ഇങ്ങനെ പറഞ്ഞു. 'അന്നു ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിച്ചതുപോലെ, ഇന്നും കാണുന്നു.' (ഗലാ. 4:29).

സഭയെയും ലോകത്തെയും വിഭജിക്കുന്ന ഒരു സൂക്ഷ്മരേഖ, പുതിയനിയമത്തിന്റെ ആദിയോടന്തം ഉണ്ട്. ഇതിന്റെ നടുവിൽ ഒരു നിഷ്പക്ഷ മേഖലയില്ല. ധനവാനായ മനുഷ്യന്റെയും, ലാസറിന്റെയും ഇടയിലുണ്ടായിരുന്ന ആ വലിയ പിളർപ്പ് തന്നെയാണ് യഥാർത്ഥ ക്രിസ്ത്യാനിക്കും, ലോകത്തിനും ഇടയിൽ ഇന്നുള്ളത്. വീണ്ടെടുക്കപ്പെട്ടവരുടെ ലോകവും, വീഴ്ചയിലായിരിക്കുന്നവരുടെ ലോകവും തമ്മിൽ ഇത്രയും തന്നെ അകലമുണ്ട്!

ലോകത്തിന്റെ ആത്മാവ് അതിശക്തമാണ്. പുകഞ്ഞ വസ്തുവിൽ പുകയുടെ ഗന്ധം എത്രമാത്രം വിട്ടുമാറാത്തതോ, അത്രമാത്രം, നമ്മെ പറ്റിപ്പിടിക്കുന്ന ഒന്നാണ് ലോകത്തിന്റെ ആത്മാവ്. ഏതു സന്ദർഭത്തിനും അനുയോജ്യമായ രൂപവും ഭാവവും സ്വീകരിപ്പാൻ ലോകത്തിനു കഴിയും. ആത്മാർത്ഥതയുടെ മുഖംമൂടി ധരിച്ച്, ഏതു സന്ദർഭത്തിനും ആത്മീയത്തിന്റെ ഒരു പരിവേഷം നൽകുവാൻ അതിനു കഴിയും. ഇവ്വിധത്തിൽ, നന്മതിന്മകളെ തിരിച്ചറിയുവാനുള്ള ഇന്ദ്രിയജയം അഭ്യസിച്ചിട്ടില്ലാത്ത ലളിതവിശ്വാസികൾ വഞ്ചിതരാകുവാനും ഇടയാകുന്നു. മനഃസാക്ഷിക്കു ഞെട്ടലേറ്റു, തന്റെ ദുഷ്ടതയുള്ള വഴികളെ പരസ്യമായി ഏറ്റുപറയുവാനും ലോകത്തിനു കഴിയും. അതു മതത്തെ പുകഴ്ത്തിപ്പറയുകയും, തന്റേതായ ലക്ഷ്യങ്ങൾക്കായി സഭയോടു ചങ്ങാത്തം കൂടുകയും ചെയ്യുന്നു. വളരെ ധർമ്മനിഷ്ഠയും, ഔദാര്യവും, ദരിദ്രരോടുള്ള സഹാനുഭൂതിയും പ്രദർശിപ്പിക്കുവാനും അതിനു കഴിയും. എന്നാൽ ക്രിസ്തുവിനും അവന്റെ കർത്തൃത്വത്തിനും ഒരിക്കലും അതിന്മേൽ അധികാരമില്ലാതിരിക്കേണ്ടതിനായി, അത് എത്രയും ജാഗ്രത പുലർത്തും. ഈ കാര്യം മാത്രം, അത് ഒട്ടും സഹിക്കുകയോ, വകവച്ചുകൊടുക്കുകയോ ചെയ്യുകയില്ല. അതെ, ലോകം, ക്രിസ്തുവിന്റെ ആത്മാവിനോടും, സത്യക്രിസ്ത്യാനിത്വത്തോടും, എന്നും ശത്രുത പുലർത്തുകതന്നെ ചെയ്യും.

ഒരു ഭൗതികനു ദൈവാത്മാവിന്റെ കാര്യങ്ങൾ കേവലം ഭോഷത്വവും, യാതൊരു കഴമ്പുമില്ലാത്തവയുമാണ്. അതിനാൽ ആത്മീയതയോട് അവന് മടുപ്പും, പുച്ഛവുമാണ്. ''എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ലല്ലോ. അത് അവനു ഭോഷത്വം ആകുന്നു. ആത്മീയമായി വിവേചിക്കപ്പെടേണ്ടതാകയാൽ, അത് അവന് ഗ്രഹിപ്പാൻ കഴിയുകയില്ല.''

യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ആവർത്തിച്ചു പ്രസ്താവിച്ചിരിക്കുന്ന രണ്ട് പദപ്രയോഗങ്ങളാണ്. 'അവർ', 'നിങ്ങൾ' എന്നുള്ളവ. 'അവർ', എന്നത് ആദാമ്യവർഗത്തെയും, 'നിങ്ങൾ' എന്നത്, എല്ലാം വിട്ടു കർത്താവിനെ അനുഗമിക്കുവാൻ വിളിക്കപ്പെട്ടവരെയും ആണു ചൂണ്ടുന്നത്. അപ്പൊസ്തലൻ, 'മൈത്രിയുടെയും, മമതയുടെയും, മതസഹിഷ്ണുതയുടെയും,' വക്താവല്ലായിരുന്നു. തന്റെ വാക്കുകളും, നിലപാടും

**ക്രിസ്തീയനേതൃത്വത്തിൽ, അറിയിക്കുവാനും പരസ്യപ്പെടുത്തുവാനും കാണിക്കുന്ന വ്യഗ്രത സംബന്ധിച്ചു നാം എന്തു പറയേണ്ടു? ഭരണാധികാരത്തിനുള്ള അഭിലാഷം സംബന്ധിച്ചു നാം എന്തു പറയേണ്ടു? കനമുള്ള 'സ്തോത്രകാഴ്ചകൾ' പ്രതീക്ഷിച്ചുകൊണ്ടുള്ള 'കൈക്കൊടുക്കൽ' സംബന്ധിച്ചു നാം എന്തുപറയേണ്ടു? ക്രിസ്ത്യാനികളുടെ ഇടയിലുള്ള അഹന്തയും സ്വാർത്ഥതയും സംബന്ധിച്ചു നാം എന്തുപറയേണ്ടു? 'ഊതിവീർപ്പിക്കപ്പെട്ട നിലയിൽ ഉയർന്നു പൊങ്ങുകയും,' ഒടുവിൽ, 'പൊട്ടിപ്പോകുകയും,' തൽസ്ഥാനത്തേക്കു വേറൊരു 'അതികായൻ' ഉയർന്നുവരുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരോടൊക്കെയുള്ള വ്യക്തിപൂജ നാം എങ്ങനെ വിശദീകരിക്കേണ്ടു?പൂർണ്ണ സുവിശേഷത്തിന്റെ പ്രചാരകർ എന്നു സ്വയം വിശേഷിപ്പിക്കുന്നവർ, ലജ്ജാകരമായ വിധം ധനവാന്മാരുടെ കൈ മുത്തുന്നതു സംബന്ധിച്ചും നാം എന്തു പറയേണ്ടു?**

വളരെ വ്യക്തമായിരുന്നു. യോഹന്നാന്റെ ഈ ഉപദേശം സ്വീകരിക്കണമെങ്കിൽ, തീവ്രമായ വിശ്വാസം തന്നെ ആവശ്യമാണ്. വേർപാടിന്റെ വിഭജനരേഖ കോട്ടിയും മായിച്ചും, ആരുടെയും അപ്രീതി സമ്പാദിക്കാതിരിക്കുന്നതാണു വളരെ എളുപ്പമുള്ള മാർഗ്ഗം. ക്രിസ്ത്യാനികളെയും, അവിശ്വാസികളെയും ഉൾപ്പെടുത്തി. 'നാം', എന്നു സംബോധന ചെയ്യുകയും, ഭക്തിയുടെ പൊതുവായ പദപ്രയോഗങ്ങൾ ഉപയോഗിച്ച്, എല്ലാവരെയും ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുമാണ് ആദരണീയമായ മാർഗ്ഗം. കൊലപാതകം തൊഴിലാക്കിയിരിക്കുന്നവർ തുടങ്ങി, ദാനിയേൽ പ്രവാചകൻ വരെയുള്ളവരെ ഉൾക്കൊള്ളത്തക്കവണ്ണം ദൈവത്തിന്റെ പിതൃത്വത്തെ വിശാലമാക്കുകയും, എല്ലാവരേയും സ്വർഗ്ഗത്തിൽ കൊണ്ടുപോകുവാനുള്ള മഹാമനസ്കത കാട്ടുന്നവരായിരിപ്പാൻ കഴിയുകയും ചെയ്യും. എന്നാൽ യോഹന്നാൻ ഇവ്വണ്ണം വഞ്ചിക്കപ്പെടുമായിരുന്നില്ല. രക്ഷിക്കപ്പെട്ടവരും നഷ്ടപ്പെടുന്നവരും നിത്യജീവനായും നിത്യലജ്ജയ്ക്കായും ഉണരുന്നവനും അവന്റെ മുമ്പിൽ ഒരു സമ്മിശ്രവിഭാഗം ആയിരുന്നില്ല. ഇവ രണ്ടും അവനു വിഭിന്നവും വ്യത്യസ്തമായിരുന്നു. ഇവയ്ക്കു നടുവിൽകൂടി അവൻ ഒരു രേഖ വരച്ചു. 'അവർ' എന്നും 'നിങ്ങൾ' എന്നും അവൻ അവരെ സംബോധന ചെയ്തു.

ലോകത്തിൽനിന്നുള്ള വേർപാടിലേക്കാണു ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ 'ലോകം' എന്ന പദംകൊണ്ടു നാം അർത്ഥമാക്കുന്നത് എന്താണ്? കേവലം, ബാഹ്യമായ ചില കാര്യങ്ങളായി മാത്രം അതിനെ മനസ്സിലാക്കുവാനും, അങ്ങനെ അതിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാതെപോകുവാനുമുള്ള സാദ്ധ്യത വളരെയാണ്. ലോകമെന്നുള്ളത്, സിനിമാശാലയും, ചീട്ടുകളിയും, മദ്യപാനവും, ചൂതുകളിയുമല്ല— ലോകത്തിന്റെ ഒരു ബാഹ്യരൂപം മാത്രമാണത്. നമ്മുടെ പോരാട്ടം കേവലം ലോകത്തിന്റെ ഗതിക്കെതിരായിട്ടല്ല, മറിച്ച് ലോകത്തിന്റെ ആത്മാവിനെതിരായിട്ടാണ്. ദൈവത്തിൽനിന്നന്യപ്പെട്ടുപോയ

മനുഷ്യപ്രകൃതിയിൽനിന്നുമുത്ഭവിക്കുന്നതും, അതിനാൽ പണിയപ്പെടുന്നതും, അതിനാൽ നിലനിർത്തപ്പെടുന്നതുമായ ഏതും, അതിന്റെ ബാഹ്യരൂപം എന്തായിരുന്നാലും, അതു ലോകമാണ്. അതു ധാർമ്മികമായി അധഃപതിച്ചതാണെങ്കിലും, ധാർമ്മികമായി ആദരിക്കപ്പെടുന്നതാണെങ്കിലും, അത് മദ്യശാലയായി പ്രത്യക്ഷപ്പെട്ടാലും, സഭയെന്ന പേരിൽ പ്രത്യക്ഷപ്പെട്ടാലും, ലോകം തന്നെയാണ്. ഉദാഹരണമായി, തീഷ്ണതയുള്ള മതഭക്തരായിരുന്നെങ്കിലും, പുരാതനകാലത്തെ പരീശന്മാർ, കേവലം ലൗകികർ തന്നെയായിരുന്നു. അവരുടെ മതഘടന പണിയപ്പെട്ടിരുന്നത് ഉയരത്തിൽനിന്നുള്ള പ്രമാണങ്ങളാലല്ല, കീഴെനിന്നുള്ള മാനുഷികപ്രമാണങ്ങളാലാണ്. യേശുവിനെതിരെ അവർ മാനുഷികമായ സമരമുറകൾ ഉപയോഗിച്ചു. സത്യം സ്ഥാപിച്ചുകിട്ടേണ്ടതിനു മനുഷ്യർക്കു പണം നൽകി, നുണ പ്രചാരണത്തിനായി അവരെ ഉപയോഗിച്ചു. ദൈവത്തിനുവേണ്ടി വാദിക്കുന്നതിൽ അവർ പിശാചുക്കളെപ്പോലെ പെരുമാറി. തിരുവചനത്തെ സ്ഥാപിക്കുന്ന ശ്രമത്തിൽ, തിരുവചനത്തിന്റെ പ്രമാണങ്ങളെത്തന്നെ അവർ നിഷേധിച്ചു. ആത്മീയതയെ നിലനിർത്തുന്ന ശ്രമത്തിൽ അവർ അതിനെ ഉപേക്ഷിച്ചു. ഇതിലെല്ലാം ദൈവത്തോടും, യഥാർത്ഥ ഭക്തിയോടുമുള്ള ലോകത്തിന്റെ തനി രൂപം തന്നെയാണു നാം ദർശിക്കുന്നത്.

ഗിരിപ്രഭാഷണം മറ്റൊരു കാലഘട്ടത്തിലേക്ക് ഉദ്ദേശിച്ചതാണ് എന്ന ധാരണ സൃഷ്ടിക്കുന്ന വിധമാണ് സാർവത്രികമായി ഇന്ന് ഉപദേശിക്കപ്പെടുന്നത്. ഗിരിപ്രഭാഷണത്തിലെ സത്യങ്ങളിൽനിന്നും, ഉപദേശങ്ങളിൽനിന്നും, വിളിയിൽനിന്നും, ഇവ്വണ്ണം സഭയെ വിമുക്തമാക്കുന്നവർ, തങ്ങൾ എത്ര വലിയ ദോഷമാണു ചെയ്യുന്നതെന്ന് അറിയുന്നില്ല. പുതുക്കം പ്രാപിച്ചവരുടെ രാജ്യത്തിന്റെ സ്വഭാവ വൈശിഷ്ട്യത്തെക്കുറിച്ചാണ് ചുരുക്കമായി ഗിരിപ്രഭാഷണത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. തങ്ങളുടെ പാപങ്ങൾക്കുവേണ്ടി കരയുകയും, നീതിക്കുവേണ്ടി ദാഹിക്കുകയും ചെയ്യുന്ന, ഭാഗ്യവാന്മാർ തന്നെയാണ് ദൈവരാജ്യത്തിലെ യഥാർത്ഥ പുത്രന്മാർ. സൗമ്യതയോടെ തങ്ങളുടെ ശത്രുക്കളോടു കരുണകാണിക്കുകയും, നിഷ്കളങ്കതയോടെ ദൈവമുഖം ദർശിക്കുകയും ചെയ്യുന്നവരാണവർ. ഉപദ്രവിക്കുന്നവരെ ശപിക്കാതെ അനുഗ്രഹിക്കുകയും, താഴ്മയിൽ തങ്ങളുടെ സൽപ്രവൃത്തികളെ, മനുഷ്യദൃഷ്ടിയിൽനിന്നും മറച്ചു സൂക്ഷിക്കുകയും ചെയ്യുന്നു. എല്ലാവരോടും നിരപ്പും, സമാധാനവും പാലിപ്പാൻ അവർ അത്യന്തം ജാഗ്രതയുള്ളവരായിരിക്കുകയും, തങ്ങളോടു പാപം ചെയ്യുന്നവരോടൊക്കെയും ക്ഷമിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ രഹസ്യജീവിതത്തിൽ ഹൃദയത്തിന്റെ ആഴത്തിൽനിന്നും ദൈവത്തെ സേവിക്കുകയും, പരസ്യമായി തങ്ങൾക്കു ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തിനായി, സഹിഷ്ണുതയോടെ കാത്തിരിക്കുകയും ചെയ്യുന്നു. തങ്ങളുടെ സമ്പത്തുക്കൾ, ബലം ഉപയോഗിച്ചു സംരക്ഷിക്കുന്നതിനേക്കാൾ അവ വിട്ടുകൊടുപ്പാൻ ഒരുക്കമുള്ളവരും, തങ്ങളുടെ നിക്ഷേപം സ്വർഗ്ഗത്തിൽ സ്വരൂപിക്കുന്നവരുമാണവർ. മറ്റുള്ളവരുടെ പ്രശംസ നിഷേധിച്ചുകൊണ്ട്, ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ

ആര് എന്നു ദൈവം നിർണ്ണയിക്കുന്ന നാളിനായി അവർ കാത്തിരിക്കുന്നു.

ഇതു സത്യസന്ധമായ ഒരു വീക്ഷണമെങ്കിൽ, ക്രിസ്തുശിഷ്യന്മാർ തമ്മിൽ സ്ഥാനത്തിനും അധികാരത്തിനും വേണ്ടി മത്സരിക്കുന്നതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? പദവിക്കും മഹത്വത്തിനും വേണ്ടി അവർ സർവ്വസ്വവും നൽകി അന്വേഷിക്കുന്നതു കാണുമ്പോൾ നാം എന്തു പറയേണ്ടു? ക്രിസ്തീയനേതൃത്വത്തിൽ, അറിയിക്കുവാനും പരസ്യപ്പെടുത്തുവാനും കാണിക്കുന്ന വ്യഗ്രത സംബന്ധിച്ചു നാം എന്തു പറയേണ്ടു? ഭരണാധികാരത്തിനുള്ള അഭിലാഷം സംബന്ധിച്ചു നാം എന്തു പറയേണ്ടു? കനമുള്ള 'സ്തോത്രകാഴ്ചകൾ' പ്രതീക്ഷിച്ചുകൊണ്ടുള്ള 'കൈക്കൊടുക്കൽ' സംബന്ധിച്ചു നാം എന്തുപറയേണ്ടു? ക്രിസ്ത്യാനികളുടെ ഇടയിലുള്ള അഹന്തയും സ്വാർത്ഥതയും സംബന്ധിച്ചു നാം എന്തുപറയേണ്ടു? 'ഊതിവീർപ്പിക്കപ്പെട്ട നിലയിൽ ഉയർന്നു പൊങ്ങുകയും,' ഒടുവിൽ, 'പൊട്ടിപ്പോകുകയും,' തൽസ്ഥാനത്തേക്കു വേറൊരു 'അതികായൻ' ഉയർന്നുവരുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരോടൊക്കെയുള്ള വ്യക്തിപൂജ നാം എങ്ങനെ വിശദീകരിക്കേണ്ടു? പൂർണ്ണ സുവിശേഷത്തിന്റെ പ്രചാരകർ എന്നു സ്വയം വിശേഷിപ്പിക്കുന്നവർ, ലജ്ജാകരമായ വിധം ധനവാന്മാരുടെ കൈമുത്തുന്നതു സംബന്ധിച്ചും നാം എന്തു പറയേണ്ടു?

ഈ ചോദ്യങ്ങൾക്കെല്ലാം, ഒറ്റ ഉത്തരം മാത്രമേയുള്ളു. ഈ ബാഹ്യ പ്രകടനങ്ങളിലെല്ലാം നാം ദർശിക്കുന്നത്. 'ലോക'ത്തെയാണ്, സാക്ഷാൽ ലോകത്തെ തന്നെ! ഇതിന്റെയെല്ലാം പിമ്പിലുള്ളത്, യേശുവിനെ ക്രൂശിച്ച അതേ പാപങ്ങൾ തന്നെയാണ്.

ആകയാൽ, ലോകം ഏതു മുഖത്തിൽ പ്രത്യക്ഷപ്പെട്ടാലും, ദുഷിച്ച മുഖത്തോടുകൂടിയോ, പരിഷ്കരിക്കപ്പെട്ട മുഖത്തോടുകൂടിയോ ആയിരുന്നാലും, നാം അതിനെ തിരിച്ചറയുകയും തിരസ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ലോകവുമായുള്ള ഒരു സമ്പൂർണ്ണ വിടപറയൽ എത്രയും അനുപേക്ഷണീയമാണ്. "വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം, ദൈവത്തോടുള്ള ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അതുകൊണ്ട് ഈ ലോകത്തിന്റെ സ്നേഹിതനൊക്കെയും, ദൈവത്തിനു ശത്രുവായിരിക്കുന്നു" (യാക്കോ.4:4)." ലോകത്തെയും, ലോകത്തിനുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, പിതാവിന്റെ സ്നേഹം അവനിൽ ഇല്ല. എന്തുകൊണ്ടെന്നാൽ ജഡമോഹം, കൺമോഹം, ജീവിതത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളവയൊക്കെയും, പിതാവിൽ നിന്നല്ല, ലോകത്തിൽനിന്നു തന്നെയുള്ളതത്രെ (1 യോഹ.2:15-16). ഈ വചനങ്ങൾക്കു വിധേയപ്പെടാതെ, ക്രിസ്ത്യാനികൾ എന്ന നാമം സ്വീകരിപ്പാൻ നമുക്കവകാശമില്ല.

ഹാനോക്ക് തന്റെ തലമുറയിൽ ദൈവത്തോടുകൂടെ നടന്നതുപോലെ നടക്കുവാൻ നാം ഇച്ഛിക്കുന്നുവെങ്കിൽ, ലോകത്തെ തിരിച്ചറിയുകയും അതിനോടു ദൈവഹിതപ്രകാരമുള്ള ഒരു നിലപാടു സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്ത്യാപേക്ഷിതമാണ്.

❖



# REDEFINING BEAUTY

**Sandeep Poonen**

The word beauty is one of the most coveted descriptions that we humans want today. God Himself is known for His beauty (Psalm 27:4). We see amazing displays of beauty in nature, and we see beauty in people, cars, houses, clothes, etc. Given that God Himself created a beautiful world, admiring the beauty in things around us is not automatically a bad thing. So where does the recognition and admiration of beauty become wrong and sinful?

This is where looking to God and His Word for what it says about beauty is useful. The Bible must become our dictionary in finding out the true Divine definition of truth.

I don't know how many of us know this, but the devil was initially perfect in beauty (Ezekiel 28:12). And where did this perfection of beauty come from? From God Himself! Yet, the same one who was perfect in beauty ended up becoming the devil, the most evil of all beings. And it is instructive to see that the one who was perfect in beauty became the most evil of beings because his "heart was lifted up" because of his beauty (Ezekiel 28:17). So his beauty was the very cause for his destruction.

The lesson we can learn from this is that even though beauty is a gift from God, it has a massively destructive ability – to even change a sinless angel into the most evil of beings. This should give us a great healthy fear over all the beautiful things in our lives – whether it is our own physical beauty, the beauty of our children, our houses, clothes, hair, singing, musical talents, and so on. If my heart is lifted up because of anything beautiful that I have, I am in a very dangerous position. I am in danger of a massive fall from grace.

And what helps is for me to redefine beauty by what God finds beautiful. As you will see, what God finds beautiful is VERY DIFFERENT from what we naturally call beautiful. I believe that as we change our definition of beauty to what GOD calls beautiful, we will stop marveling at beauty by what our eyes tell us, but by what God tells us is beautiful to HIM!

**1) A reverence for God**

*Proverbs 31:30 - Charm is deceitful and beauty is vain, but a woman who fears the Lord, she shall be praised*.

The inference from this verse is clear to me. It is the fear of the Lord that

makes someone beautiful, not their charming personality and not their physical features. This is clearly applicable to all women, as they are judged so severely in this world by their physical features. BUT, this has applicability to all of us, and whatever we consider beautiful.

I am safe only when I value my children and even my wife for what makes them eternally beautiful. And I am in danger when I value my children or wife by their physical appearance or their charming (cute) personalities. God is interested in what is in our hearts, not by our physical appearances or our personalities (1 Samuel 16:7). And God is looking for a heart that fears and reverences God. This is what I must remind myself when I am tempted to value the physical beauty of people – what I see in the mirror or the ones around me.

**2) Gracious speech**

*Psalm 45:2 – You are fairer than the sons of men; grace is poured upon Your lips; therefore God has blessed You forever*.

This verse is a prophetic Psalm about Jesus, and the Psalmist says that Jesus is more beautiful (fairer) than all others. And what made Jesus most beautiful is that His speech is overflowing with grace.

This is another definition of beauty that I want to esteem. I don't know how many times we have seen gracious speech as being beautiful and harsh speech as being ugly. This is where I need to renew my mind to what God says. So I want to value the divine beauty of being increasingly perfect in my speech (James 3:2). And I want to make sure that my wife and my children recognize that this is what I value as beautiful. So if I see myself as being physically-attractive, but I find myself having a loose tongue, I must see my ugliness. And if my children speak disrespectfully, I must see the gross ugliness that is being displayed.

**3) Filled with the Spirit of love and service**

*Hosea 14:6 – His shoots will sprout and his beauty will be like the olive tree and his fragrance like the cedars of Lebanon.*

The book of Hosea talks about the adulterous heart of the people of God. But it ends with a beautiful message of hope: A call to return to God, and where He will establish us again. This is the context of Hosea 14:6, where our beauty will be like that of an olive tree.

What is the beauty of the olive tree? It is not the most physically beautiful of trees. But it is a symbol of the oil that comes forth from that true, and oil being a symbol of the Holy Spirit.

So what is the beauty of a Spirit-filled life, where I bear the oil of the Holy Spirit?

· *Psalm 52:8 – But as for me, I am like a green olive tree in the house of God; I trust in the lovingkindness of God forever and ever*

The beautiful Spirit-filled life is a life where I unfailingly trust in God, because of His infinite lovingkindness of God that has already been extended towards me

· *Judges 9:9 - But the olive tree said to them, "Shall I leave my fatness with which God and men are honored, and go to wave over the trees?"*

The beautiful Spirit-filled life is where I hate all desire to control others, and am gripped to live up to my calling of being a blessing to God and others around me. There is a human glamor in ruling over others. This is how we define glory and beauty. But this is what caused the devil to fall. He wanted to ascend and be like God in authority and power. But I want to reject all human definitions of beauty that come from power. I want to have the power of the Holy Spirit to love God and others around me.

**4) A holy and united church**

*Psalms 50:2 - Out of Zion, the perfection of beauty, God has shone forth.*

Zion is a prophetic picture for the New Covenant church today. Sadly, very few Christians have been a part of a church that is beautiful. And very few Christians have faith that their local church can be an increasingly picture of the perfection of beauty.

God desires that the same perfection of beauty that once resided once in the devil (before he became the devil, being lifted up by the pride in his beauty), should be increasingly present in the church. We must see that this is why the devil hates the universal Body of Christ, and also hates every local church that seeks to represent Christ perfectly.

But we don't need to be afraid of the devil. Jesus promises us that the church can go on the attack against the gates of hell and overpower it. And the church has the ability bind those forces of evil in the heavenly places (Matthew 16:18-19). But we as Christians must be convinced of the immense beauty in the local church.

And what makes the church beautiful is what makes God glorious and beautiful – the holiness (Psalm 29:2) and unity (John 17:22) in the Trinity. So we seek to exemplify and glorify the virtues of holiness and unity in the local churches that we choose to be a part of.

Family of God, there is a dire need for us to redefine beauty in accordance to God's Word. We are growing up in a world that is increasingly living by what their eyes see, and defining beauty by their senses (beautiful things to look at, beautiful music or voices to listen to, beautiful foods to taste, beautiful things to touch, beautiful fragrances to smell). And our children are facing an increasing pressure from the world, like no generation before, to pursue these destructive definitions of beauty.

The only hope for our children to live secure healthy lives that are pleasing to God, is if we demonstrate lives that are beautiful to God. We must be gripped by God's definition of beauty. Only if they see this view of beauty in our values and our behavior, will our children have any hope of catching the same view of beauty. Otherwise we will find them discouraged and beaten down by the god of this world – who was perfect in beauty but is now the ugliest of all beings.

May God help us.

❖

സമാധാനമാണു വാഗ്ദാനം ചെയ്തിരിക്കുന്നത്. ലോകത്തിൽ നമുക്കു കഷ്ടം ഉണ്ടെങ്കിലും നമ്മുടെ കർത്താവ് ഈ ലോകത്തെ ജയിച്ചിരിക്കുന്നു. ലോകത്തിൽ നമുക്കു കഷ്ടം ഉള്ളതിനാൽ ആ സാഹചര്യത്തിലല്ല (not in the circumstance) നമ്മുടെ സമാധാനം. മറിച്ച് ലോകത്തെ ജയിച്ച കർത്താവു നമ്മോടൊപ്പം ഉള്ളതിനാൽ ആ കർത്താവിലാണ് (but in the Lord) നമ്മുടെ സമാധാനം. ആ കർത്താവിലാണു നമ്മുടെ സന്തോഷവും ധൈര്യവും (ഫിലി.4:4).

ഇന്നത്തെ വിശ്വാസസമൂഹം കഷ്ടങ്ങളിൽ നിന്നുള്ള വിടുതലിലൂടെ മാത്രം ലഭിക്കുന്ന സമാധാനം, സന്തോഷം, ധൈര്യം എന്നിവയെക്കുറിച്ചു മാത്രമാണു വാചാലരാകുന്നത്. എന്നാൽ കഷ്ടങ്ങളുടെ നടുവിലും സമാധാനവും ധൈര്യവും നൽകുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചാണ് കോരഹ് പുത്രന്മാർക്കു പാടുവാനുള്ളത്. ഇരെച്ചു കലങ്ങുന്ന വെള്ളങ്ങളുടെ നടുവിലും ശാന്തമായി ഒഴുകുന്ന സന്തോഷത്തിന്റെ നദിയാണു നമുക്കുള്ളത്. അതിലാണു നമ്മുടെ ധൈര്യം. ദൈവത്തിന്റെ ഈ പ്രവർത്തനവിധം നമുക്കു സമാധാനം ഉണ്ടാകേണ്ടതിനു കർത്താവ് വിശദീകരിച്ചിരിക്കുന്നതു നമുക്കു യാഥാത്ഥ്യബോധം നൽകട്ടെ!

കർത്താവിന്റെ സാന്നിധ്യം നൽകുന്ന ഉറപ്പിനെപ്പറ്റി ഒരു ദൈവഭൃത്യൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: 'ഈ ലോകത്ത് ലോകമനുഷ്യർക്കും പ്രശ്നങ്ങളും കഷ്ടങ്ങളുമുണ്ട്. യഥാർത്ഥ ക്രിസ്ത്യാനികൾക്കും കഷ്ടങ്ങളും പ്രശ്നങ്ങളുമുണ്ട്. പിന്നെന്താണു വ്യത്യാസം? ഒരു വ്യത്യാസമേയുള്ളൂ: നമുക്കു പ്രശ്നങ്ങളുടെ നടുവിലും കർത്താവുണ്ട്. ലോകമനുഷ്യർക്ക് അതില്ല.' ശരിയല്ലേ? രണ്ടു കൂട്ടരും തമ്മിൽ ഒരേയൊരു വ്യത്യാസം മാത്രം. എന്നാൽ അതു ചെറുതല്ല, വലിയ വ്യത്യാസം തന്നെയാണ്. അതുള്ളതുകൊണ്ടാണ്, വിശ്വാസിക്കു 'കഷ്ടതയിലും പാടുവാനും നഷ്ടമതിൽ കൊണ്ടാടുവാനും' കഴിയുന്നത്. കാരാഗൃഹത്തിൽ അർദ്ധരാത്രിയിൽ 'സന്തുഷ്ടരായി ദൈവത്തെ പാടിസ്തുതിക്കുവാൻ' സാധിക്കുന്നത് ദൈവസാന്നിധ്യത്തിന്റെ ഈ ആന്തരിക ഉറവ നൽകുന്ന ചൈതന്യത്തിലാണ്.

ധൈര്യവും സമാധാനവും നൽകുന്ന സന്തോഷത്തിന്റെ ആന്തരിക ഉറവയായ ഈ ജീവജലനദി എവിടെ നിന്നാണു പുറപ്പെടുന്നത്? സെഖര്യാവ് അതിനെ യെരുശലേമിൽ നിന്നു പുറപ്പെടുന്നതായാണു കാണുന്നത് (14:8). യോവേൽ ഒരു പടികൂടി കടന്ന് അതു യെരുശലേമിലെ ദേവാലയത്തിൽ നിന്നു തന്നെ പുറപ്പെടുന്നതായി കാണുന്നു(3:18). ദേവാലയത്തിലെ ഉമ്മരപ്പടിയുടെ താഴെ നിന്ന് അത് ഒഴുകി വരുന്നതായാണ് യെഹസ്കേൽ കാണുന്ന ദർശനം (47:1). ബൈബിളിലെ അവസാന അധ്യായത്തിലേക്കു വരുമ്പോൾ യോഹന്നാൻ അതിനെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു തന്നെ ഉത്ഭവിക്കുന്നതായി കാണുന്നു (വെളി. 22:1) സെഖ്യര്യാവു മുതൽ യോഹന്നാൻ വരെയുള്ളവർക്ക് പടിപടിയായി വർധിച്ചുവരുന്ന വെളിപ്പാടാണ് ഈ ജീവജലനദിയുടെ ഉത്ഭവത്തെക്കുറിച്ചു ലഭ്യമാകുന്നത്.

ദൈവസിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ഈ ജീവജല നദി വാസ്തവത്തിൽ ദൈവത്തെ തന്നെ പ്രതിനിധാനം ചെയ്യുന്നു. മാത്രമോ? ത്രിയേക

ദൈവത്തിലെ ഓരോ ആളത്വവും അതു തങ്ങൾ തന്നെയാണെന്നു സാക്ഷിക്കുന്നു: താനാണു ജീവജലത്തിന്റെ ഉറവയെന്നു പിതാവു പറയുന്നു (യിരെമ്യാ. 2:13). ജീവജലദാതാവ് താനാണെന്നു പുത്രൻ അവകാശപ്പെടുന്നു (യോഹ. 4:14). ജീവജലത്തിന്റെ നദി പരിശുദ്ധാത്മാവാണെന്നും പറഞ്ഞിരിക്കുന്നു (യോഹ. 7:38,39). ചുരുക്കത്തിൽ ത്രിയേകദൈവത്തിന്റെ മുഴുവൻ സാന്നിധ്യത്തെയും ഈ പ്രവാഹം പ്രതിനിധാനം ചെയ്യുന്നു.

യെരുശലേമിലെ ദേവാലയത്തിലെ ഉമ്മറപ്പടിയുടെ താഴെനിന്നു പുറപ്പെടുന്നതായി കാണുന്ന ഈ ജീവജലപ്രവാഹം വാസ്തവത്തിൽ ദൈവസിംഹാസനത്തിൽ നിന്ന്, അതിനുമപ്പുറത്ത് ത്രിയേക ദൈവത്തിൽ നിന്നു തന്നെയാണ് ഉത്ഭവിക്കുന്നത്. ഈ നദി കഷ്ടതകളുടെ നടുവിൽ നമ്മുടെ ആന്തരിക ഊർജമാണ്. ആത്മാവിൽ നമ്മെ ശക്തിപ്പെടുത്തുന്ന, സമാധാനം നൽകുന്ന, സന്തോഷം പ്രദാനം ചെയ്യുന്ന ഒരു ആന്തരിക സ്രോതസ്സാണ്. തുടർന്നു വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തന്നെ പുറപ്പെടുന്ന ഈ ജീവജലനദി (യോഹ. 7:38) നമ്മിൽ ഒരു സജീവസാന്നിധ്യമാണ്; ആയിരിക്കണം.

സജീവമായ ഈ ദൈവസാന്നിധ്യത്തെക്കുറിച്ച് 'സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെയുണ്ട്, യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗമാകുന്നു' എന്നു കോരഹ് പുത്രന്മാർ സങ്കീർത്തനത്തിൽ രണ്ടിടത്ത് ഒരേപോലെ പറഞ്ഞിരിക്കുന്നു(46:7,11 വാക്യങ്ങൾ കാണുക). 'സൈന്യങ്ങളുടെ യഹോവ' എന്നു ദൈവത്തെ സംബോധന ചെയ്യുമ്പോൾ അതു ദൈവത്തിന്റെ ശക്തിയെയാണു സൂചിപ്പിക്കുന്നത്. 'യാക്കോബിന്റെ ദൈവം' എന്ന പ്രയോഗം ദൈവം ഉടമ്പടിയുടെ ദൈവമാണെന്നും കാണിക്കുന്നു. മൂന്നാമത് ഈ വാക്യത്തിൽ 'ദൈവം നമ്മോടുകൂടെ' എന്നു പറഞ്ഞിരിക്കുന്നത് അവിടുന്ന് 'ഇമ്മാനുവേൽ' ആണെന്നതിലേക്കും വിരൽ ചൂണ്ടുന്നു. അപ്പോൾ ദൈവം സൈന്യങ്ങളുടെ യഹോവയായി യാക്കോബിന്റെ ദൈവമായി ഇമ്മാനുവേലായി നമ്മോടൊപ്പമുണ്ട്. സൈന്യങ്ങളുടെ യഹോവ എന്ന നിലയിൽ അവിടുന്നു ശക്തനാണ്. പക്ഷേ നാം ആഗ്രഹിക്കുന്ന വിധത്തിലായിരിക്കുകയില്ല താൻ ശക്തി വെളിപ്പെടുത്തുന്നത്. ദൈവം ഉടമ്പടിയുടെയും ദൈവമാണ്. പക്ഷേ ഭൗതിക വിടുതലല്ല അവിടുന്ന് ഉടമ്പടി ചെയ്തിരിക്കുന്നതെന്ന് ഓർക്കണം. എന്നാൽ ഏതു സാഹചര്യത്തിലും ദൈവം ഇമ്മാനുവേലായി നമ്മോടൊപ്പമുണ്ട്. ഇതേ സമയം കഷ്ടങ്ങളുടെ നടുവിലാണ് ആ സാന്നിധ്യം പലപ്പോഴും നമുക്കു സജീവമായി മാറുക. 'കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണ' എന്നാണല്ലോ സങ്കീർത്തനക്കാരന്റെ സാക്ഷ്യം (46:1)

46-ാം സങ്കീർത്തനത്തിന്റെ 10-ാമത്തെ വാക്യവും ശ്രദ്ധേയമാണ്- 'മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ.' 'മിണ്ടാതിരുന്ന്' എന്ന ഈ പദത്തിൽ എബ്രായഭാഷയിൽ 'വിട്ടുകളവിൻ' എന്നും അർത്ഥമുണ്ടത്രേ. അങ്ങനെയെങ്കിൽ ദൈവസാന്നിധ്യം നമ്മുടെ ജീവിതത്തിൽ സജീവമായി അറിയുന്നതിനു തടസ്സമായുള്ള എല്ലാ കാര്യങ്ങളേയും വിട്ടുകളവിൻ എന്നാണ് ആ വാക്യം നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ദൈവത്തിന്റെ സാന്നിധ്യത്തിന് എതിരായി വരുന്ന ഏറ്റവും വലിയ തടസ്സം എന്താണ്? യെശയ്യാവ് 57:15ൽ പറയുന്നതു 'ദൈവത്തിനു താഴ്മയും മനോവിനയവുമുള്ളിടത്തേ വസിക്കാൻ കഴിയൂ' എന്നാണ്. അങ്ങനെയെങ്കിൽ നിഗളവും നമ്മുടെ സ്വന്തബലവും സ്വയാശ്രയവുമാണു ദൈവസാന്നിധ്യം അറിയുന്നതിനുള്ള

ഏറ്റവും വലിയ തടസ്സം. കഷ്ടങ്ങളുടെ നടുവിൽ സമാധാനവും ധൈര്യവും നൽകുന്ന സന്തോഷനദിയായി ദൈവത്ത അറിയണമെങ്കിൽ നാം ബലഹീനരാകേണ്ടതുണ്ട്. ദൈവത്തിനു താഴ്മയുള്ളിടത്തേ വസിക്കാൻ കഴിയുകയുള്ളു എന്നു പറയുന്നതുപോലെ ദൈവത്തിന്റെ മറ്റൊരു പ്രത്യേകത ആവർത്തനം 10:18 ൽ നാം കാണുന്നു. അവിടെ നാം വായിക്കുന്നതു ദൈവം അനാഥന്റെയും വിധവയുടെയും പരദേശിയുടെയും പക്ഷത്തായിരിക്കും എന്നാണ്. അനാഥൻ, വിധവ, പരദേശി എന്നിവർക്കു പൊതുവായുള്ളത് എന്താണ്? അവർക്ക് ആരുമില്ല, അവർ തീർത്തും നിസ്സഹായരാണ്, അവർക്ക് ദൈവത്തിലല്ലാതെ മറ്റെങ്ങും ആശ്രയമില്ല- ഈ ഒരു ബലഹീനതയാണ് അവർക്കു പൊതുവായുള്ളത്. (1 തിമൊ. 5:5; ലൂക്കോസ് 18:1-8). ദൈവം നിഷ്പക്ഷനാണെന്നു നാം കരുതുമെങ്കിലും വാസ്തവത്തിൽ ദൈവത്തിനൊരു പക്ഷാപാതിത്വമുണ്ട്. അവിടുന്ന് അനാഥന്റെയും വിധവയുടെയും പരദേശിയുടെയും ഭാഗത്താണ്. നിസ്സഹായരോടാണ് അവിടുത്തെ പക്ഷപാതിത്വം. അതുകൊണ്ട് കഷ്ടങ്ങളിലൂടെ നമ്മെ ബലഹീനരും നിസ്സഹായരുമാക്കി തന്റെ സാന്നിധ്യത്തിന്റെ നിറവുകൊണ്ടു നമ്മെ ആശ്വസിപ്പിക്കാനാണു ദൈവം ആഗ്രഹിക്കുന്നത്. ഇതിനു തടസ്സമായി നമ്മിലുള്ള എല്ലാ ഉയർച്ചയും സ്വയബലവും സ്വയാശ്രയവും കാഠിന്യവും വിട്ടുകളഞ്ഞു (മിണ്ടാതിരുന്ന്) ദൈവത്തെ അറിയാനാണ് കോരഹ് പുത്രന്മാർ 46:10 വാക്യത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

2 കൊരിന്ത്യർ 7:4-6 വാക്യങ്ങളിൽ പൗലൊസ് തന്റെ ഒരനുഭവം പങ്കുവയ്ക്കുന്നതും ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. മക്കദോന്യയിൽ എത്തിയശേഷം എല്ലാവിധത്തിലും കഷ്ടമാണു തങ്ങൾക്കുള്ളതെന്നു പൗലൊസ് ഇവിടെ പറയുന്നു. പുറത്തുയുദ്ധം, അകത്തു ഭയം. ജഡത്തിനും ഒട്ടും സുഖമില്ല. ഈ സാഹചര്യത്തിൽ പൗലൊസ് എളിമപ്പെട്ടു. ഫലം എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം അവരെ ആശ്വസിപ്പിച്ചു. പൗലൊസ് ആശ്വാസം കൊണ്ടുനിറഞ്ഞു. കഷ്ടതയുടെ നടുവിലും സന്തോഷം തനിക്കു നിറഞ്ഞു കവിഞ്ഞു.

നോക്കുക: കഷ്ടത പരിഹരിച്ചിട്ടല്ല പൗലൊസിന് ഇവിടെ സന്തോഷവും ആശ്വാസവും ദൈവം കവിയുമാക്കിയത്. കഷ്ടതയുടെ നടുവിലും തന്റെ സാന്നിധ്യത്തിന്റെ നിറവുകൊണ്ട് അവനെ ധന്യനാക്കാൻ ദൈവം ആഗ്രഹിച്ചു. പക്ഷേ ദൈവത്തിന്റെ പ്രത്യേകത അവിടുത്തേക്ക് എളിയവരെ മാത്രമേ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളു എന്നതാണ്. ഇതിനെക്കുറിച്ചുള്ള ബോധ്യം പൗലൊസിനെ എളിമയിലേക്കും ബലഹീനതയിലേക്കും നയിച്ചു (2 കൊരി. 12:7-9 ചേർത്തു വായിക്കുക.) തുടർന്ന് എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം അവനെ സന്തോഷവും ആശ്വാസവുംകൊണ്ടു നിറച്ചു. ഇരെച്ചുകലങ്ങുന്ന വെള്ളത്തിന്റെ പ്രക്ഷുബ്ധതയ്ക്കു നടുവിലും ഒരു നദിയുടെ സാന്ത്വനം പൗലൊസിനെ തേടിവന്നു. പൗലൊസിന്റെ ഇപ്പോഴത്തെ സാക്ഷ്യം ഇങ്ങനെ: 'ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു. ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു.' (2 കൊരി. 7:14)

കഷ്ടതകളുടെയും നിന്ദകളുടെയും പരിഹാസങ്ങളുടെയും എതിർപ്പുകളുടെയും മലവെള്ളപ്പാച്ചിലിനിടയിൽ കോരഹ് പുത്രന്മാരെപ്പോലെ നമുക്കും പാടാം: 'ഒരു നദിയുണ്ട്. അതിന്റെ തോടുകൾ..... സന്തോഷിപ്പിക്കുന്നു.'

❖

Thought for the month

# STRAIGHTEN UP! LIFT UP YOUR HEAD!

## Santosh Poonen

In Luke 21 Jesus warned us about distressing times that would come. He finished by saying, however, that when things are at their worst, "straighten up and lift up your heads" because our redemption is that much closer (v28). We can take courage from these words of Jesus for anything we are going through. During even the most difficult times, let us not shrink back in fear, but let us pick up the fight even more earnestly.

But, first, let's recognize where our battlefield is. We must always refuse to fight against people, so that we focus our fight only on the spiritual forces of darkness (Ephesians 6:12).

Here are 3 areas in which we must fight the spiritual fight:

**1. Fight to preserve your personal devotion to Jesus.** This must always be most important to us. Let us have a protective jealousy over allowing anything to become more precious to us than Jesus Himself. We must also ensure that we are following the true Jesus of the New Covenant, and not a false "Jesus" (II Corinthians 11:2-4).

**2. Fight for a deeper foundation of love.** When God's people were being led astray by their leaders through conspiracies, God was looking for someone who would stand in the gap (Ezekiel 22:23-30). Let us seek to be such people who bridge gaps with love. When you find a gap between you and your spouse, or between you and another brother/sister, or between two other brothers/sisters, stand in the gap by fighting in prayer for unity.

We will have such a passion for unity only if we love others without hypocrisy (Romans 12:9) – i.e., not just *talking* about love, but actually living it out (I John 3:18). This love is described this way: it never gives up; cares more for others than for self; isn't jealous; doesn't boast; doesn't keep track of the sins of others; always looks for the best; never looks back; keeps going to the end; never dies (I Corinthians 13:4-8). If we are truly honest, however, we will admit that such a love is not humanly possible, and God will allow us to face testing situations to prove this in our lives. If we humbly cry out to God to give us His love, He will pour it out into our hearts through the Holy Spirit (Romans 5:5). And we will find that this love compels us to live out that love toward others (II Corinthians 5:14).

**3. Fight for the people around you.** When Joshua was "old and advanced in years", he started to be at ease. That's why God had to wake him up and speak to him that he hadn't finished the purpose God had given him (Joshua 13:1). It is possible for us to have this same mentality, where we glory in the past. Yet, God wants us to look at the areas around us that are still under the control of Satan, and storm those gates of hell. God has placed each of us in the area where we live for a purpose. May He plant a burden in us for the people around us — our neighbors, coworkers, friends, etc. Let's look for every opportunity to lead people to Christ, and draw them into fellowship in the church so that they can grow as His disciples.

The apostle Paul was a good example of a man who lived this way all the way to the end of his life. A few years before he was martyred, he wrote in Philippians 3:13-14, "I do not regard myself as having laid hold of it yet; but one thing I do: forgetting what lies behind and reaching forward to what lies ahead, I press on toward the goal for the prize of the upward call of God in Christ Jesus."

May we follow Pauls' example as He followed Christ, until the end of our lives. Amen.

JEEVA MOZHIKAL RNI/KERBIL/-2003/21404
September 2018 www.jeevamozhikal.org
Annual Subscription Rs. 150/-
Registered No: KL/KTM/46/2018-20
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-08-2018

# ചരടറ്റ പട്ടം

കൗമാരക്കാരിയായ മകളുടെ ഏറ്റവും വലിയ പരാതി തന്റെ പപ്പാ വളരെ കർശനക്കാരനാണ്, തനിക്കുവേണ്ട സ്വാതന്ത്ര്യം നൽകുന്നില്ല എന്നതായിരുന്നു. ഈ പരാതി അവൾ അമ്മയോടു പറഞ്ഞു. അങ്ങനെ അവളുടെ പപ്പായും അവളുടെ ഉള്ളിലിരിപ്പ് മനസ്സിലാക്കി.

ഒരു ദിവസം പപ്പായും മകളും കൂടി പട്ടം പറത്തുകയാണ്. മകൾ പറഞ്ഞു:"നോക്ക് പപ്പാ, ഈ നൂലാണ് പട്ടത്തെ സ്വാതന്ത്ര്യമായി പറക്കാൻ അനുവദിക്കാത്തത്. അത് എപ്പോഴും പട്ടത്തെ താഴേക്കു വലിക്കുന്നു. നൂലിന്റെ ഈ വലി ഇല്ലാതിരുന്നെങ്കിൽ പട്ടം ഇപ്പോൾ എത്രയോ ഉയരത്തിലെത്തുമായിരുന്നു!"

"ഇല്ല. മോളേ, നീ പറഞ്ഞതു തെറ്റാണ്. ഈ നൂലാണു പട്ടത്തിനു ദിശാബോധം നൽകുന്നത്, ലക്ഷ്യം തെറ്റാതെ പറക്കാൻ അതിനെ സഹായിക്കുന്നത്:" പപ്പാ ചിരിച്ചുകൊണ്ടു പറഞ്ഞു.

മകൾക്കു വിശ്വാസമായില്ല. അവളുടെ തുറിച്ചുനോട്ടം കണ്ടപ്പോൾ "നോക്കു മോളേ" എന്നു പറഞ്ഞ് പട്ടത്തിന്റെ നൂല് പപ്പാ പൊട്ടിച്ചുകളഞ്ഞു. നിയന്ത്രണം വിട്ട പട്ടം ആദ്യം സ്വാതന്ത്ര്യത്തോടെ മുകളിലേക്കു ഒന്നു കുതിച്ചു. പക്ഷേ വേഗത്തിൽ കാറ്റിന്റെ ശക്തിയിൽ കുത്തനെ മറിഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടി കീറിപ്പറിഞ്ഞ് തലകുത്തനെ താഴേക്കു പതിച്ചു.

ഇതു കണ്ട് അന്തം വിട്ടുനിന്ന മകളോട് പപ്പാപറഞ്ഞു: "നീ ഈ പട്ടമാണെന്നു സങ്കൽപ്പിക്കുക. നിന്നെ നിയന്ത്രിക്കുന്ന നൂലാണ് നിന്റെ മാതാപിതാക്കൾ. ഞങ്ങളുടെ നിയന്ത്രണത്തിൽ നിനക്ക് എത്ര ഉയരത്തിലും പറക്കാം. എന്നാൽ ഈ നിയന്ത്രണം മുറിച്ചു കളഞ്ഞാൽ നീ താഴെ വീണു തകർന്നു പോകും."

മകൾ പറഞ്ഞു:"ശരിയാണ് പപ്പാ, ഇപ്പോൾ എനിക്കു മനസ്സിലായി."

(സദൃശ്യവാക്യങ്ങൾ 10:1,12:1)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.